No/303/2021/SRG/LSGD(CC)(2)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിന്റെ (ഓൺലൈൻ) നടപടി കുറിപ്പ്

യോഗം രാവിലെ 10.30-ന് ഓൺലൈനായി ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

14.09.2021 വരെയുള്ള ആകെ പദ്ധതി ചെലവ് 11.39 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 13.56 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് ആലപ്പുഴ ജില്ലയിലും (13.71%) ഏറ്റവും കുറവ് കാസർഗോഡ് ജില്ലയിലുമാണ് (9.19 ശതമാനം) 136.41 കോടി രൂപയുടെ 2306 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 157.35 കോടി രൂപയുടെ 3282 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 12.94 |
| ബ്ലോക്ക് പഞ്ചായത്ത് | 9.48 |
| ജില്ലാ പഞ്ചായത്ത് | 7.57 |
| മുനിസിപ്പാലിറ്റി | 11.11 |
| കോർപ്പറേഷൻ | 10.68 |
| **ആകെ** | 11.39 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | |
|---|---|---|
| 1 | ആലപ്പുഴ | 13.71 |
| 2 | കൊല്ലം | 12.82 |
| 3 | കണ്ണൂർ | 12.65 |
| 4 | പാലക്കാട് | 12.27 |
| 5 | എറണാകുളം | 11.93 |
| 6 | കോഴിക്കോട് | 11.89 |
| 7 | തൃശ്ശൂർ | 11.31 |
| 8 | തിരുവനന്തപുരം | 11.14 |
| 9 | വയനാട് | 11.07 |
| 10 | കോട്ടയം | 10.76 |
| 11 | പത്തനംതിട്ട | 10.67 |
| 12 | ഇടുക്കി | 9.58 |
| 13 | മലപ്പുറം | 9.42 |
| 14 | കാസർഗോഡ് | 9.19 |

**പൊതു വിഭാഗം, SCP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCP | TSP | CFC |
|---|---|---|---|
| 16.68 | 11.29 | 10.04 | NIL |

**തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും**

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 2307 | 107.30 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 463 | 17.42 |
| 3) ജില്ലാ പഞ്ചായത്ത് | 177 | 20.98 |
| 4) മുനിസിപ്പാലിറ്റി | 261 | 6.33 |
| 5) കോർപ്പറേഷൻ | 74 | 5.32 |
| **ആകെ** | **3282** | **157.35** |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് (ശതമാനം) | | |
|---|---|---|---|
| | പുതിയ പ്രോജക്ടുകൾ | സ്പിൽ ഓവർ പ്രോജക്ടുകൾ | ആകെ |
| 1) ഗ്രാമപഞ്ചായത്ത് | 11.17 | 1.77 | 12.94 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 7.80 | 1.69 | 9.48 |
| 3) ജില്ലാ പഞ്ചായത്ത് | 6.09 | 1.48 | 7.57 |
| 4) മുനിസിപ്പാലിറ്റി | 9.63 | 1.47 | 11.11 |
| 5) കോർപ്പറേഷൻ | 8.40 | 2.28 | 10.68 |
| **ആകെ** | **9.68** | **1.71** | **11.39** |

**മുൻ വർഷങ്ങളിൽ ആഗസ്റ്റ് 31-ലെ പദ്ധതി ചെലവ് ശതമാനം**

| | |
|---|---|
| **2014-15** | 7.94 |
| **2015-16** | 5.89 |
| **2016-17** | 0.47 |
| **2017-18** | 17.07 |
| **2018-19** | 23.54 |
| **2019-20** | 18.73 |
| **2020-21** | 29.54 |
| **2021-22** | 11.39 (as on 14.09.2021) |

2. **മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

## 2.1 - 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1.(1) ഖണ്ഡിക (3.9)

സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിലെ കുടുംബങ്ങളെ ഭവന നിർമ്മാണത്തിന് സഹായിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്.

തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താനുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്തും താഴെ തലത്തിൽ പരിശോധന നടത്തിയും റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുമായി ചർച്ച ചെയ്ത് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകി. ഇതുപ്രകാരം 37 ഗ്രാമപഞ്ചായത്തുകളിലാണ് ഈ പ്രശ്നമുള്ളത്. ഈ മേഖലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്താൻ കഴിയാത്ത കുടുംബങ്ങളുടെ എണ്ണവും ഡയറക്ടർ നൽകി. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

**തോട്ടം മേഖലയിലെ ഭവന നിർമ്മാണം - സംബന്ധിച്ച വിവരം**

| ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് | തോട്ടം മേഖലയിലെ ഭവന രഹിത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| **തിരുവനന്തപുരം** | പെരിങ്ങമല | 48 |
| | വിതുര | 151 |
| **കൊല്ലം** | കുളത്തുപ്പുഴ | 112 |
| | ഏരൂർ | 328 |
| | ആര്യൻകാവ് | 203 |
| **പത്തനംതിട്ട** | കൊടുമൺ | 2 |
| | സീതത്തോട് | 148 |
| | മലയാലപ്പുഴ | 168 |
| | അരുവാപ്പുലം | 32 |
| **ഇടുക്കി** | പള്ളിവാസൽ | 320 |
| | മൂന്നാർ | 4465 |
| | ദേവികുളം | 6551 |
| | ശാന്തൻ പാറ | 130 |
| | ചിന്നക്കനാൽ | 1801 |
| | ഉടുമ്പൻചോല | 114 |
| | പീരുമേട് | 925 |
| | ഏലപ്പാറ | 850 |
| | കുമളി | 130 |
| | വണ്ടിപ്പെരിയാർ | 553 |
| | വണ്ടൻമേട് | 73 |
| | ഉപ്പുതറ | 350 |
| | ചക്കുപള്ളം | 46 |
| **എറണാകുളം** | അയ്യമ്പുഴ | 68 |
| **തൃശ്ശൂർ** | ആതിരപ്പള്ളി | 678 |
| | മറ്റത്തൂർ | 21 |
| | വരന്തരപ്പിള്ളി | 221 |
| **വയനാട്** | വൈത്തിരി | 302 |
| | മേപ്പാടി | 481 |
| | മൂപ്പൈനാട് | 385 |
| | നെന്മേനി | 10 |
| | മുട്ടിൽ | 21 |
| | പൊഴുതന | 649 |
| | തിരുനെല്ലി | 3 |
| | തവിഞ്ഞാൽ | 66 |
| | തൊണ്ടർ നാട് | 15 |
| **കാസറഗോഡ്** | മുളിയർ | 2 |
| | പനത്തടി | 15 |
| **ആകെ** | | **19080** |

ഏറ്റവും അധികം ഗുണഭോക്താക്കൾ ഉള്ളത് മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായത്തുകളിലാണ് എന്നു 14.07.2021 ലെ യോഗം വിലയിരുത്തിയ പ്രകാരം ഈ പഞ്ചായത്തുകളുടെ പ്രശ്നം മുൻഗണന നൽകി പരിഹരിക്കണം. എസ്റ്റേറ്റ് പ്രദേശമാണ് ഇവിടെയെങ്കിലും തോട്ടം വക അല്ലാത്ത സ്ഥലം ഇവിടെ ലഭ്യമാക്കാൻ കഴിയും. പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ച ഈ ലിസ്റ്റ് റവന്യൂ വകുപ്പ് സെക്രട്ടറിക്ക് കൂടി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു നൽകണം. സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് പരിശോധിക്കണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു.

ഈ വിഷയം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനും തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കാനും തീരുമാനിച്ചു. ഇതിനുള്ള നടപടി തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.2 10.02.2021 - ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.2. (1) ഖണ്ഡിക (3.13)

2018,2019 പ്രളയത്തിൽ വീടു തകർന്ന കുടുംബങ്ങൾ ഉണ്ട്. ഈ കുടുംബങ്ങൾക്ക് CMDRF/SDRF ൽ നിന്ന് ധനസഹായം നൽകുന്നുണ്ട്. വീടു പൂർണ്ണമായി തകർന്നതോ (Fully Damaged) വാസയോഗ്യമല്ലാതായതോ (Severly Damaged greater than 75%) ആയ വീടുകൾക്ക് 4.00 ലക്ഷം രൂപയാണ് നൽകുന്നത്. എന്നാൽ വീടിന്റെ നാശനഷ്ടം കുറവാണ് എങ്കിൽ ആനുപാതികമായി ധനസഹായത്തിന്റെ നിരക്കും കുറയും. എന്നാൽ ചില സാഹചര്യങ്ങളിൽ കുറഞ്ഞ നിരക്കിൽ SDRF ൽ നിന്നും ലഭിക്കുന്ന സഹായം കൊണ്ട് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. വീട് വീണ്ടും പുനർ നിർമ്മിക്കേണ്ടിവരുന്ന സാഹചര്യത്തിൽ (പുതിയ വീട് നിർമ്മിക്കേണ്ടി വരുമ്പോൾ) SDRF -ൽ നിന്നു ലഭിച്ച തുക എത്രയാണോ അത് കുറവു ചെയ്ത് ലൈഫ് നിരക്കായ നാലു ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ബാക്കി തുക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നൽകാൻ തീരുമാനിച്ചിരുന്നു. ഈ കുടുംബങ്ങൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും പുതിയ വീടു നിർമ്മിക്കുന്നതിന് ധനസഹായത്തിന് അനുമതി നൽകാമെന്നായിരുന്നു 10.02.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം. എന്നാൽ ഇത്തരത്തിൽ എത്രവീടുകൾ ഉണ്ട് എന്ന് കണ്ടെത്തിയതിനുശേഷം ഉത്തരവിറക്കിയാൽ മതിയെന്നു 14.07.2021 ലെ യോഗം തീരുമാനിച്ചു.

ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭകളിലും പ്രളയകെടുതിയിൽ വാസയോഗ്യ മല്ലാത്തവിധം തകർന്ന എത്ര വീടുകൾ ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യഡയറക്ടറും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയിരുന്നു. വാസയോഗ്യമല്ലാത്ത വിധം തകർന്നതും പുനർനിർമ്മിക്കാൻ സർക്കാർ നിശ്ചയിച്ച നിരക്കിൽ 4.00 ലക്ഷം രൂപ എസ്.ഡി.ആർ.എഫിൽ നിന്ന് ലഭിക്കാത്തവരുമായ ഗുണഭോക്താക്കൾ ഉണ്ട്. ഇവർക്ക് SDRF ൽ നിന്ന് എത്ര രൂപ ലഭിച്ചു, സർക്കാർ നിരക്കുപ്രകാരം ഇനിയെത്ര രൂപ ലഭിക്കാനുണ്ട് എന്നീ വിവരങ്ങൾ ശേഖരിച്ച് നൽകാനാണ് ചുമതലപ്പെടുത്തിയത്. ഈ വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസറും ജനപ്രതിനിധികളുമായി സംസാരിച്ച് ആധികാരികത ഉറപ്പാക്കിവേണം റിപ്പോർട്ട്

തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇതു സംബന്ധിച്ച വിവരങ്ങൾ വില്ലേജ് ഓഫീസിൽ ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും അറിയിച്ചു.

പഞ്ചായത്ത് ഡയറക്ടറുടേയും നഗരകാര്യ ഡയറക്ടറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം: -** പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് SDRF ൽ നിന്നും CMRDF ൽ നിന്നു ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ലക്ഷം രൂപ ലഭിക്കും. ഇത്തരം കുടുംബത്തിന് തദ്ദേശഭരണസ്ഥാപനങ്ങൾ ഇനി വിഹിതം നൽകാവുന്നതല്ല. 60 മുതൽ 74 ശതമാനംവരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) SDRF ൽ നിന്നും CMDRF ൽ നിന്നും ആകെ 2,50,000/- രൂപ ലഭിക്കും. എന്നാൽ പലപ്പോഴും ഈ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. ഇത്തരം കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയവീട്ട നിർമ്മിതിക്കായി ബാക്കിവരുന്ന 1,50,000/- രൂപ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാന ത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല. എന്നാൽ 2018, 2019 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ SDRF, CMDRF ൽ നിന്നോ മറ്റു വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റ്ന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട്ടു നിർമ്മാണത്തിനു ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2. (2) ഖണ്ഡിക (4.48.)**

**പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.02.2021-ലെ കത്തും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്ന കുറിപ്പും** (SRG **87**/21 CC /**931**/20)

***പ്രോ.നം. 151/21*** ***അടങ്കൽ - 64,32,720/-രൂപ***

*(CFC Tied Grant - **35,42,040/- രൂപ***

***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 6,90,000/-***

***ജില്ലാ പഞ്ചായത്ത് വിഹിതം - 22,00,000/- രൂപ***

***തനത് ഫണ്ട് 680/- രൂപ)***

***പേര്:- ഗ്യാസ് ക്രിമിറ്റോറിയം***

ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനുള്ള ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവർ (ബഹുവർഷം)ആയി തുടരുന്നുണ്ട്. ഇതിന്റെ നിർമ്മാണം 'സിൽക്ക്'നെയാണ് ഏൽപ്പിച്ചത്. കെട്ടിട നിർമ്മാണം 80 ശതമാനത്തോളം പൂർത്തിയായി. ഗ്യാസ്

ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് ശുചിത്വ മിഷന്റെ അക്രഡിറ്റഡ് ഏജൻസിയല്ല 'സിൽക്ക്'. പ്രോജക്ടിന് ഈ വർഷവും വെറ്റിംഗ് ആവശ്യമായി വന്നിട്ടുണ്ട്. സിൽക്ക് മുഖേന ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത് വെറ്റിംഗ് നടത്തുന്നില്ല. സിൽക്ക്-നെ ഏൽപ്പിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. 10.02.2021 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ഇത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകിയിരുന്നു.

സിൽക്ക് എന്ന സ്ഥാപനത്തിന് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് അക്രഡിറ്റേഷൻ ഇല്ല. നിർമ്മാണ പ്രവർത്തികൾ ആയതിനാൽ ടെണ്ടർ മുഖേനയോ അക്രഡിറ്റഡ് ഏജൻസി മുഖേനയോ ആണ് നടത്തേണ്ടിയിരുന്നത്. ക്രിമിറ്റോറിയത്തിന്റെ ഫർണർ, ചിമ്മിനി എന്നിവ ശുചിത്വമിഷനിൽ എംപാനൽ ചെയ്തിട്ടുള്ള സേവനദാതാക്കൾ മുഖേന മത്സരാധിഷ്ഠിത ടെണ്ടർ ആയി വേണമായിരുന്നു പ്രവർത്തി ചെയ്യേണ്ടിയിരുന്നത് എന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരുന്നു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ട് 14.07.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം പരിശോധിച്ചു. ഇതിന്റെ നിർമ്മാണം പൂർത്തിയായോ, പ്രവർത്തനം തൃപ്തികരമാണോ എന്നിവ പരിശോധിക്കാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ വീണ്ടും ചുമതലപ്പെടുത്തി. ഇതു പ്രകാരം രണ്ടാമത് റിപ്പോർട്ട് നൽകി.

ഇതിന്റെ നിർമ്മാണ പ്രവൃത്തി ഡിപ്പോസിറ്റ് വർക്കായാണ് സിൽക്കിനെ ഏല്പിച്ചത്. എന്നാൽ സിൽക്കിന് ഫണ്ട് കൈമാറിയിട്ടില്ല. പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭിക്കാതെയാണ് ഏജൻസിയുമായി കരാറിലേർപ്പെട്ടത്. നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ വർക്ക് മാത്രമെ പൂർത്തിയായുള്ളൂ. ഫർണ്ണസ്, ചിമ്മിനി എന്നിവയുടെയുള്ള നിർമ്മാണം നടന്നിട്ടില്ല. ഒരു വർഷത്തോളമായി നിർമ്മാണ പ്രവർത്തികൾ നടന്നിട്ടില്ല. ഇവിടെ കാടുപിടിപ്പിച്ച അവസ്ഥയിലാണ്. നിർമ്മാണ പ്രവൃത്തിയുടെ ഫോട്ടോയും എക്സിക്യൂട്ടീവ് ഡയറക്ടർ നൽകി. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം** :-

1) ക്രമവിരുദ്ധമായാണ് SILK നെ പ്രവൃത്തി ഏല്പിച്ചതെന്ന് യോഗം വിലയിരുത്തി. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നു വിശദീകരണം തേടി നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.
2) നിർമ്മാണം SILKനെ ഏല്പിച്ചതിൽ അപാകതയുണ്ടെങ്കിലും ഇതുവരെ ചെയ്ത നടപടിക്ക് സാധൂകരണം നൽകുന്നു. SILK മുഖേന തന്നെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശിക്കുന്നു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഈ പ്രവർത്തി പ്രത്യേകമായി മോണിറ്റർ ചെയ്യണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.3 14.07.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.3. (1) ഖണ്ഡിക (3.3)

സംസ്ഥാനത്ത് ആശ്രയലിസ്റ്റിൽ (അഗതി രഹിത കേരളം) ഉൾപ്പെട്ടതും വാസയോഗ്യമായ ഭവനമില്ലാത്തതുമായ ചില കുടുംബങ്ങൾ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം തദ്ദേശഭരണസ്ഥാപനം തിരിച്ച വിശദമായ റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ നൽകി.

ആകെ 1,53,881 ആശ്രയ കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളത്. ഇവരിൽ 10,193/- പേർ ഭൂമിയുള്ള ഭവനരഹിതരും 5071 പേർ ഭൂരഹിത ഭവന രഹിതരുമാണ്. വീടില്ലാത്ത ആകെ കുടുംബങ്ങൾ 15,264 എണ്ണം. കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകണം. സംസ്ഥാന ലൈഫ് മിഷൻ കർമ്മ സമിതിയിൽ ഇതു സമർപ്പിച്ച് അടുത്ത വർഷത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തി ഇവർക്ക് ഭവനം നിർമ്മിച്ച നൽകാൻ നടപടി സ്വീകരിക്കണമെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോടു നിർദ്ദേശിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ഇതിന്മേൽ തുടർ നടപടി സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.എ/ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

### 2.3. (2) ഖണ്ഡിക (3.4)

ക്ഷീരകർഷകർക്ക് പാലിനുസബ്സിഡിയായി ഒരു ലിറ്റർ പാലിന് 3 രൂപ തദ്ദേശഭരണ സ്ഥാപനങ്ങളും ഒരു രൂപ വകുപ്പുമാണ് നൽകേണ്ടത്. ആകെ ഒരു ലിറ്റർ പാലിന് 4 രൂപ സബ്സിഡി. വകുപ്പിൽ നിന്നു നൽകേണ്ട ഒരു രൂപ ക്ഷീരവികസന വകുപ്പുനൽകുന്നില്ല എന്ന് കൊടുവള്ളി ബ്ലോക്കു പഞ്ചായത്ത് അറിയിച്ചു. ക്ഷീരവികസന വകുപ്പിൽ നിന്ന് പാലിനു സബ്സിഡി നൽകുന്നതിനു തടസ്സമുണ്ടോ എന്നു ക്ഷീര വികസന ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങി നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകി.

പ്ലാൻഫണ്ടിന്റെ അപര്യാപ്തത മൂലം നാളിതുവരെ മുഴുവൻ കർഷകർക്കും എല്ലാ മാസങ്ങളിലും പാലിന് ഒരു രൂപ നിരക്കിൽ സബ്സിഡി നൽകുവാൻ ക്ഷീര വികസന വകുപ്പിന് സാധിച്ചിട്ടില്ല എന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പാലിന് സബ്സിഡി നൽകാൻ ഒരു വർഷം 13.00 കോടി രൂപയാണ് വകയിരുത്തുന്നത്. പ്രതിദിനം 21.42 ലക്ഷം ലിറ്റർ പാലാണ് കർഷകർ ക്ഷീരസംഘത്തിൽ നൽകുന്നത്. എല്ലാവർക്കും സബ്സിഡി നൽകാൻ 72.00 കോടി രൂപയോളം ആവശ്യമായി വരും. അതിനാൽ എല്ലാവർക്കും സബ്സിഡി നൽകാൻ കഴിയുന്നില്ല. ഈ കുറവ് തദ്ദേശഭരണസ്ഥാപനങ്ങൾ നികത്തണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഒരു കർഷകന് പ്രതിവർഷം പരമാവധി നൽകാവുന്ന പാൽ സബ്സിഡി 40,000/- രൂപയാണ്. ഈ പരിധിയും ഒഴിവാക്കണമെന്ന് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**തീരുമാനം** :- തദ്ദേശഭരണസ്ഥാപനങ്ങൾ ഇപ്പോൾ നൽകുന്ന നിരക്ക് (ഒരു ലിറ്റർ പാലിന് 3 രൂപ) വർദ്ധിപ്പിക്കുന്നതും ഒരു വർഷം പരമാവധി നൽകാവുന്ന തുകയുടെ പരിധി മാറ്റുന്നതും പതിനാലാം പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 2.3.(3) ഖണ്ഡിക (3.8)

മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡു വികസന പദ്ധതി പ്രകാരം 1000 കോടി രൂപയുടെ റോഡുപ്രവൃത്തികൾ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിൽ നടക്കുകയാണ്. ഈ പ്രവൃത്തി കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഓരോ ജില്ലയിലും റിട്ടയർ ചെയ്ത ഓരോ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിനായി എസ്റ്റിമേറ്റിന്റെ 0.06 ശതമാനം തുകയാണ് പ്രതിഫലമായി നൽകുന്നത്. ഈ വിഹിതം കണ്ടെത്തേണ്ടത് അതതു പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ നിന്നാണെങ്കിലും ഇത് ഇപ്പോൾ റവന്യൂ വകുപ്പിന്റെ തീരുമാനപ്രകാരം അനുവദനീയമല്ല. മറ്റു രീതിയിൽ തുക കണ്ടെത്തു ന്നതിനു ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ അതതു പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പരിശോധനയ്ക്ക് നിയോഗിക്കപ്പെട്ടവർക്ക് പ്രതിഫലം നൽകാൻ അനുവദിക്കണമെന്ന വിഷയം സംബന്ധിച്ച്.

ഈ വർഷത്തെ ബഡ്ജറ്റിൽ നഗരവികസന മേഖലയിൽ നിർമ്മാണ പ്രോജക്ടുകളുടെ Third Party Quality Monitoring ന് ഒരു സംവിധാനം എന്ന നിലയിൽ 2.00 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇത് ഈ ആവശ്യത്തിനായി ഉപയോഗിക്കാവുന്ന താണെന്നും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് യോഗത്തിൽ അറിയിച്ചു.

**തീരുമാനം**:- മുകളിൽ പറഞ്ഞ 2.00 കോടി രൂപയിൽ നിന്ന് ഇതിനുവേണ്ടിയുള്ള തുക ഉപയോഗിക്കാൻ യോഗം തീരുമാനിച്ചു. ഇതിനാവശ്യമായ തുടർനടപടി തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ ചീഫ് എന്നിവർ സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ളിയു.ബി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**
**3) ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം,**
**സംസ്ഥാന ആസൂത്രണ ബോർഡ്,**
**4) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 2.3. (4) ഖണ്ഡിക (3.10) PEN - ഇല്ലാത്ത നിർവഹണ ഉദ്യോഗസ്ഥർ

നിർവഹണ ഉദ്യോഗസ്ഥർ ബിൽ സമർപ്പിക്കുമ്പോൾ ഡിജിറ്റൽ സിഗ്നേച്ചർ ഈ വർഷം നിർബന്ധമാക്കിയിട്ടുണ്ട്. പെർമനന്റ് എംപ്ലോയി നമ്പർ (PEN) ഉപയോഗിച്ചാണ് ഈ ക്രമീകരണം സാധ്യമാക്കുന്നത്. എന്നാൽ നഗരസഭകളിൽ PEN ഇല്ലാത്ത നിർവഹണ ഉദ്യോഗസ്ഥരുണ്ട് (ഉദാ: ഹെൽത്ത് ഓഫീസർ). ഇവർക്ക് ബിൽ സമർപ്പിക്കാൻ കഴിയുന്നില്ല. ഇതിന് പരിഹാരം ഉണ്ടാക്കണമെന്ന് ട്രഷറി വകുപ്പിനോട് ആവശ്യ പ്പെട്ടിട്ടുണ്ടെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. ഈ വിഷയം പ്രത്യേകമായി പരിഗണിക്ക

ണമെന്നും ആവശ്യമായ നിർദ്ദേശം ട്രഷറി ഡയറക്ടർക്ക് നൽകണമെന്നും ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ PEN നമ്പർ ഇല്ലാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം ധനവകുപ്പിന് നഗരകാര്യ ഡയറക്ടർ നൽകി.

PEN ഇല്ലാതെ തന്നെ ഡിജിറ്റൽ സിഗ്നേച്ചർ ലഭിക്കുമെന്ന് ധനവകുപ്പിന്റെ പ്രതിനിധി അറിയിച്ചുവെങ്കിലും പണ വിതരണ സോഫ്റ്റ് വെയറിൽ ഇതു സാങ്കേതികമായി സാധിക്കില്ല എന്നു യോഗം വിലയിരുത്തി.

**തീരുമാനം:-** ഇതു പരിശോധിച്ച് പ്രശ്നം പരിഹരിക്കണമെന്ന് ധനവകുപ്പിനോടാ
:- വശ്യപ്പെടാൻ യോഗം തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**
**2) ധനവകുപ്പ്**

**2.3. (5) ഖണ്ഡിക (4.10) - കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.02.2021 ലെ കത്ത്** ( SRG- **126/21** CC/927/20)

***പ്രോ.നം.36/21*** ***അടങ്കൽ - 62,33,365/- രൂപ***
***(വികസന ഫണ്ട് – ജനറൽ)***

***പേര് :- ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി***

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 4 രൂപയാണ് സബ്സിഡി നൽകുന്നത്. ഇതിൽ മൂന്നു രൂപ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതവും ഒരു രൂപ ക്ഷീര വകുപ്പിന്റെ വിഹിതവുമാണ്. വകുപ്പിൽ നിന്നുള്ള വിഹിതം ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുഴുവൻ സബ്സിഡിഡിയും (ഒരു ലിറ്റർ പാലിന് നാലു രൂപ) നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2.3 . (6) ഖണ്ഡിക (4.12). കക്കോടി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.02.2021 ലെ കത്തും കക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.10.2020 ലെ** A2-11193/19-**ാം നമ്പർ കത്തും** ( SRG- **124/21** CC/956/20)

2019-20 വർഷം കക്കോടി ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയെ ഉപയോഗിച്ച് വീടുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യം 'നിറവ് വേങ്ങേരി' എന്ന സ്ഥാപനം മുഖേന റീസൈക്ലിംഗ് യൂണിറ്റിലേക്ക് കയറ്റി അയച്ചു. 2019-ലെ പ്രളയത്തെ തുടർന്ന് പ്രതീക്ഷിച്ചതിലും അധികം മാലിന്യം നീക്കം ചെയ്യേണ്ടിവന്നു. ഹരിതകർമ്മസേന മുഖേന 8,10,000/- രൂപ യൂസർ ഫീ ആയി ശേഖരിച്ചു. മാലിന്യം കയറ്റി അയച്ച സ്ഥാപനത്തിന് യൂസർ ഫീ ആയി ലഭിച്ച തുകയായ 8.10 ലക്ഷം രൂപക്ക്പുറമെ 6,00,000/-

കൂടി നൽകണം. ഒരു ലോഡിന് 25,000/- രൂപ ക്രമത്തിൽ 57 ലോഡ് മാലിന്യമാണ് കയറ്റി അയച്ചത്. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

14.07.21 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതു പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- ടെണ്ടറിനു പകരം ക്വട്ടേഷന് ക്ഷണിച്ച് നടപ്പാക്കിയത് അപാകതയാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജനത്തിനായതിനാൽ ആവശ്യപ്പെട്ട അധിക തുക തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തു.

**തീരുമാനം** :- പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ പ്രകാരം തനത് ഫണ്ടിൽ നിന്ന് തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.3. (7) ഖണ്ഡിക (4.28) വൈക്കം നഗരസഭ**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.02.2021-ലെ കത്തും വൈക്കം മുനിസിപ്പൽ എഞ്ചിനീയറുടെ 24.02.2021-ലെ E3 - 2021-ാം നമ്പർ കത്തും അനുബന്ധ രേഖകളും**
(SRG - 155/21 - CC /785/21 )

*പ്രോ.നം. 370/21* *അടങ്കൽ -4,00,000/- രൂപ (CFC - Basic Grant )*

***പേര്:-ശ്രീമൂലം മാർക്കറ്റ് മുറ്റം ടൈൽ പാകൽ എന്ന പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക***

2019-20 വാർഷിക പദ്ധതിയിൽ ശ്രീമൂലം മാർക്കറ്റിന്റെ പുനരുദ്ധാരണം എന്ന പ്രോജക്ട് നടപ്പാക്കിയിരുന്നു. അടങ്കൽ 10.00 ലക്ഷം രൂപ. നിലവിലുള്ള കെട്ടിടത്തിന്റെ റോളിംഗ് ഷട്ടർ, ഭിത്തി അറ്റകുറ്റപ്പണി, ടൈൽ വിരിക്കൽ, പ്ലാസ്റ്ററിംഗ് തുടങ്ങിയവ യായിരുന്നു പ്രവൃത്തികൾ. എന്നാൽ ഇതിനോടൊപ്പം മുറ്റം ടൈൽ പാകാനുള്ള പ്രവൃത്തി കൂടി ചെയ്യാൻ ഭരണസമിതി നിർദ്ദേശിച്ചു. ഇതുപ്രകാരം ടൈൽ ഇടൽ കൂടി നടത്തി . മുറ്റത്ത് ടൈൽ ഇട്ടതിന്റെ തുക നൽകാനാണ് പ്രോജക്ട്. തുക നൽകാൻ അനുമതി സംബന്ധിച്ച്.

ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** - 2018 ലുണ്ടായ പ്രളയത്തിൽ ഈ കെട്ടിടത്തിന്റെ മുറ്റം കേടുവന്നതിനാൽ ടൈൽ പാകൽ കൂടി നടത്തിയാലേ മാർക്കറ്റ് കെട്ടിടം ലേലം ചെയ്യാൻ കഴിയുമായിരുന്നുള്ളു. ഈ സാഹചര്യത്തിൽ കൗൺസിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തി ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. ഇത് പരിഗണിച്ച് തുക നൽകാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം** :- 1) വൈക്കം ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (വൈക്കം മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറാണ്

മുനിസിപ്പൽ എഞ്ചിനീയർ എന്നതിനാൽ) ഈ പ്രവർത്തിയുടെ വാല്യുവേഷൻ നടത്തി അതിന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു.

2) ഇങ്ങനെയുള്ള വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.3. (8) ഖണ്ഡിക (4.31) കാരാക്കുറിശ്ശി ഗ്രാമഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.06.2021 ലെ കത്തും അനുബന്ധരേഖകളും**

(SRG – 223/21 - CC /145/21 )

*പ്രോ.നം. 45/2021* *അടങ്കൽ -38,00,000/-രൂപ*

*(CFC Basic Grant – 29,07,000/-രൂപ*

*തനത് ഫണ്ട് – 8,93,000/- രൂപ)*

**പേര് – പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് (സോളാർ) ലൈറ്റ് സ്ഥാപിക്കൽ.**

കാരാക്കുറിശ്ശി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് (സോളാർ) ലൈറ്റ് സ്ഥാപിക്കാനുള്ള പ്രോജക്റ്റിന്റെ നിർവ്വഹണം സ്റ്റീൽ ഇൻസ്ട്രീസ് ലിമിറ്റഡ് കേരള (SILK) യെ ചുമതലപ്പെടുത്തി. ആദ്യ ഗഡുവായി 8,93,000/- രൂപ നൽകി. നിർമ്മാണം പൂർത്തിയാകുന്ന ഘട്ടത്തിലാണ്. എന്നാൽ SILK എന്ന സ്ഥാപനം പി.എം.സി മാത്രമാണ്. ബാക്കി തുക കൂടി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പി.എം.സി മാത്രമായ SILK എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത നടപടി ചട്ടവിരുദ്ധമാണ് എന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**റിപ്പോർട്ട്** :- ഈ പ്രോജക്റ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ കാരാക്കുറിശ്ശി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്. ഗ്രാമപഞ്ചായത്തിന്റെ 24.08.2020 ലെ 1/12-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഈ പദ്ധതി SILK മുഖേന നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് SILK ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കി. 37,76,060/- രൂപയ്ക്ക് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 04.09.2020 ഉത്തരവ് നമ്പർ SILK/TS/CD/2019-20/233 പ്രകാരമുള്ള സാങ്കേതിക അനുമതിയെ തുടർന്ന് കാരാക്കുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും M/s. SILK ഉം തമ്മിൽ 14.09.2020 ന് 2/21-ാം നമ്പർ കരാറിൽ ഏർപ്പെട്ടു.

SILK ഉം കരാറുകാരനും തമ്മിലുള്ള എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമായിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് 25% തുക അഡ്വാൻസായി നൽകി. നിയമപ്രകാരം ഇത് അനുവദനീയമല്ല. PMC ആയി പ്രവർത്തനങ്ങൾ ഏജൻസികളെ ഏൽപ്പിക്കുമ്പോൾ ഏജൻസികൾക്ക് അനുവദനീയമായ സെന്റേജ് ഇനത്തിലുള്ള തുക ഏജൻസിക്കും

പ്രവർത്തിയുടെ തുക കരാറുകാർക്കുമാണ് അനുവദിക്കേണ്ടത്. ആയതിന് പഞ്ചായത്തും SILK ഉം കരാറുകാരനും തമ്മിൽ tripartite agreement (ത്രികക്ഷി എഗ്രിമെന്റ്) വയ്ക്കേണ്ടതാണ്. ഇങ്ങനെ ത്രികക്ഷി എഗ്രിമെന്റ് വച്ചിട്ടില്ല.

സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ SILK ന് സർക്കാർ ഉത്തരവുകൾ പ്രകാരം തന്നെ Electro Mechanical പ്രവൃത്തികൾ (High Mast / Mini mast / LED lights എന്നിവ ഉൾപ്പെടെ) ഏറ്റെടുക്കാവുന്നതായതിനാൽ M/s. SILK നെ PMC എന്ന നിലയിൽ ഏജൻസിയായി പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളതിൽ അപാകത കാണുന്നില്ല. എ ന്നാൽ ത്രികക്ഷി എഗ്രിമെന്റ് വച്ച് കരാർ പ്രകാരം കരാറുകാരന് മാത്രമെ തുക അനുവദിക്കാൻ പാടുള്ളു.

തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം :-** 1) PMC എന്ന നിലയിൽ SILK, കോൺട്രാക്ടർ, സെക്രട്ടറി എന്നിവർ പരസ്പരം ത്രികക്ഷി എഗ്രിമെന്റ് വയ്ക്കാത്തതും അഡ്വാൻസ് തുക SILK നു നൽകിയതും നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ വീഴ്ചയാണ്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

2) നടത്തിയ പ്രവൃത്തിയുടെ വാല്യുവേഷൻ/മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകേണ്ട തുക SILK കൈപ്പറ്റിയ തുകയിൽ നിന്നു നൽകണം. പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി തുക PMC ആയ SILK ശുപാർശ ചെയ്യുന്ന പ്രകാരം കരാറുകാരന് നേരിട്ടു നൽകണം.

3) PMC എന്ന നിലയിൽ SILK ന് നൽകേണ്ട സെന്റേജ് ചാർജ് ബിൽ തുകയിൽ നിന്ന് നിയമപ്രകാരം കുറവു ചെയ്ത് SILK ന് നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.3. (9) ഖണ്ഡിക 4.55 കാവിലുംപാറ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 06.02.2021 ലെ കത്ത്. (SRG 157/21 - CC/110/2021)**

***പ്രോജക്ട് നം. 131/20*** ***അടങ്കൽ 16,50,000/- രൂപ***
***(ജില്ലാപഞ്ചായത്ത് വിഹിതം 10,00,000***
***തനത് ഫണ്ട് – 6,50,000/-)***

***പേര് – ബഡ്സ് സ്കൂൾ കെട്ടിടനിർമ്മാണം***

2019-20 ലെ ഈ പ്രോജക്ട് വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകാതെ തിരികെ അയച്ചിരുന്നു. ഇതു ശ്രദ്ധയിൽപ്പെടാതെ നിർവ്വഹണ ഉദ്യോഗസ്ഥർ ടെണ്ടർ ചെയ്തു

പ്രവർത്തി പൂർത്തീകരിച്ചു. ഇത് 2020-21 വർഷം സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ ബിൽ തുക നൽകാൻ ഈ വർഷം സ്പിൽഓവർആയി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. അംഗീകാര നടപടി പൂർത്തിയാക്കും മുമ്പ് ടെണ്ടർ ചെയ്ത് പ്രവർത്തി പൂർത്തീകരിച്ചത് പരിശോധിച്ചു റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- 1) 16,50,000/- രൂപ അടങ്കൽ തുകയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തി വെറ്റിംഗിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആണ് അയച്ചത്. 15.00 ലക്ഷം രൂപയിലധികമായതിനാൽ ഇത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കായിരുന്നു നൽകേണ്ടത്. ഈ വിവരം കാണിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ട് വെറ്റിംഗ് നടത്താതെ തിരികെ അയച്ചു. ഇതു ശ്രദ്ധിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകാരം ലഭിച്ചു എന്ന ധാരണയിൽ ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്തി. ഇതു നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഇതു പരിശോധിക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താവുന്നതാണെന്ന് ശുപാർശ ചെയ്യു.

2) ടെണ്ടർ നടപടികൾ പൂർത്തിയാക്കി കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയതിനാൽ കരാർകാരന് ബിൽ തുക നൽകേണ്ടത് നിയമപരമായ ബാധ്യതയായതിനാൽ ടി പ്രോജക്ട് സ്പിൽഓവറായി ഉൾപ്പെടുത്തി കരാറുകാരന് ബിൽതുക നൽകുന്നതിന് അനുമതി നൽകാവുന്നതാണെന്നു ശുപാർശ ചെയ്യു.

**തീരുമാനം** :- 1) ഇത്തരം പിഴവുകൾ ഇനി ആവർത്തിക്കരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ചീഫ് എഞ്ചിനീയർ കർശനമായി നിർദ്ദേശിക്കണം.

2) പഞ്ചായത്തു ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാന ത്തിൽ ഈ പ്രോജക്ടു സ്പിൽ ഓവറായി ഉൾപ്പെടുത്തി തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 3. പൊതുവിഷയങ്ങൾ

**3.1)** പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച 1000 പേരിൽ 5 പേർക്ക് വീതം തൊഴിൽ നൽകുന്ന പരിപാടിയുടെ സമീപനരേഖ യോഗത്തിൽ അവതരിപ്പിച്ചു. സമീപരേഖ യോഗം തത്വത്തിൽ അംഗീകരിച്ചു. ഇത് വിശദമായി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കാൻ വകുപ്പിനെ ചുമതലപ്പെടുത്തി. സർക്കാരിന്റെ വളരെ പ്രധാനപ്പെട്ട ഒരു പരിപാടിയാണ് ഇത്. വിവിധ ഘടക സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങളടക്കമുള്ള ബാങ്കുകൾ തുടങ്ങി എല്ലാ

സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റവും മുന്തിയ പരിഗണന ഈ പരിപാടിക്കു നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.2)** ഐ.കെ.എം സുലേഖ, സാംഖ്യ സോഫ്റ്റ് വെയറിലൂടെ ഓരോ പ്രോജക്ടിന്റെയും സാമ്പത്തികനേട്ടം കൃത്യമായി അറിയാൻ കഴിയും. സാംഖ്യയിലൂടെ ട്രഷറിയിൽ നിന്നു ബില്ല് മാറുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാലാണ് ഈ കൃത്യത ഉള്ളത്. എന്നാൽ ഭൗതിക നേട്ടം ഇതേ രീതിയിൽ അറിയാൻ കഴിയുന്നില്ല. ഭൗതികനേട്ടം രേഖപ്പെടുത്താൻ ഐ.കെ.എം ക്രമീകരണം ചെയ്തിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥർ ഇതു കൃത്യമായി ചെയ്യാറില്ല. ഭൗതിക നേട്ടം കൃത്യമായി അറിയുന്നതിനുള്ള തടസ്സങ്ങളുടെ ചില ഉദാഹരണങ്ങൾ താഴെ പറയുന്നവയാണ്.

i. പ്രോജക്ടിന്റെ പൂർത്തീകരണ പത്രം നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യമായി രേഖപ്പെടുത്താറില്ല.
ii. പൂർത്തീകരണ പത്രം രേഖപ്പെടുത്തുമ്പോൾ യൂണിറ്റുകൾ സംബന്ധിച്ച് ഏകീകൃത സ്വഭാവം പലപ്പോഴും ഇല്ല. ഉദാ- റോഡുകളുടെ വീതിയും നീളവും കിലോമീറ്ററിലും മീറ്ററിലും ചിലപ്പോൾ രേഖപ്പെടുത്തും. അതിനാൽ ഭൗതിക നേട്ടം യാഥാർത്ഥ്യ വുമായി പൊരുത്തപ്പെടുന്നതല്ല. ഒപ്പം സംയുക്ത പ്രോജക്ടുകളുടെ പൂർത്തീകരണം രേഖപ്പെടുത്തുമ്പോൾ ഇരട്ടിപ്പുണ്ടാകുന്നു.
iii. ഭൗതിക നേട്ടം ഒരു തലത്തിലും മോണിറ്റർ ചെയ്യുന്നില്ല. ഓരോ മാസമോ, ത്രൈമാസമോ അവലോകനം ചെയ്താൽ മാത്രമെ കാര്യക്ഷമമാവുകയുള്ളു.

ഇതടക്കമുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ഐ.കെ.എം സോഫ്റ്റ് വെയറിലൂടെ ഭൗതികനേട്ടത്തിന്റെ കണക്ക് കൃത്യമായി എടുക്കാൻ കഴിയും വിധം ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന് തീരുമാനിച്ചു. ഇതു സാധ്യമാക്കുന്നതിന് വിഷയങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് നൽകാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ (വികേന്ദ്രീകൃതാസൂത്രണം), പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ഓഡിറ്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ, ഡയറക്ടർ ജനറൽ സാമ്പത്തികസ്ഥിതിവിവര കണക്ക് വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ്, ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച ഇടക്കാല റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകണം. കമ്മിറ്റിയുടെ കൺവീനർ ആവശ്യമായ തുടർ നടപടി സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**3.3)** വരൾച്ച സമയത്ത് കുടിവെള്ളം വിതരണം നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. മാർച്ച് 31 വരെ 5.50 ലക്ഷം രൂപയും ഏപ്രിൽ 1 മുതൽ മെയ് 31 വരെ 11 ലക്ഷം രൂപയുമാണ് ചെലവഴിക്കാവുന്നത്. ഇതിന്റെ ചെലവിന്റെ വൗച്ചറുകൾ ജില്ലാ കളക്ടർക്ക് നൽകുമ്പോൾ അനുവദനീയ തുക റീ ഇംബേഴ്സ് ചെയ്ത് ലഭിക്കാറുണ്ട്. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മുകളിൽ പറഞ്ഞതിനേക്കാൾ അധിക തുക ചെലവഴിക്കാറുണ്ട്. ഇതിന് സാധൂകരണം സംബന്ധിച് വിഷയം വകുപ്പ തലത്തിൽ

പരിശോധിച്ചാൽ മതിയെന്നും കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ലെന്നും മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ഒരു സർക്കുലർ ആയി തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**3.4)** CC ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേക അനുമതിക്കായി കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാറുമുണ്ട്. പ്രദേശത്തിന്റെ പ്രത്യേകതകൂടി പരിഗണിച്ച് അനുമതി നൽകുകയാണ് പതിവ്. എന്നാൽ ഇങ്ങനെ സ്ഥാപിച്ചിരിക്കുന്ന ക്യാമറകളുടെ പ്രവർത്തനക്ഷമതയും ഇതിന്റെ സഹായത്തോടെയുള്ള മോണിറ്ററിംഗും തദ്ദേശഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തണം. കൂടാതെ സി.സി.റ്റി.വിയുടെ ഗുണനിലവാരം, വില എന്നിവ സംബന്ധിച്ചും പരിശോധന നടത്തണം. സി.സി.റ്റി.വി സ്ഥാപിക്കുമ്പോൾ അതിന്റെ മോണിറ്ററിംഗിന് പോലീസ് സ്റ്റേഷനെകൂടി ഉൾപ്പെടുത്തണം. സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിന് റസിഡൻസ് അസോസിയേഷൻ, സമീപമുള്ള കടകൾ മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണവും സാമ്പത്തികമായി ചെറിയതോതിലെ ങ്കിലുമുള്ള പങ്കാളിത്തവും തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തണം. CC TV സ്ഥാപിക്കുന്നതിന് ഇനി അനുമതി നൽകുമ്പോൾ ഇത്തരം പൊതുജന പങ്കാളിത്തം ഉള്ള പ്രോജക്ടിനെ മുൻഗണന നൽകുകയുള്ളു എന്ന് തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.5) 2021-22 വർഷത്തെ മെയിന്റനൻസ് ഫണ്ടിന്റെ വിഭജനം**

യഥാർത്ഥ ആവശ്യങ്ങൾക്ക് അനുസൃതമായല്ല മെയിന്റനൻസ് ഫണ്ട് വിഭജിച്ച് നൽകുന്നത് എന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾ നിരന്തരം ഉന്നയിക്കുന്ന ഒരു പരാതിയാണ്. ഈ രീതിയ്ക്ക് നടപ്പുവർഷം മുതൽ മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് മൂന്നിലൊന്ന് തുക മാത്രം വിഭജിച്ച് 2021-22-ലെ ബജറ്റിൽ വകയിരുത്തുകയും ആസ്തികളുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചശേഷം പുതിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ജൂലൈ/ആഗസ്റ്റ് മാസത്തോടെ യഥാർത്ഥ വിഹിതം അനുവദിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. മൂന്നിലൊന്ന് തുക മാത്രമേ വിഭജിച്ച് നൽകിയിരുന്നുള്ളൂ എന്നത് കണക്കിലെടുത്ത് പദ്ധതി രൂപീകരണ സമയത്ത് ആശയക്കുഴപ്പം ഒഴിവാക്കാൻ കഴിഞ്ഞ വർഷം (2020-21) അനുവദിച്ച മെയിന്റനൻസ് ഫണ്ടിന് തുല്യമായ തുക അനുസരിച്ച് ഈ വർഷം കൂടി (2021 – 22) ആസ്തി സംരക്ഷണത്തിനുള്ള പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇപ്പോൾ ഭേദഗതി സമയത്തും കഴിഞ്ഞ വർഷത്തെ വിഹിതം അടിസ്ഥാനമാക്കി പദ്ധതി ക്രമപ്പെടുത്താനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

റോഡ് സംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ കുറ്റമറ്റതാക്കുന്ന പ്രക്രിയ കമ്മീഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി റോഡ് മെയിന്റനൻസിനുള്ള വിഹിതം കണക്കാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റോഡിതര ആസ്തികളുടെ ഡാറ്റ ശേഖരിച്ചിട്ടുണ്ടെങ്കിലും അവ കുറ്റമറ്റതാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

റോഡ് മെയിന്റനൻസ് ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നീ രണ്ട് വിഭാഗങ്ങളിലും പുതിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള വിഹിതം

നിശ്ചയിച്ചുകൊണ്ട് അധികം താമസിയാതെ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയും. എന്നിരുന്നാലും സാമ്പത്തിക വർഷത്തിന്റെ പകുതിക്ക് വച്ച് ഇങ്ങനെ ചെയ്യുന്നതിലൂടെ പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കാനിടയുണ്ട്. പദ്ധതി അന്തിമമാക്കുന്നതിന് അവലംബിച്ച വിഹിതവും, പുതിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള വിഹിതവും തമ്മിൽ കാര്യമായ വ്യത്യാസമുണ്ടാകും. വിഹിതം കൂടുതൽ ലഭിക്കുന്നവർക്ക് പ്രയാസമുണ്ടാകില്ല. അവർക്ക് കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുക്കാൻ കഴിയും. എന്നാൽ വിഹിതം ഗണ്യമായി കുറയുന്നവർക്ക് പ്രയാസങ്ങൾ ഉണ്ടാകും. അതിനനുസൃതമായി പ്രോജക്ടുകൾ വെട്ടിച്ചുരുക്കേണ്ടിവരും.

ഈ സാഹചര്യത്തിൽ പുതിയ മാനദണ്ഡമനുസരിച്ചുള്ള ഫണ്ട് വിഭജനം അടുത്ത വർഷം മുതൽ നടപ്പാക്കാൻ തീരുമാനിച്ചു. അതായത് ഈ വർഷം കൂടി മുൻ വർഷങ്ങളിൽ അവലംബിച്ചിരുന്ന അതേ മാനദണ്ഡങ്ങൾ പ്രകാരം മെയിന്റനൻസ് ഫണ്ട് വിഭജിച്ച് നൽകുന്നതിനും ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പുതിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഫണ്ട് വിഭജിക്കുന്ന രീതി അടുത്ത വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനും തീരുമാനിച്ചു.

ധനകാര്യ കമ്മീഷൻ ശുപാർശകൾ ഈ വർഷം മുതൽ നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭ നേരത്തേ തീരുമാനമെടുത്ത വിഷയമായിതിനാൽ ഇത് മന്ത്രിസഭയുടെ അംഗീകാരത്തിനു കൂടി സമർപ്പിക്കാൻ തീരുമാനിച്ചു. ഇതിന് ധനവകുപ്പിന് കുറിപ്പ് നൽകണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)ധനവകുപ്പ്**

### 3.6) ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ്, യാത്രാബത്ത, ഓണറേറിയം

ജില്ലാ ആസൂത്രണസമിതികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് 05.08.2021-ലെ നം.33/2021/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി അടക്കമുള്ള അംഗങ്ങൾക്ക് സിറ്റിംഗ് ഫീയും യാത്രാബത്തയും ചേർത്ത് ആകെ 1000/- രൂപ നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻപ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലാ ആസൂത്രണ സമിതികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് ഇപ്പോൾ പുറപ്പെടുവിച്ച ഉത്തരവിൽ ഇക്കാര്യം പരാമർശിച്ചിട്ടില്ലാത്തതിനാൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി വ്യക്തത വരുത്താൻ തീരുമാനിച്ചു.

1. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി അടക്കമുള്ള അംഗങ്ങൾ ജില്ലാ ആസൂത്രണസമിതി യോഗങ്ങളിലും ജില്ലാ ആസൂത്രണസമിതി സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുമ്പോൾ ഒരു യോഗത്തിന് സിറ്റിംഗ് ഫീ - 600 രൂപ, യാത്രാബത്ത - 400 രൂപ എന്ന നിരക്കിൽ ഭേദഗതി ചെയ്ത് ആകെ 1000 രൂപ നൽകുന്നതിന് തീരുമാനിച്ചു. ഈ നിരക്കിലുള്ള സിറ്റിംഗ് ഫീ, യാത്രാബത്ത എന്നിവ ജില്ലാ ആസൂത്രണസമിതിയുടെ ചെയർപേഴ്സണും നൽകാവുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനിക്കും സിറ്റിംഗ്ഫീയും യാത്രാബത്തയും, അവർ സർക്കാർ ഉദ്യോഗസ്ഥർ ആണെങ്കിൽ കൂടി നൽകാവുന്നതാണ് എന്ന് വ്യക്തത വരുത്തുന്നു. ജില്ലാ ആസൂത്രണസമിതി യോഗത്തിൽ ഓൺലൈനായാണ് പങ്കെടുക്കുന്നതെങ്കിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സിറ്റിംഗ് ഫീ ഇനത്തിൽ 600/- രൂപ നൽകാവുന്നതാണ്.

2. മേൽപ്പറഞ്ഞ ചെലവുകൾക്ക് വേണ്ട തുക 'ജില്ലാ ആസൂത്രണ സംവിധാനം ശക്തി പ്പെടുത്തൽ' എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തി സംസ്ഥാന ആസൂത്രണ ബോർഡ് അനുവദിക്കുന്ന വിഹിതത്തിൽ നിന്നും അനുവദിക്കുന്നതാണ്.
3. ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനിക്ക് (സർക്കാർ ഉദ്യോഗസ്ഥർ അല്ലാതെയുള്ളവർക്ക്) നിലവിൽ അനുവദിച്ചിരുന്ന പ്രതിമാസം ഓണറേറിയമായ 20,000 രൂപ എന്ന നിരക്ക് തുടരുന്നതാണ്. ഇവർക്കുള്ള ഓണറേറിയം കിലയിൽ നിന്നു നൽകികൊണ്ടിരിക്കുന്നത് തുടരേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**3.7)** തദ്ദേശഭരണസ്ഥാപനങ്ങൾ KSEB, KWA, GWD നിർമ്മിതികേന്ദ്ര പോലുള്ള സ്ഥാപനങ്ങൾ വഴി വിവിധ പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഈ ഏജൻസികൾക്ക് തുക മുൻകൂറായി ഡിപ്പോസിറ്റ് ചെയ്താണ് പ്രവർത്തി നടപ്പാക്കുന്നത്. എന്നാൽ തുക ഡിപ്പോസിറ്റ് ചെയ്ത് കഴിഞ്ഞ് പലപ്പോഴും വർഷങ്ങൾ കഴിഞ്ഞാണ് പ്രവർത്തി പൂർത്തിയാക്കുന്നത്. ഇങ്ങനെ ഡിപ്പോസിറ്റ് ചെയ്ത തുക ഉപയോഗിക്കപ്പെടാതെ ഇത്തരം ഏജൻസികളിൽ കിടക്കുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. 2018 ൽ ഇത് കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത് ജില്ലാതലത്തിൽ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ഇപ്പോഴും ഡിപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാറില്ല. ഇതു സംബന്ധിച്ച് താഴെ പറയുന്നചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്നു യോഗം വിലയിരുത്തി.

i. KSEB, KWA തുടങ്ങിയ ഏജൻസികളിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്നത് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല. വർഷാവസാനം പദ്ധതി ചെലവ് ഉയർത്തുന്നതിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾ തുക നേരിട്ട് KSEB, KWA യിൽ ഡിപ്പോസിറ്റ് ചെയ്യും. ഏതാവശ്യത്തിനാണ് തുക ഡിപ്പോസിറ്റ് ചെയ്തിരിക്കുന്നതെന്ന് തദ്ദേശഭരണസ്ഥാപനം ഏജൻസിയെ അറിയിക്കാൻ വൈകും. അതിനുശേഷമാണ് പലപ്പോഴും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഡിപ്പോസിറ്റ് ചെയ്ത തുക എസ്റ്റിമേറ്റിനെക്കാൾ കൂടുതലോ കുറവോ ആകാം.

ii. ഡിപ്പോസിറ്റ് പ്രവർത്തികളുടെ നിർവ്വഹണം തദ്ദേശഭരണസ്ഥാപന തലത്തിലോ, ജില്ലാതലത്തിലോ പ്രത്യേകമായി അവലോകനം ചെയ്യുന്നില്ല. KWA, KSEB തുടങ്ങിയ ഏജൻസികൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഘടകസ്ഥാപനമല്ലാത്തതിനാൽ അവലോകനം പലപ്പോഴും ഫലപ്രദമല്ല.

2017-18 മുതൽ പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശങ്ങൾ തയ്യാറാക്കാനും ജില്ലാ കളക്ടർ പ്രത്യേകമായി ഇടപെട്ടു ഇത് അവലോകനം ചെയ്യാനും നിർദ്ദേശിക്കുന്നു. കൂടാതെ KSEB, KWA, GWD എന്നീ സ്ഥാപന മേധാവികളെ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പ്രത്യേകമായി ക്ഷണിച്ച് പ്രശ്നങ്ങൾ ചർച്ചചെയ്ത് ഡിപ്പോസിറ്റ് പ്രവർത്തികൾ പ്രത്യേകമായി അവലോകനം ചെയ്യാൻ തീരുമാനിച്ചു. ഇതിനായി ജില്ലാതലത്തിൽ ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ KSEB, KWA, GWD, മറ്റ് സമാന ഏജൻസികൾ എന്നിവരുടെയും, തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെയും യോഗം വിളിച്ച് ചേർത്ത് കൃത്യമായ വിവരങ്ങൾ ശേഖരിക്കണം. ജില്ലാ കളക്ടർക്കുവേണ്ടി ഈ വിവരങ്ങൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് നൽകാൻ ജില്ലാ പ്ലാനിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തി. ഇതിന്മേൽ തുടർനടപടി സ്വീകരിക്കാൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫിനെ ചുമതലപ്പെടുത്തി. ക്രോഡീകരിച്ച റിപ്പോർട്ട് ഡി.പി. ഡിവിഷൻ ചീഫ്

കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകണം. ജില്ല തിരിച്ച് താഴെ പറയുന്ന രീതിയിൽ വിവരങ്ങൾ ശേഖരിക്കണം.

**പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് വർക്കുകളുടെ വിവരം**

| ജില്ല | ഏജൻസിയുടെ പേര് | മുൻ വർഷങ്ങളിലെ പ്രവർത്തികൾ | | വർഷം | | | | | | | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 2016-17 വരെ | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | | |
| | | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) |
| | KSEB | | | | | | | | | | | | |
| | KWA | | | | | | | | | | | | |
| | GWD | | | | | | | | | | | | |
| | NIRMITHI KENDRA | | | | | | | | | | | | |
| | Other Agencies | | | | | | | | | | | | |
| | **ആകെ** | | | | | | | | | | | | |

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)എല്ലാ ജില്ലാകളക്ടർമാരും**
**3)സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ്**

## 3.8) ധനകാര്യകമ്മീഷൻ ഗ്രാന്റ് :- സ്പിൽ ഓവർ പ്രോജക്ടുകൾ

പ്രാദേശിക സർക്കാരുകൾ ഒരു വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതും ആ വർഷം നിർവഹണം പൂർത്തിയാക്കാൻ കഴിയാത്തതുമായ പ്രോജക്ടുകൾ അടുത്ത വർഷത്തെ പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തി തുടർന്ന് നടപ്പാക്കാൻ അനുമതിയുണ്ട്. ഇങ്ങനെയുള്ള സ്പിൽ ഓവർ പ്രോജക്ടുകളുടെ പേയ്മെന്റ് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തൻ വർഷത്തെ വിഹിതത്തിൽ നിന്നും നൽകുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അനുവദനീയമായ ക്യാരിഓവർ വിഹിതം സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് അധിക വിഹിതമായി അനുവദിക്കുന്നത്.

നടപ്പ് വർഷത്തെ സംബന്ധിച്ചിടത്തോളം പൊതുവിഭാഗം, സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടിക വർഗ ഉപപദ്ധതി വിഹിതം എന്നിവയിലെ സ്പിൽഓവർ പ്രോജക്ടുകളുടെ പേയ്മെന്റ് നൽകുന്നതിന് നിലവിൽ ബുദ്ധിമുട്ടില്ല. നടപ്പ് വർഷത്തെ വിഹിതത്തിൽ നിന്നും രണ്ട് ഗഡു തുക ഇതിനകം അനുവദിച്ചിട്ടുള്ളതിനാൽ പുതിയ പ്രോജക്ടുകൾക്കൊപ്പം സ്പിൽ ഓവർ പ്രോജക്ടുകളുടെ പേയ്മെന്റും അതിൽ നിന്നും നൽകാൻ

കഴിയും. ഈ വർഷം മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിംഗ് ടൂൾ ആയ ഇ-ഗ്രാംസ്വരാജ് ഉപയോഗിച്ച് ബാങ്ക് അക്കൗണ്ട് മുഖേനയാണ് ചെലവഴിക്കുന്നത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കുള്ള ഈ വർഷത്തെ ആദ്യഗഡു തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റി നിക്ഷേപിച്ചു കഴിഞ്ഞു. ഈ തുക, ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുള്ള പുതിയ പ്രോജക്ടുകൾക്ക് മാത്രമേ വിനിയോഗിക്കാൻ കഴിയുകയുള്ളൂ. ഇതുപയോഗിച്ച് സ്പിൽഓവർ പ്രോജക്ടുകളുടെ പേയ്മെന്റ് നൽകാൻ നിലവിൽ സാധിക്കുകയില്ല.

അതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ള സ്പിൽഓവർ പ്രോജക്ടുകളുടെ ബിൽതുക നൽകാൻ കഴിയുന്നില്ല. കഴിഞ്ഞവർഷം അനുവദിച്ച പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിലെ ബാക്കി തുക പൂർണ്ണമായും ഈ വർഷം ക്യാരി ഓവർ ആയി അനുവദിക്കുന്നതാണെന്ന്, ആറാം സംസ്ഥാനധനകാര്യ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചു കൊണ്ട് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എഫ്.എഫ്.സി ഗ്രാന്റിലെ ക്യാരി ഓവർ വിഹിതം ഇപ്പോൾ അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)ധനവകുപ്പ്**

**3.9) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം**

സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ പങ്കാളികളായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം നിർവഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച് വിനിയോഗിക്കുന്ന രീതിയാണ് മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്നത്. എന്നാൽ ധനവിനിയോഗ നടപടികൾ ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി പങ്കാളികളായ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യ നിർവഹണ സ്ഥാപനത്തിന് അലോട്ട്മെന്റ് നൽകി നിർവഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും ബിൽ മുഖേന പണം മാറി നൽകുന്ന സമ്പ്രദായം 2020-21-ൽ നടപ്പാക്കി. ഇതനുസരിച്ച് ധനവകുപ്പിന്റേയും ഇൻഫർമേഷൻ കേരള മിഷന്റെയും സോഫ്റ്റ് വെയറുകൾ പരിഷ്ക്കരിച്ചിരുന്നു. എന്നാൽ ചില പ്രോജക്ടുകൾക്ക് തടസ്സം നേരിടുന്നതായി തദ്ദേശഭരണ സ്ഥാപനങ്ങൾ പരാതി ഉന്നയിക്കുന്നുണ്ട്. പ്രധാനമായും ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഫണ്ട് കൈമാറ്റത്തിലാണ് പ്രയാസം നേരിടുന്നത്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് ധനകാര്യ വകുപ്പ്, ട്രഷറി വകുപ്പ്, പഞ്ചായത്ത് വകുപ്പ്, എൻ.ഐ.സി, ഐ.കെ.എം, എസ്.ആർ.ജി. എന്നിവരുടെ പ്രതിനിധികളുടെ യോഗം ആഗസ്റ്റ് 4 ന് ചേരുകയും തൽക്കാലം റ്റി.എസ്.ബി അക്കൗണ്ട് മുഖേന വിനിയോഗിക്കുന്ന പഴയ രീതി പുനഃസ്ഥാപിക്കാമെന്നും സോഫ്റ്റ് വെയറിലെ പ്രശ്നം പരിഹരിക്കുന്ന മുറയ്ക്ക് അലോട്ട്മെന്റ് മുഖേന ചെലവഴിക്കുന്ന രീതി നടപ്പാക്കാമെന്നും ധാരണയായിരുന്നു. ധനവകപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം തടസ്സം കൂടാതെ മുന്നോട്ടു കൊണ്ടു പോകാനായി ഇതിന്മേൽ നടപടി സ്വീകരിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പടാൻ തീരുമാനിച്ചു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)ധനവകുപ്പ്**

### 3.10) പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി നിർവഹണവും ചെലവും

പ്രാദേശിക സർക്കാരുകൾ മുഖേന വിനിയോഗിക്കുന്ന പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങൾ വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിനും ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ കർശന വ്യവസ്ഥകൾ ഏർപ്പെടുത്തിയിരുന്നു. എസ്.സി.പി, റ്റി.എസ്.പി തുക നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന്, ചെലവ് ശതമാനത്തിൽ ഉണ്ടാകുന്ന കുറവ് പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ വികസന ഫണ്ട് വിഹിതം പബ്ലിക് അക്കൗണ്ട് മുഖേന ചെലവഴിച്ചിരുന്ന രീതിക്ക് പകരം സഞ്ചിത നിധി മുഖേന ചെലവഴിക്കുന്ന സമ്പ്രദായത്തിലേക്ക് മാറിയ 2015-16 മുതൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഇല്ലാതെയായി. ഈ വ്യവസ്ഥ പുനഃസ്ഥാപിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇത് അംഗീകരിച്ച് ധനവകുപ്പ് താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതനുസരിച്ച് പട്ടികജാതി ഉപപദ്ധതി / പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന തുകയിൽ ചെലവഴിക്കാത്ത ഫണ്ട് (ഷോർട്ട് ഫാൾ) തൊട്ടടുത്ത സാമ്പത്തിക വർഷത്തെ പൊതു വിഭാഗം ഫണ്ടിൽ നിന്ന് പരിഹരിക്കണം. 20 ശതമാനം വരെ ക്യാരി ഓവർ സർക്കാർ അനുവദിക്കും. അതുകഴിച്ചുള്ള സംഖ്യ ആണ് പൊതുവിഭാഗം വിഹിതത്തിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തേണ്ടത്. ഇത് 2020-21 മുതൽ അനുവദിക്കുന്ന ഫണ്ടുകൾക്ക് ബാധകമാണ്. ഈ വ്യവസ്ഥ തദ്ദേശഭരണസ്ഥാപന ങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പ്രസ്തുത ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനും ഇതു സംബന്ധിച്ച് ഒരു സർക്കുലർ പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.11)** തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സംയുക്തപദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഫണ്ട് കൈമാറ്റത്തിലെ കാലതാമസം ഒഴിവാക്കേണ്ടതുണ്ട്. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സംയുക്ത പദ്ധതികളുടെ ഫണ്ട് കൈമാറ്റം സുഗമമവും കാലതാമസവും കൂടെതെയുമാണ് നടത്തുന്നതെന്ന് ജില്ലാ ആസൂത്രണ സമിതികൾ നിരീക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു. സംയുക്ത പദ്ധതികളുടെ ഏകോപനത്തിനായി ജില്ലാ ആസൂത്രണ സമിതികൾ പ്രത്യേകമായി ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

ഇങ്ങനെ രൂപീകരിക്കുന്ന സബ്കമ്മിറ്റിയിൽ ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനിയെ ഉൾപ്പെടുത്തണം. ഇതു ജില്ലാ പ്ലാനിംഗ് ഓഫീസർ മോണിറ്റർ ചെയ്യണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.12)** വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ തദ്ദേശഭരണസ്ഥാപനങ്ങൾ ധനസഹായം നൽകുന്നുണ്ട്. ഒരു മാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രി മുഖേനയാണ് നൽകുന്നത്. ഡയാലിസിസ് ആവശ്യമായ എല്ലാ രോഗികൾക്കും സഹായം നൽകുന്ന രീതിയാണ് തദ്ദേസഭരണസ്ഥാപനങ്ങൾ പൊതുവേ സ്വീകരിക്കുന്നത്. ഫണ്ടിന്റെ പരിമിതി മൂലം ചിലപ്പോൾ ധനസഹായം മുടങ്ങാൻ സാധ്യതയുണ്ട്. ബി.പി.എൽ കുടുംബം, പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിലെ കുടുംബം, മത്സ്യത്തൊഴിലാളി കുടുംബം എന്നിവർക്കു ഈ ധനസഹായത്തിനു മുൻഗണന നൽകുന്ന രീതിയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ

അർഹതാ മാനദണ്ഡ രീതി നിശ്ചയിക്കേണ്ടതാണ്. രോഗികൾക്ക് ബുദ്ധിമുട്ടൊഴിവാക്കാൻ റേഷൻകാർഡ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഇതിനു മുൻപ് മറ്റ് ആവശ്യത്തിനായി വാങ്ങിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് തുടങ്ങി ലളിതമായി ലഭ്യമായ രേഖകൾ ഇതിന് തെളിവായി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.13**) എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങളും പരിഗണിച്ച് സംയോജിത പ്രോജക്ടുകൾ എടുക്കണമെന്ന് അറിയിച്ചിരുന്നു. ഇതിന് ജില്ലാ ആസൂത്രണ സമിതി തലത്തിൽ ഇടപെടലുണ്ടാകണം. ഇങ്ങനെ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിന് 2019-20, 2020-21 വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും ജില്ലകളിൽ നിന്ന് അനുയോജ്യമായ പ്രോജക്ടുകൾ ലഭിച്ചില്ല. അതിനാൽ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. ഈ വർഷം 20.00 കോടി രൂപ ബഡ്ജറ്റിൽ ഈ ആവശ്യത്തിനു വകയിരുത്തിയിട്ടുണ്ട്. സമഗ്രസ്വഭാവമുള്ള സംയോജിത പ്രോജക്ടുകൾ എടുക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി മുൻകൈ എടുക്കണമെന്നും ഇതിനായി മാറ്റി വച്ചിരിക്കുന്ന പ്രോത്സാഹന ധനസഹായം പ്രയോജനപ്പെടുത്തണമെന്നും നിർദ്ദേശം നൽകുന്നു. ഇതിന്റെ ഭാഗമായി ജില്ലാ ആസൂത്രണസമിതി ചെയർമാൻമാരുടെ യോഗം വിളിക്കാനും തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**3.14**) തദ്ദേശഭരണസ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി അവശ്യം വേണ്ട ഭേദഗതികളോടെ സമർപ്പിക്കാൻ ആഗസ്റ്റ് 27 വരെയാണ് സമയം അനുവദിച്ചിരുന്നത്. ആകെയുള്ള 1200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 316 സ്ഥാപനങ്ങൾ ഈ ദിവസത്തിനകം അന്തിമ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചു. തുടർന്ന് ഈ കാലപരിധി സെപ്റ്റംബർ 10 വരെ നീട്ടി നൽകി. ആകെ 1175 സ്ഥാപനങ്ങൾ പത്താം തീയതിയ്ക്കകം വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്കു നൽകി. ശേഷിക്കുന്നത് താഴെ പറയുന്ന 25 തദ്ദേശഭരണസ്ഥാപനങ്ങളാണ്. (വിവരങ്ങൾ ജില്ല തിരിച്ച്). ഇതിൽ താഴെ പറയുന്ന 11 ഗ്രാമപഞ്ചായത്തുകൾ പദ്ധതി സമർപ്പിക്കുന്നതിന് ജില്ലാ ആസൂത്രണസമിതിയിൽ നിന്നും സെപ്റ്റംബർ 10-ന് മുമ്പ് പ്രാഥമിക അനുമതി വാങ്ങിയിരുന്നു. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ സെപ്റ്റംബർ 13-നകം പരിഷ്കരിച്ച വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചു.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | ജില്ല |
|---|---|---|
| **പ്രാഥമിക അനുമതി വാങ്ങിയ തദ്ദേശഭരണസ്ഥാപനങ്ങൾ** | | |
| 1 | വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് | തിരുവനന്തപുരം |
| 2 | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം |
| 3 | ചടയമംഗലം ഗ്രാമപഞ്ചായത്ത് | കൊല്ലം |
| 4 | കുളക്കട ഗ്രാമപഞ്ചായത്ത് | കൊല്ലം |
| 5 | കൈനകരി ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |

| | | |
|---|---|---|
| 6 | മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 7 | കോട്ടയം മുനിസിപ്പാലിറ്റി | കോട്ടയം |
| 8 | വയനാട് ജില്ലാ പഞ്ചായത്ത് | വയനാട് |
| 9 | മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 10 | ബദിയടുക്ക ഗ്രാമപഞ്ചായത്ത് | കാസറഗോഡ് |
| 11 | മുളിയാർ ഗ്രാമപഞ്ചായത്ത് | കാസറഗോഡ് |

**താഴെപ്പറയുന്ന 14 തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ഭേദഗതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ പ്രാഥമിക അനുമതി പോലും വാങ്ങിയിരുന്നില്ല.**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല |
|---|---|---|
| **പ്രാഥമിക അനുമതി വാങ്ങാത്ത തദ്ദേശഭരണസ്ഥാപനങ്ങൾ** | | |
| 1 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | തിരുവനന്തപുരം |
| 2 | വക്കം ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം |
| 3 | വെമ്പായം ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം |
| 4 | അരൂർ ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 5 | എഴുപുന്ന ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 6 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 7 | പത്തിയൂർ ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 8 | പെരുമ്പളം ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 9 | കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് | എറണാകുളം |
| 10 | നെല്ലായ ഗ്രാമപഞ്ചായത്ത് | പാലക്കാട് |
| 11 | പുറത്തൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 12 | പൊഴുതന ഗ്രാമപഞ്ചായത്ത് | വയനാട് |
| 13 | കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 14 | പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

ജില്ലാ ആസൂത്രണസമിതിയുടെ പ്രാഥമിക അനുമതി പോലും വാങ്ങാത്ത മുകളിൽ പറഞ്ഞ 14 തദ്ദേശഭരണസ്ഥാപനങ്ങളോടുള്ള വിശദീകരണം ആരായാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**3.15)** പദ്ധതി നിർവ്വഹണ അവലോകനം കാര്യക്ഷമമാക്കാൻ തീരുമാനിച്ചു. സംസ്ഥാനതലത്തിൽ വകുപ്പ് മേധാവികൾ (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ) പദ്ധതി പുരോഗതി വിലയിരുത്തണം. ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും നടത്തുന്ന അവലോകനം പ്രത്യേകമായി വിലയിരുത്തണം. ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ജില്ലാ തലത്തിൽ പദ്ധതി പുരോഗതി കാര്യക്ഷമമാക്കണം. ഓരോ ബ്ലോക്ക് തിരിച്ച് ബ്ലോക്കുതല അവലോകനം നടത്തണം. ഓൺലൈനായാലും നേരിട്ടുള്ള അവലോകനത്തിലായാലും ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ കൃത്യമായി പങ്കെടുക്കണം.

ഓരോ ഗ്രാമ പഞ്ചായത്തിലെയും പ്രസിഡന്റുമാരും സെക്രട്ടറിമാരും അടക്കം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കണം. പദ്ധതി നിർവ്വഹണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലാതലത്തിൽ നടപടിയുണ്ടാകണം. കഴിവതും യോഗത്തിൽ ജില്ലാ കളക്ടർ പങ്കെടുക്കാൻ ശ്രമിക്കണം.. ബ്ലോക്ക്തല അവലോകനത്തിന് ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ പങ്കെടുക്കാൻ ശ്രമിക്കണം. അതിനായി ചുമതല വീതിച്ച് നൽകണം. സാധിക്കാത്ത അവസരങ്ങളിൽ ഓരോ അവലോകനത്തിന്റേയും റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കണം. മുനിസിപ്പാലിറ്റികളുടെ അവലോകനം ജില്ലാതലത്തിൽ പ്രത്യേകമായി വിളിക്കണം. കോർപ്പറേഷൻ ജില്ലാ പഞ്ചായത്തുകളുടേയും ജില്ലാതലത്തിൽ അവലോകനം ചെയ്യണം.

ഈ അവലോകനങ്ങൾ ഒക്ടോബർ ഇരുപതോടെ പൂർത്തിയാക്കണം. ഇത് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് പ്രത്യേകമായി മോണിറ്റർ ചെയ്യണം. ജില്ല തിരിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് ചീഫ് കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**1) പഞ്ചായത്ത് ഡയറക്ടർ**

**2) നഗരകാര്യ ഡയറക്ടർ**

**3) ഗ്രാമവികസന കമ്മീഷണർ**

**4) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**5) ചീഫ്, ഡി.പി. ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്**

**3.16)** ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് സ്കോളർഷിപ്പും ബത്തയും മറ്റും നൽകുന്നുണ്ട്. ഇതിനായി അപേക്ഷ നൽകാൻ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും സാക്ഷ്യ പത്രം കൂടി ഹാജരാക്കണം. ഇപ്പോൾ 2021-22 ൽ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ഇതുവരെ ആയിട്ടില്ല. ഇതുപോലെ മറ്റ് അഡ്മിഷനുകളും ഉണ്ട്. ഈ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ നിന്ന് രേഖ ഹാജരാക്കാൻ കഴിയുന്നില്ല എന്ന പ്രശ്നം ഇപ്പോൾ ഉണ്ട്. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആനുകൂല്യങ്ങൾ നൽകാനായി അപേക്ഷ വാങ്ങുന്ന സമയമാണ്.

ഇങ്ങനെയുള്ള വിദ്യാർത്ഥികളുടെ അപേക്ഷ വിദ്യാഭ്യാസ സ്ഥാപനത്തിലെ സർട്ടിഫിക്കറ്റ് കൂടാതെ തന്നെ വാങ്ങാനും ആനുകൂല്യ വിതരണം (പ്രധാനമായും സ്കോളർഷിപ്പും ബത്തയും) ആരംഭിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിലെ സാക്ഷ്യപത്രം ഹാജരാക്കിയാൽ മതിയെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.17)** ജനകീയാസൂത്രണ സബ്സിഡി മാർഗ്ഗരേഖ പ്രകാരം തൊഴിൽ നൽകുന്നതിന്റെ ഭാഗമായി പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇരു ചക്രവാഹനം വാങ്ങി നൽകാമെന്നുണ്ട്. ഇതിന് 50 ശതമാനമാണ് സബ്സിഡി നൽകാവുന്നത്. ഇങ്ങനെ നൽകുന്ന സബ്സിഡി ബിൽ പ്രകാരമുള്ള വാഹന വിലയുടെ (Ex- Showroom Price + GST) യുടെ 50 ശതമാനം മാത്രമാണെന്ന് വ്യക്തത വരുത്തുന്നു. ഇനി മുതൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 50000/- രൂപയാണെന്നും വ്യക്തത വരുത്തുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4. പ്രത്യേക വിഷയങ്ങൾ

====================

### 4.1. നടുവിൽ ഗ്രാമപഞ്ചായത്ത്

**നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.10.2019 ലെ A1-6753/18-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 14.10.2019- ലെ 7(1)-ാം നമ്പർ തീരുമാനവും, പഞ്ചായത്ത് ഡയറക്ടറുടെ 23.03.2020 ലെ PAN/2324/2020 – J7 (DP) നമ്പർ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.11.2020- ലെ AB1/DB2/1541/20/CE/ തസ്വഭവ കത്തും അനുബന്ധ രേഖകളും (SRG 306/21 - LSGD – DA2/453/2019/LSGD)**

താഴെപറയുന്ന 6 പ്രോജക്ടുകൾ 2016 -17 വർഷം പദ്ധതിയിൽ എടുത്തതാണ്. ഇവ 2017-18, 2018-19 വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിരുന്നു. 2018-19 ൽ പൂർത്തീകരിച്ചു. ഈ പ്രവർത്തികൾ ഗുണഭോക്തൃ സമിതി കൺവീനറുമായി 2016-17 വർഷം തന്നെ എഗ്രിമെന്റ് വച്ചു. എന്നാൽ പ്രവർത്തി വളരെ താമസിച്ച് 2018-19-ലാണ് പൂർത്തിയാക്കിയത്. എഗ്രിമെന്റ് കാലാവധി കഴിയുന്ന മുറയ്ക്ക് കരാർ പുതുക്കണമെന്ന് ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അറിവില്ലായിരുന്നതിനാൽ പുതുക്കിയില്ല. ബിൽ തുക പിഴകൂടാതെ നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങളും എഗ്രിമെന്റ് തീയതികളും താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പ്രോ.നം (2016-17 ലെ) | പേര് | അടങ്കൽ | ഫണ്ട് വിഹിതം | എഗ്രിമെന്റ് വച്ച തീയതി | എഗ്രിമെന്റ് കാലാവധി | പ്രവർത്തി പൂർത്തിയാക്കിയ തീയതി |
|---|---|---|---|---|---|---|---|
| 1 | 116/17 | ഉടുംബം ചീത്ത ജ്യോതിപുരം കരുവേടൻകുന്ന് റോഡ് സോളിംഗ് | 1,55,000/- | തനതു ഫണ്ട് | 7.2.2017 | 6.5.2017 | 17.12.2018 |
| 2 | 82/17 | നരിയന്മാവ് മണ്ണുംകുണ്ട് റോഡ് സോളിംഗും റീടാറിംഗും | 4,68,816/- (കരാർപ്രകാരം) | തനതു ഫണ്ട് | 6.3.2017 | 6.9.2017 | 6.4.2018 |
| 3 | 114/17 | നടുവിൽ പടിഞ്ഞാറെ ഓർക്കയം റോഡ് സോളിംഗ് | 2,07,135/- (കരാർപ്രകാരം) | തനതു ഫണ്ട് | 6.3.2017 | 14.8.2017 | 21.12.2018 |
| 4 | 73/17 | പൊതിവച്ച തട്ട് നൂലിട്ടാമല റോഡ് ടാറിംഗ് | 1,98,189/- (കരാർപ്രകാരം) | തനതു ഫണ്ട് | 9.2.2017 | കാണിച്ചിട്ടില്ല | 18.4.2018 |
| 5 | 48/17 | കണിയാൻ ചാൽ ചീത്തപ്പാറ റോഡ് ടാറിംഗും സോളിംഗും | 4,52,000/- (കരാർപ്രകാരം) | തനതു ഫണ്ട് | 10.3.2017 | കാണിച്ചിട്ടില്ല | 27.3.2019 |
| 6 | 52/17 | മാവും ചാൽപള്ളി കൊരണ്ടക്കാട്ടു കവലറോഡ് റീടാറിംഗ് | 4,90,000/- (കരാർപ്രകാരം) | തനതു ഫണ്ട് | 3.2.2017 | കാണിച്ചിട്ടില്ല | പൂർത്തീകരണ തീയതി, M ബുക്ക് ഇവ ലഭ്യമായിട്ടില്ല. |

**തീരുമാനം** :- 1)ക്രമ നമ്പർ 1 മുതൽ 5 വരെ (പ്രോജക്ട് നം. 116/17, 82/17, 114/17, 73/17, 48/17 എന്നീ പ്രവർത്തികളുടെ ബിൽ തുക പിഴ ഈടാക്കാതെ നൽകാൻ പ്രത്യേകാനുമതി നൽകുന്നു. ക്രമ നമ്പർ 6 (പ്രോ.നം. 52/17) ന്റെ എം. ബുക്കു പോലും ലഭ്യമല്ലാത്തതിനാൽ പരിഗണിച്ചില്ല.

2) എഗ്രിമെന്റ് കാലാവധി കഴിയുന്ന മുറയ്ക്ക് കരാർ പുതുക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ഇതിന്റെ വിശദീകരണം ആരാഞ്ഞ് നപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

4.2 **വെച്ചൂർ ഗ്രാമപഞ്ചായത്ത്**

**കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020 ൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സും (ഖണ്ഡിക 4.5) ഈ തീരുമാനത്തിന്മേൽ ബഹു. കേരളസംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 15.12.2020, 03.03.2021 എന്നീ തീയതികളിലെ** HRMP No. 5450/11/7/2020 KTM **നമ്പറായുള്ള ഉത്തരവുകൾ (2 എണ്ണം), മറ്റ് അനുബന്ധരേഖകൾ. (SRG** 307 **/21, LSGD DA1/34/2021-LSGD)**

***പ്രോജക്ട് നം.*** *43/21* ***അടങ്കൽ*** *2,00,000/-* ***രൂപ***
***(വികസനഫണ്ട് ജനറൽ)***

***പേര് : ക്യാൻസർ രോഗികൾക്കുള്ള ധാന്യകിറ്റ് വിതരണം***

പഞ്ചായത്തിലെ ക്യാൻസർ രോഗികൾക്ക് ധാന്യകിറ്റ് വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചിരുന്നു. പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് കോർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020 ലെ യോഗത്തിൽ (ഖണ്ഡിക 4.5) ഇത് പരിഗണിച്ചിരുന്നുവെങ്കിലും അനുമതി നൽകിയിരുന്നില്ല. ഈ തീരുമാനം പത്രവാർത്തയായി വന്നു. അതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയ കേസ് രജിസ്റ്റർ ചെയ്തു. ഇതിന്മേൽ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് ബഹു.കമ്മീഷൻ ഉത്തരവിട്ടു.

ക്യാൻസർ രോഗികൾക്ക് ഭക്ഷ്യകിറ്റ് വിതരണം മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലാണ് ഇതിന് അനുമതി നൽകാത്തതെന്നും കോവിഡ് സാഹചര്യത്തിൽ പൊതുവിതരണ സമ്പ്രദായം വഴി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും മാസംതോറും സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ബഹു. കമ്മീഷനെ രജിസ്ട്രാർ മുഖേന അറിയിച്ചു. കിടപ്പുരോഗികൾക്ക് ഭക്ഷ്യകിറ്റ് വിതരണം നടത്തുന്നത് ഫലപ്രദമല്ല എന്നും എങ്കിലും ബഹു. കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ഒരിക്കൽ കൂടി പരിശോധിക്കുന്നതാണെന്നും തദ്ദേശഭരണവകുപ്പിൽ നിന്ന് ബഹു.കമ്മീഷനെ അറിയിച്ചിരുന്നു. ഈ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു.കമ്മീഷൻ ഇതിന്മേലുള്ള നടപടി അവസാനിപ്പിച്ചുകൊണ്ടു 03.03.2021 ൽ ഉത്തരവായി. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം

കോഓർഡിനേഷൻ കമ്മിറ്റി വീണ്ടും പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനമെടുക്കുകയും ചെയ്തു.

**തീരുമാനം: -** കിടപ്പുരോഗികൾക്ക് ഭക്ഷണകിറ്റ് നൽകുന്നതിനേക്കാൾ ഫലപ്രദം ആവശ്യമായ സാഹചര്യത്തിൽ പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്നതാണ്. ഇതിനായി ജനകീയ ഹോട്ടൽ സൗകര്യം ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.3 പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

**പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.12.2018 ലെ** A1/2124/2011-ാം **നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 11.09.2018 - ലെ 11/203/2018-ാം നമ്പർ തീരുമാനവും പഞ്ചായത്ത് ഡയറക്ടറുടെ 17.01.20 ലെ** PAN/5568/2019/J6/(DP) **നമ്പർ കത്തും (SRG** 308/**21- LSGD DA**2/161/**2019-LSGD)**

2008-09 വാർഷിക പദ്ധതിയിൽ 2 ലക്ഷം രൂപ വികസനഫണ്ടും 4.25 ലക്ഷം രൂപ ബാങ്ക് വായ്പയും ഉൾപ്പെടുത്തി പേപ്പർ ബാഗ് യൂണിറ്റ് നടത്താൻ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. രണ്ടു യൂണിറ്റ് തുടങ്ങാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ഒരു യൂണിറ്റ് മാത്രമാണ് തുടങ്ങിയത്. ഇതിനായി 52,500/- രൂപ ചെലവഴിച്ചു. ഒരു ലക്ഷം രൂപ വികസനഫണ്ടിനത്തിൽ 2017-18 വർഷം ഈ പ്രോജക്ടിനു വകയിരുത്തിയിരുന്നു. ലോൺ ഭാഗികമായി തിരികെയടയ്ക്കാൻ ഈ തുക ഉപയോഗിച്ചു. ലോൺ കുടിശ്ശിക ഉള്ളതുകൊണ്ട് കോടതിയിൽ കേസായിട്ടുണ്ട്. കോടതി ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം ബാങ്ക് പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി 3.50 ലക്ഷം രൂപ അടയ്ക്കാൻ തീരുമാനമായി. ബാങ്കിലേയ്ക്ക് ലോൺ അടയ്ക്കാൻ ഈ തുക ഉപയോഗിച്ചതിൽ ഓഡിറ്റ് കുറിപ്പുണ്ട്. ഈ പ്രോജക്ടിന്റെ ആകെ ചെലവ് 1,52,500/- രൂപ. ഈ യൂണിറ്റ് തുടർന്ന് കൊണ്ടുപോകാൻ സാധിക്കില്ല. അതിനാൽ ബാധ്യത ഏറ്റെടുത്ത് ഈ യൂണിറ്റ് നിർത്തലാക്കാനും യന്ത്ര സാമഗ്രികൾ ലേലം ചെയ്യാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-**

1) കോടതിയിൽ നിലനിൽക്കുന്ന കേസ് സംബന്ധിച്ച നടപടി ക്രമങ്ങൾ കൂടി പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.
2) 2017-18 ൽ വികസനഫണ്ട് ബാങ്ക് കുടിശ്ശിക അടയ്ക്കാൻ ഉപയോഗിച്ചതിലെ ഓഡിറ്റ് കുറിപ്പിന്മേൽ തീരുമാനത്തിന് വകുപ്പുതല പരിഗണനയ്ക്ക് നൽകേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.4 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.02.2021 ലെ കത്ത് (2 എണ്ണം) 25.02.2021 ലെ E-5087927-ാ◌ം നമ്പർ കുറിപ്പ് (SRG 207 /21 & 310/21, LSGD FM2/68/2021-LSGD)**

**S.S.L.C** പരീക്ഷ എഴുതുന്ന കുട്ടികൾക്ക് വിഷയങ്ങളുടെ ഫോക്കസ് ഏരിയ മുൻനിർത്തി പഠന സഹായി തയ്യാറാക്കാനുള്ള ഒരു നിർദ്ദേശം തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം പ്രിൻസിപ്പൽ തയ്യാറാക്കിയിട്ടുണ്ട്. മലയാളം / ഇംഗ്ലീഷ് മീഡയത്തിലുള്ള 5 കോപ്പികൾ ജില്ലയിലെ സർക്കാർ വിദ്യാലയങ്ങൾക്ക് സൗജന്യമായും എയ്ഡഡ് സ്കൂളുകൾക്ക് അച്ചടിക്കൂലി മാത്രം ഈടാക്കിയും നൽകാനാണ് ഉദ്ദേശിക്കുന്നത്. 5 ലക്ഷം രൂപ തനതു ഫണ്ടു വകയിരുത്തി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ വർഷം ഈ പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ജില്ലാ ആസൂത്രണസമിതിയുടെ പരിഗണനയ്ക്ക് നൽകണം. ജില്ലാ ആസൂത്രണ സമിതി അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.5 അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (ASAP)

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 16.03.2021 ലെ കത്ത് (SRG 312 /21 - LSGD DA1/83/2021-LSGD)**

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് **ASAP**. തൊഴിൽ നൈപുണ്യമുള്ള യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനുള്ള കാര്യപ്രാപ്തി ഉണ്ടാക്കുക എന്നതാണ് **ASAP** ന്റെ ലക്ഷ്യം. തദ്ദേശഭരണസ്ഥാപനങ്ങളുമായി ചേർന്ന് യുവജനങ്ങൾ, വനിതകൾ, തിരികെയെത്തിയ പ്രവാസികൾ എന്നിവർക്കായി ഒരു നൈപുണ്യ വികസനപരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി **ASAP** നെ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന നൈപുണ്യ വികസനത്തിനുള്ള ഒരു പരിശീലന ഏജൻസിയായി അംഗീകരിക്കണമെന്നും നൈപുണ്യ വികസനം തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രധാന പരിപാടിയായി ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം: -** ആവശ്യം അംഗീകരിക്കുന്നു. സർക്കാരിന്റെ 1000 പേരിൽ 5 പേർക്ക് തൊഴിൽ നൽകുക എന്ന പദ്ധതി വിജയിപ്പിക്കുന്നതിന് പ്രത്യേകം പരിപാടി ആസൂത്രണം ചെയ്യണം. മാർഗ്ഗരേഖയിൽ ഇതുകൂടി ഉൾപ്പെടുത്തുന്നതിന് വിശദാംശം വകുപ്പിനും എസ്.ആർ.ജിക്കും നൽകണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)മാനേജിംഗ് ഡയറക്ടർ, ASAP**
**3) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

## 4.6 കേരള അർബൻ & റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (KURDFC) (SRG 315 /21 - LSGD – IA2/41/2021 - LSGD)

തദ്ദേശഭരണസ്ഥാപനങ്ങളുടെ വികസന പ്രവർത്തനത്തിന് **KURDFC** വായ്പ നൽകുന്നുണ്ട്. ഈ വായ്പയിന്മേൽ ചില തദ്ദേശഭരണസ്ഥാപനങ്ങൾ കുടിശ്ശിക വരുത്താറുണ്ട്. ഇങ്ങനെയുള്ള കുടിശ്ശിക തദ്ദേശഭരണസ്ഥാപനങ്ങളുടെ ചെലവഴിക്കപ്പെടാത്ത വികസനഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കാൻ അനുമതി നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 20.08.2020 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റിയോഗം പരിഗണിച്ചില്ല. ഇതു പുനഃപരിശോധിക്കണമെന്നും ചെലവഴിക്കാതെയുള്ള വികസന ഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ലോൺ തിരിച്ചടവ് നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) മെയിന്റനൻസ് ഗ്രാന്റ് ലോൺ തിരിച്ചടവിന് ഉപയോഗിക്കാവുന്നതല്ല.
2) വികസനഫണ്ട് (ജനറൽ) ഇതിനായി അനുവദിക്കണോ എന്ന് 2021-22 വർഷാവസാനം അന്നത്തെ പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.7 മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

**മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2019 ലെ കത്ത് (SRG 316/21- LSGD DD2/24/2021 -LSGD)**

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനമായ **ICDS** പ്രോജക്ട് ഓഫീസിലെ വാഹനം (**KL-7-A-6485**) **29** വർഷം പഴക്കമുള്ളതാണ്. ആകെ 117 അങ്കണവാടികൾ പ്രോജക്ടിനു കീഴിലുണ്ട്. പുതിയ വാഹനം വകുപ്പിൽ നിന്നു ലഭ്യമല്ല എന്നറിയിച്ചിരിക്കുന്നു. ഐ.സി.ഡി.എസ് പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചതിൽ 50 ശതമാനം അധിക കേന്ദ്ര സഹായമായി തിരികെ ലഭിച്ചു. ഇതിൽ ഇനിയും 7,55,599/- രൂപ അക്കൗണ്ടിൽ ബാക്കിയുണ്ട്. ഈ തുക ഉപയോഗിച്ച് ഐ.സി.ഡി.എസ് ഓഫീസിനായി ഒരു വാഹനം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഐ.സി.ഡി.എസ് ഓഫീസിന് ഡ്രൈവർ തസ്തികയും നിലവിൽ ഡ്രൈവറും ഉണ്ട്.

**തീരുമാനം: -** ധനവകുപ്പിന്റെ കൂടി അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.8 മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 02.12.2020 ലെ** AHD/5490/2020 – B2-**ാം നമ്പർ കത്തും പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ 11.06.2020 ലെ** KSPDC / Schemes/2020/396-**ാം നമ്പർ കത്തും (SRG 319/21 - LSGD/ DA/41/2021 -LSGD)**

പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ ഒരു കോഴിക്കുഞ്ഞിന് 50 രൂപ +12.50 ശതമാനം നികുതി മുൻകൂട്ടി പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ അടയ്ക്കണമെന്നാണ് 23.12.2008 ലെ 49235/**DA1/08/**തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശമെന്ന് **KSPDC** മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഇത് ഭേദഗതി ചെയ്ത് മൃഗസംരക്ഷണ വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിച്ചിരുന്ന നിരക്ക് ബാധകമാക്കി ഉത്തരവുണ്ടാകണമെന്നത് സംബന്ധിച്ച്.

**തീരുമാനം: -** സബ്സിഡി മാർഗ്ഗരേഖപ്രകാരം (14.02.2018 ലെ 22/2018/തസ്വഭവ നമ്പർ ഉത്തരവ്) കോഴികളുടെ യൂണിറ്റ് വില, കൂടിന്റെ വില, പക്ഷികളുടെ എണ്ണം എന്നിവ അതത് ജില്ലാതലത്തിൽ നിശ്ചയിക്കാനാണ് പറഞ്ഞിരിക്കുന്നത്. ജില്ലാതലത്തിൽ നിരക്ക് നിശ്ചയിക്കുമ്പോൾ ജില്ലാ മൃഗസംരക്ഷണ ഓഫീസർകൂടിയുള്ള കമ്മിറ്റിക്ക് വകുപ്പിന്റെ കൂടി നിർദ്ദേശപ്രകാരം നിരക്കു നിശ്ചയിക്കാവുന്നതാണ്. ഈ മാർഗ്ഗരേഖ പ്രകാരം മൃഗസംരക്ഷണ വകുപ്പ ഡയറക്ടറും KSPDC മാനേജിംഗ് ഡയറക്ടറും നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.9 പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 19.08.2019 ലെ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 08.02.2021 ലെ** PAN/10928/20 – J1(DP) **നമ്പർ കത്ത്, കൊല്ലം പ്രിൻസിപ്പൽകൃഷി ഓഫീസറുടെ കുറിപ്പും 16.12.2019 ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.38-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 320/21 LSGD/ DA1/**280/**2019 -LSGD)**

കാർഷികമേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിന് അംഗീകൃത ഏജൻസിയായി പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 16.12.2019 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇതു പരിശോധിച്ചിരുന്നു. കമ്പനിയുടെ അംഗീകാരം, ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ, പ്രവർത്തനം എന്നിവയടക്കം നൽകണമെന്ന് യോഗം നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തു ഡയറക്ടറും കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസറും റിപ്പോർട്ടു നൽകിയിട്ടുണ്ട്.

**റിപ്പോർട്ട് :-** 24.08.2017 ൽ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനിയാണ് ഇത്. 453 കർഷകർ അംഗങ്ങളാണ്. കൃഷിക്കാവശ്യമായ വിത്ത്, വളം, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ

നിർമ്മിക്കുകയും വിപണനം ചെയ്യുകയുമാണ് ലക്ഷ്യം. നാല്യ വളം വിതരണ ഏജൻസിയും കേരളഫീഡ്സിന്റെ ഏജൻസിയും ഉണ്ട്. കർഷകരിൽ നിന്നും കൃഷി ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം ചെയ്യുന്നുണ്ട്. രണ്ടു ഫാർമേഴ്സ് മാർക്കറ്റ് ഉണ്ട്.

**തീരുമാനം :-** നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, കീടനാശിനി തുടങ്ങിയവ സ്വന്തമായി ഉല്പാദിപ്പിക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് വ്യക്തമല്ല എന്ന് യോഗം നിരീക്ഷിച്ചു. ആവശ്യം പരിഗണിക്കേണ്ടതില്ല എന്നു യോഗം തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.10 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 08.02.2021 ലെ** KSA 15/2021 -S.S.3—ാാം **നമ്പർ കത്ത് (SRG /21 LSGD)**

സംസ്ഥാനത്ത് തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് ഗ്രോ ബാഗ് പച്ചക്കറികൃഷി വ്യാപകമായി നടക്കുന്നുണ്ട്. പുനരുപയോഗ സാധ്യത ഇല്ലാത്തതും 6 മാസം മുതൽ ഒരു വർഷം വരെ മാത്രം നിലനിൽക്കുന്നതുമായ പ്ലാസ്റ്റിക് അടിസ്ഥാനമായി നിർമ്മിച്ചിട്ടുള്ള ഇത്തരം ലക്ഷകണക്കിന് ഗ്രോബാഗുകൾ ഉപയോഗിക്കുന്നു. ഇതു പരിസ്ഥിതിക്ക് ദോഷകരമാണ്. ഇതിനുപകരമായി പുനരുപയോഗസാധ്യതയുള്ള **High Density Poly Ethelene (HDPE)** ചട്ടികൾ 5 വർഷത്തിലധികം ഉപയോഗിക്കാൻ കഴിയും. ഇത്തരം ചട്ടികൾകൂടി ടെറസ് കൃഷിക്കും പുരയിടകൃഷിക്കും ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിന്റെ ഉല്പാദനം കുടുംബശ്രീയൂണിറ്റുകൾക്ക് നടത്താൻ കഴിയുമോ എന്ന് പരിശോധിക്കണ മെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-**

1) ഇത്തരം ചട്ടികൾ ഉല്പാദിപ്പിക്കുന്ന കമ്പനികൾ വിശദാംശം സഹിതം നൽകുമ്പോൾ പരിഗണിക്കാൻ തീരുമാനിച്ചു.
2) ഇത്തരം ചട്ടികൾ കുടുംബശ്രീ യൂണിറ്റുകൾക്ക് ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിന്റെ പ്രായോഗികത പരിശോധിച്ച് നടപടിയെടുക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 4.11 തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം

**പഞ്ചായത്തു ഡയറക്ടറുടെ 10.03.2021 ലെ** PAN/3173/2021-J1 (DP) **നമ്പർ കത്തും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.01.2021 ലെ** DB3 – 5525/2017/**തസ്വഭവ കത്തും (SRG 170/21)**.

തദ്ദേശഭരണസ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ ഇതു നടപ്പാക്കി. Kerala State Remote Sensing and Enviornment Centre (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R- track mobile application ന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. KSREC ക്കു നൽകേണ്ട തുക തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകും. എന്നാൽ Road Track ന് ഇന്റർനെറ്റ്, ജി.പി.എസ് ആൻഡ്രോയിഡ് സൗകര്യമുള്ള മൊബൈലും വാഹനവും മനുഷ്യശേഷിയും വേണം. ഇത് ടൂവിലർ ഉള്ള ചെറുപ്പക്കാരെ കൊണ്ടു സാധിക്കും. ഇതിനായി ഒരു വാർഡിന് 3000/- രൂപ വീതം ചെലവാകും. ഈ തുക ചെലവഴിക്കാൻ പ്രോജക്ട് വയ്ക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തനതുഫണ്ട് / വികസന ഫണ്ട് (ജനറൽ) ഇതിനായി ഉപയോഗിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.ഡബ്ളിയു.ബി) വകുപ്പ്**

### 4.12 പട്ടികജാതി വികസന ഡറക്ടറേറ്റ്

**തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 23.03.2021 ലെ** DB4/27/2021 LSGD **നമ്പർ കത്ത്, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.04.2021 ലെ** A2-2229/20-ാം **നമ്പർ കത്ത്, ബഹു കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ 4678/**B1/2017/EKM/KSCSC & ST **നമ്പർ ഉത്തരവ് (SRG 217/21)**.

ജനകീയാസൂത്രണ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ – അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പഠനത്തിന് ധനസഹായം നൽകാം. കോഴ്സിന് പോകുന്ന രാജ്യം / സ്ഥലം എന്നിവ പരിഗണിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതായിരിക്കും ധനസഹായ തുക. പട്ടികജാതി വികസന വകുപ്പിന്റെ നിലവിലെ ഉത്തരവ്വ പ്രകാരം ഒരാൾക്ക് നൽകാവുന്ന പരമാവധി ധനസഹായ തുക 25.00 ലക്ഷം രൂപയാണ്. എറണാകുളം ജില്ലാ പഞ്ചായത്തുവഴി നടപ്പാക്കിയ പ്രോജക്ടിൽ വിദേശപഠനത്തിനു ധനസഹായമായി 25.00 ലക്ഷം രൂപയിൽ കൂടുതൽ തുകഅനുവദിച്ചെന്നും ഒരേ കുടുംബത്തിലെ തന്നെ ഒന്നിൽ കൂടുതൽ അംഗങ്ങൾക്ക് ഇപ്രകാരം ഉയർന്ന നിരക്കിൽ തുക അനുവദിച്ചുവെന്നും പട്ടികജാതി വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിദേശപഠനം പോലുള്ള ഉന്നത വിദ്യാഭ്യാസത്തിന് ജില്ലാ പഞ്ചായത്ത് ധനസഹായം നൽകുന്നത് അഭിലഷണീയമല്ലെന്നും അതിനുള്ള അധികാരം ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരിൽ നിഷിപ്തമാക്കണമെന്നും പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവർഗ്ഗ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകാൻ മാർഗ്ഗരേഖയിൽ അനുമതി നൽകിയത്. ഇതു ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന തത്വത്തിനോടു ചേർന്ന ഒരു തീരുമാനമാണ്. കൂടാതെ ഇതിനുള്ള തുക അതതു തദ്ദേശഭരണസ്ഥാപനങ്ങളാണ് വകയിരുത്തുന്നത്. പട്ടികാതി വകുപ്പിന് അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ആവശ്യമായ സഹായം നൽകാൻ കഴിയുന്നില്ലാത്ത സാഹചര്യത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തി അർഹതയുള്ള കുട്ടികളെ സഹായിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ധന സഹായം നൽകുന്നുവെങ്കിലും നിരക്കടക്കമുള്ള മാനദണ്ഡം പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ നിശ്ചയിക്കുന്നതാണ് അവലംബിക്കുന്നത്. ഈ സാഹചര്യ ത്തിൽ നിലവിലെ രീതി തുടരാൻ യോഗം തീരുമാനിച്ചു.

2) പട്ടികജാതി വികസന വകുപ്പ നിഷ്കർഷിച്ച നിരക്കിനേക്കാൾ കൂടുതൽ തുക എറണാകുളം ജില്ലാ പഞ്ചായത്തു നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതര വീഴ്ചയാണ്. ഇത് പരിശോധിച്ച് റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. പരിശോധിച്ചു തുടർ നടപടി സ്വീകരിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതല പ്പെടുത്തുന്നു.

3) ഒരു കുടുംബത്തിൽ തന്നെ രണ്ടുപേർക്കായി 62.00 ലക്ഷം രൂപ (20 ലക്ഷം രൂപ + 42 ലക്ഷം രൂപ) നൽകിയിട്ടുണ്ട് എന്ന് ബഹു.കമ്മീഷൻ ചൂണ്ടിക്കാണിച്ച വിഷയവും യോഗം പരിശോധിച്ചു. അർഹതയുള്ള മറ്റു ഗുണഭോക്താക്കൾക്ക് അവസരം നിഷേധിച്ച് ഒരേ കുടുംബത്തിൽ തന്നെ ധനസഹായം നൽകിയിട്ടുണ്ടോ എന്ന് പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകണം. അനുവദനീയമായ തുകയെക്കാൾ അധികമായി നൽകിയതും പരിശോധിക്കണം. തുടർ നടപടി സ്വീകരിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

### 4.13 കീഴരിയൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്തും കീഴരിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.02.2021 ലെ** A2-5638/19-ാം **നമ്പർ കത്തും. (SRG** 158/**21, CC/99/21)**

***പ്രോജക്ട് നം.*** *3/2021* ***അടങ്കൽ*** *2,27,030/***/- രൂപ (എസ്.സി.പി)***

***പേര് : എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് **CPRCS** പോർട്ടൽ മുഖേന ലാപ് ടോപ് ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ടെണ്ടർ മുഖേന വാങ്ങാൻ 18.02.2021 ൽ ശ്രമിച്ചുവെങ്കിലും ആരും പങ്കെടുത്തില്ല. തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം മൂലം കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ലാപ് ടോപ് വാങ്ങി നൽകാൻ കഴിഞ്ഞില്ല. ഗുണഭോക്തൃ ലിസ്റ്റിലുള്ള അവസാന വർഷ വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി. ഇങ്ങനെയുള്ള 3 വിദ്യാർത്ഥികൾക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.14 പാറളം ഗ്രാമപഞ്ചായത്ത്

**പാറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.02.2021 ലെ കത്തും പാറളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 3.11.2020 ലെ 1 (13)-ാം നമ്പർ തീരുമാനവും (SRG 392/21,)**

2017-18 ൽ വനിതകൾക്ക് ഹെൽത്ത് ക്ലബ് എന്ന പ്രോജക്ട് ഏറ്റെടുത്തിരുന്നു. തുടർന്നുള്ള മൂന്നു വർഷങ്ങളിലായി ഈ പ്രോജക്ട് പൂർത്തിയാക്കുകയും 07.08.2020 മുതൽ പാറളം പഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രം (**FHC**) കെട്ടിടത്തിനു മുകളിൽ ഹെൽത്ത് ക്ലബ് ആരംഭിക്കുകയും ചെയ്തു. എന്നാൽ **FHC** കെട്ടിടത്തിൽ ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെയോ സർക്കാരിന്റേയോ അനുമതി ഇല്ലാത്തതിനാൽ പ്രവർത്തനം നിർത്തിവക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹെൽത്ത് ക്ലബിന്റെ പ്രവർത്തനം തുടർന്നു കൊണ്ടു പോകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഇത് പരിശോധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് ആരോഗ്യ വകുപ്പ ഡയറക്ടർ റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കും. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ആരോഗ്യവകുപ്പ് ഡയറക്ടർ**
**3)പഞ്ചായത്ത് ഡയറക്ടർ**

## 4.15 കോട്ടപ്പടി ഗ്രാമപഞ്ചായത്ത്

**കോട്ടപ്പടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.03.2021 ലെ** SC/1-82/2021-ാം **നമ്പർ കത്ത്. പഞ്ചായത്ത് ഭരണസമിതിയുടെ 19.01.2021 ലെ 3/2021(4)-ാം നമ്പർ തീരുമാനവും (SRG 393 /21)**

പഞ്ചായത്തിലെ നാലാം വാർഡിൽ താമസിക്കുന്ന ശ്രീമതി സുമിത മാധവൻ കർത്ത, തട്ടായത്ത് എന്ന ആൾക്ക് റോഡപകടത്തെ തുടർന്ന് നൂറു ശതമാനം കാഴ്ചശക്തി നഷ്ടപ്പെട്ടു. ബിരുദാനന്തര ബിരുദധാരിയാണ്. കൊവിഡ് പശ്ചാത്തലത്തിൽ ഭിന്നശേഷി നിർണ്ണയക്യാമ്പ് നടത്താൻ സാധിച്ചില്ല. ഇവർക്ക് കാഴ്ചശക്തിയില്ലാത്തവർക്കുള്ള ടോക്കിംഗ് കമ്പ്യൂട്ടർ /ലാപ് ടോപ് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.16 തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.02.2021 ലെ കത്തും തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.02.2021 ലെ** B2-10764/20-ാം **നമ്പർ കത്തും (SRG 159/21 – CC/105/2021)**

***പ്രോജക്ട് നം.*** *187/21* ***അടങ്കൽ*** *7,00,000//-* ***രൂപ***

***(വികസനഫണ്ട് – ജനറൽ - 6,81,500/- രൂപ***

***തനത് ഫണ്ട് – 18,500/- രൂപ)***

***പേര് : ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - ടീച്ചർ, ഹെൽപ്പർ ഓണറേറിയം നൽകൽ***

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പഞ്ചായത്തിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നില്ല. അതിനാൽ 2020 ജൂൺ മാസം മുതൽ ഇവിടുത്തെ ടീച്ചർ, ഹെൽപർ, ഡ്രൈവർ എന്നിവർക്ക് വേതനം നൽകുന്നില്ല. ഇവർക്കു വേതനം നൽകുന്നതിനുള്ള അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.17 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്

**വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23.06.2021 ലെ കത്ത് (SRG 394/21 )**

സർക്കാർ നൽകുന്ന വികസനഫണ്ടുപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് പല വികസന പ്രോജക്ടുകൾ നടപ്പാക്കുന്നുമുണ്ട്. ഇതോടൊപ്പം സംസ്ഥാന സർക്കാർ വിവിധ വികസന പദ്ധതികൾ നേരിട്ടു നടപ്പാക്കുന്നുണ്ട്. ഇവ പലതും ബ്ലോക്ക് പഞ്ചായത്തിനു

കൈമാറിയ ഉദ്യോഗസ്ഥർ (ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ) മുഖേനയാണ്. ഈ പദ്ധതികളുടെ നടത്തിപ്പിനുള്ള മാനദണ്ഡങ്ങൾ അതതു വകുപ്പിന്റേതാണ്. എന്നാൽ ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ, ഗുണഭോക്താക്കളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെടുന്നുണ്ട് എങ്കിലും പട്ടികജാതി വികസന ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിയവർ നൽകുന്നില്ല. ഇത്തരം വിവരങ്ങൾ നൽകേണ്ടതില്ല എന്ന നിലപാടിന്മേൽ സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** വകുപ്പുതലത്തിലുള്ള പരിപാടികളുമായും സംയോജിപ്പിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്റ്റ് നടപ്പാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വകുപ്പുതല പരിപാടികളും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതു ചീഫ് സെക്രട്ടറിയുടെ കൂടി ശ്രദ്ധയിൽപ്പെടുത്തി വകുപ്പ് മേധാവികൾ മുഖേന താഴെ തലത്തിലേക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.18 ചാലക്കുടി നഗരസഭ

**ചാലക്കുടി മുനിസിപ്പൽ സെക്രട്ടറിയുടെ 01.07.2021 ലെ** G3-21/21-ാം **നമ്പർ കത്ത് (SRG** 325/**21 )**

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഗഡു അനുവദിച്ച് ബിൽ മാറാൻ ക്രമീകരണമുണ്ടാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** പൊതുതീരുമാനം 3.8 ബാധകം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.19 കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്ത് (SRG** 269/**21** – **CC/**164/**2021)**

***പ്രോജക്റ്റ് നം. 77/22*** ***അടങ്കൽ 50,000/- രൂപ (വികസനഫണ്ട് ജനറൽ)***

***പേര് : സ്റ്റുഡന്റ് പോലീസ് കേഡറ്റിനു ഭക്ഷണം***

ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റിനു ഭക്ഷണം നൽകുന്നതിനുള്ള ഈ പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** തനതുഫണ്ടുപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഒരു കുട്ടിക്ക് നൽകുന്ന ഭക്ഷണത്തിന്റെ നിരക്ക് ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.20 കൊന്നത്തടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്തും കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.06.2021 ലെ** A4-597/21-ാം **നമ്പർ കത്തും (SRG** 268/21 – **CC/**191**/2021)**

*പ്രോജക്റ്റ് നം. 5/21* *അടങ്കൽ 2,28,000/- രൂപ (എസ്.സി.പി)*

*പേര് : വാട്ടർ ടാങ്ക്*

പട്ടികജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് വിതരണത്തിനുവേണ്ടിയുള്ള പ്രോജക്റ്റ് 2020-21 ൽ ഏറ്റെടുത്തിരുന്നു. ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെയാണ് പ്രോജക്റ്റ് തയ്യാറാക്കിയിരുന്നത്. പിന്നീട് ഇതുകൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ തീരുമാനിച്ചുവെങ്കിലും സാധിച്ചില്ല. ഈ പ്രോജക്റ്റിൽ നിന്നും 1,17,800/- രൂപ ചെലവഴിച്ച് 40 പേർക്ക് ടാങ്ക് വിതരണം ചെയ്തു. ഒരു ടാങ്കിന് 2945/- രൂപ. ഈ തുക എസ്.സി.പി ഫണ്ടിൽ നിന്നു മാത്രമാണ് ചെലവഴിച്ചത്. പ്രോജക്റ്റ് ഭേദഗതി ചെയ്ത് ഗുണഭോക്തൃ വിഹിതം കൂടി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. 40 പേരുടെ ഗുണഭോക്തൃവിഹിതമായ 29440 രൂപ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

**തീരുമാനം: -** 1) മാർഗ്ഗരേഖ പ്രകാരം ഒരു ടാങ്കിന് വിലയുടെ 75% മാത്രമാണ് എസ്.സി.പി ഫണ്ടുപയോഗിച്ച് ചെലവഴിക്കാവുന്നത്. ഇവിടെ മുഴുവൻ തുകയും എസ്.സി.പി വിഹിതത്തിൽ നിന്നു ചെലവഴിച്ചു എന്നത് വീഴ്ചയാണെങ്കിലും ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടച്ചിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി.

2) പ്രോജക്റ്റിന്റെ ബാക്കി വിഹിതം കൂടി ഈ വർഷം ചെലവഴിക്കാനും അതിൽ പഞ്ചായത്തിൽ ലഭിച്ച ഗുണഭോക്തൃവിഹിതം കൂടി ചേർത്ത് പ്രോജക്റ്റിലെ ആകെ ചെലവ് എസ്.സി.പി വിഹിതത്തിന്റെ 75 ശതമാനമായി പരിമിതപ്പെടുത്താനും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.21 ഇടുക്കി ജില്ലാ പഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്തും ഇടുക്കി ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 10.06.2021 – ലെ 10(1)-ാം നമ്പർ തീരുമാനവും (SRG** 266/21 – CC 179/21 **)**

ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള അരിക്കുഴി കൃഷിത്തോട്ടത്തിന് 62 ഏക്കർ സ്ഥലവും 65 തൊഴിലാളികളും ഉണ്ട്. ഫാമിന് ഒരു പിക്ക് അപ് വാൻ ഉണ്ട്. ഫാമിലെ ജോലികളും മറ്റും പരിശോധിക്കുന്നതിന് ഒരു സ്കൂട്ടർ തനത്ഫണ്ട് ഉപയോഗിച്ച് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം: -** കൃഷി തോട്ടത്തിന്റെ മേൽനോട്ടത്തിനായതിനാൽ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.22 പഞ്ചായത്ത് ഡയറക്ടറേറ്റ്

**പഞ്ചായത്ത് ഡയറക്ടറുടെ 03.08.2021 ലെ** PAN/7621/2021-J8 (DP) **നമ്പർ കത്ത് (SRG** 366/**21 )**

തദ്ദേശഭരണസ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും **Centralised Procurement and Rate Contract System (CPRCS)** മുഖേന വാങ്ങണമെന്നാണ് സർക്കാർ നിർദ്ദേശം. എന്നാൽ **CPRCS** മുഖേന ലാപ് ടോപ്, കമ്പ്യൂട്ടർ ഇവ കിട്ടാൻ കാലതാമസമുണ്ട്. 486 ഗ്രാമപഞ്ചായത്തുകൾ പർച്ചേസ് ഓർഡർ നൽകി ഐ.റ്റി.മിഷന്റെ അക്കൗണ്ടിൽ തുക (10,02,48,017/- രൂപ) അടച്ചുവെങ്കിലും ഉപകരണങ്ങൾ ഇനിയും കിട്ടിയിട്ടില്ല.

2020-ൽ ഇതേവിഷയം കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നു. പർച്ചേസ് ഓർഡർ നൽകിയശേഷം ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലും വിലയിലും ടെണ്ടർ/ഇ-ടെണ്ടർ നടപടി ക്രമത്തിലൂടെ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. എന്നാൽ **CPRCS** മുഖാന്തിരം സാധനങ്ങൾ വാങ്ങുമ്പോൾ വില മുൻകൂറായി ഐ.റ്റി മിഷനിൽ അടയ്ക്കണം. കമ്പ്യൂട്ടറും മറ്റും ലഭിക്കാൻ കാലതാമസമുണ്ടായാൽ ഈ തുക തിരികെ ലഭിക്കാൻ വളരെ താമസമെടുക്കും. തുക തിരികെ ലഭിച്ചാൽ മാത്രമെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മറ്റു രീതിയിൽ പർച്ചേസ് ചെയ്യാൻ സാധിക്കു. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ടെണ്ടർ **/**ഇ-ടെണ്ടർ നടപടിയിലൂടെ വാങ്ങുന്നതിന് തടസ്സം നേരിടുന്നു.

ഈ സാഹചര്യത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും **CPRCS**, **GEM**, ടെണ്ടർ, ഇ-ടെണ്ടർ എന്നിവയിലേതെങ്കിലും മാർഗ്ഗത്തിലൂടെ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. അതോടൊപ്പം തന്നെ **CPRCS** മുഖാന്തിരം വാങ്ങുമ്പോൾ അഡ്വാൻസ് ആയി തുക അടവാക്കുന്ന നിലവിലെ നടപടിക്രമം ഒഴിവാക്കി ഉപകരണങ്ങൾ വിതരണം ചെയ്തതിനു ശേഷം വില നൽകുന്ന രീതി അവലംബിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

ഇതിന്മേൽ ഐ.റ്റി മിഷൻ പ്രതിനിധി താഴെപ്പറയുന്ന വിശദീകരണങ്ങൾ യോഗത്തിൽ നൽകി.

01.03.2021 മുതൽ 13.09.2021 വരെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് 6729 ഐ.റ്റി ഉപകരണങ്ങൾക്കുള്ള ഓർഡറാണ് ലഭിച്ചിരുന്നതെന്ന് (ലാപ് ടോപ്, കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ) ഐ.റ്റി മിഷൻ പ്രതിനിധി അറിയിച്ചു. ഇതിൽ 4500 ഐ.റ്റി

ഉപകരണങ്ങൾ ഇതിനകം വിതരണം ചെയ്തെന്നും ബാക്കിയുള്ള 2229 ഐ.റ്റി ഉപകരണങ്ങൾ സെപ്റ്റംബർ 30നകം നൽകുമെന്നും ഐ.റ്റി മിഷൻ പ്രിതിനിധി അറിയിച്ചു. ഉപകരണങ്ങൾ നൽകുന്നതിന് ഒരു മാസത്തിലധികം കാലതാമസ മുണ്ടായാൽ തുക തിരികെ ലഭിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടാൽ ഒരാഴ്ചയ്ക്കകം തുക തിരികെ നൽകാമെന്നും പ്രതിനിധി അറിയിച്ചു. ഇതിനകം ഉപകരണങ്ങൾ കെൽട്രോൺ സപ്ലൈ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഒരാഴ്ച സമയമെടുക്കുന്നത്. ഐ.റ്റി. മിഷൻ പ്രതിനിധിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം: -** CPRCS മുഖേന ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡിപ്പോസിറ്റ് ചെയ്ത തുക തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തിരികെ വാങ്ങാവുന്നതാണ്. ഇതുപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകുന്നു. ഐ.റ്റി മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം കോഓർഡിനേഷൻ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള മിഡിൽ ലെവൽ ലാപ് ടോപ്, ആകണം വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങേണ്ടത് എന്നും വില ഐ.റ്റി മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം നിശ്ചയിച്ചതാവ ണമെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.23 നെടുവത്തൂർ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.07.2021-ലെ കത്തും നെടുവത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.10.2019-ലെ 4(1)-ാം നമ്പർ തീരുമാനവും**

**(SRG 339/21 – CC/189/20)**

നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലെ ഒറ്റ പ്ലാവിള വീട്ടിലെ ഭാസുര എന്ന ആൾ (D/o കുഞ്ഞുപെണ്ണ്) അഗതി രഹിത കേരളം (ആശ്രയ) പദ്ധതിയിൽ മുമ്പ് ഉൾപ്പെട്ടിരുന്നുവെങ്കിലും പിന്നീട് ഒഴിവാക്കി. ആശ്രയ ലിസ്റ്റിൽ ഉള്ള ആളാണെന്ന് വി.ഇ.ഒ. ഇപ്പോൾ റിപ്പോർട്ട് നൽകിയിട്ടുണ്ട്. 2004-05-ൽ പഞ്ചായത്തിൽ നിന്നു ലഭിച്ച സ്ഥലത്ത് മൺകട്ട കെട്ടിയ വീട്ടിലാണ് താമസിക്കുന്നത്. മേൽക്കൂര ചോർന്നൊലിക്കു ന്നതാണെന്നും ഭവന നിർമ്മാണ ആനുകൂല്യത്തിന് അർഹത ഉള്ളവരാണെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ഇവർ ലൈഫ് ലിസ്റ്റിൽ ഇല്ല. മാനസിക രോഗികൂടി ആയ ഇവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി വീടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- അഗതി കേരളം ലിസ്റ്റിൽ ഉൾപ്പെട്ട ആളാണെന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.24 പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (PRTC) കോഴിക്കോട്

**പഞ്ചായത്ത് ഡയറക്ടറുടെ 11.02.2021-ലെ PAN/23036/2018 - J1 (DP) നമ്പർ കത്തും PRTC അഡ്മിനിസ്ട്രേറ്ററുടെ 12.09.2020-ലെ 1101/T/VRK/PRTC/20-ാം നമ്പർ കത്തും പ്രോജക്ട് റിപ്പോർട്ടും (SRG 162/21)**

പൊതുവിഭാഗത്തിലും എസ്.സി/എസ്.റ്റി. വിഭാഗത്തിലുംപെട്ട നിയമ ബിരുദധാരികൾക്ക് മുനിസിഫ്, മജിസ്ട്രേറ്റ്, ലീഗൽ ഓഫീസർ, ലേബർ ഓഫീസർ തുടങ്ങിയ നിയമ മേഖലയിലേക്കുള്ള പരീക്ഷകൾക്കായി പരിശീലനം **PRTC** നൽകാൻ ഉദ്ദേശിക്കുന്നു. മൂന്ന് മാസത്തെ റസിഡൻഷ്യൽ പരിശീലനമാണ് നൽകുന്നത്. ഒരു ഉദ്യോഗാർത്ഥിക്ക് ആകെ 60,000/- രൂപ ചെലവാകും. ഉദ്യോഗാർത്ഥി 10 ശതമാനം ചെലവും ബാക്കി തദ്ദേശഭരണ സ്ഥാപനവും വഹിക്കണം. ഈ പരിശീലനം നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം വകയിരുത്താൻ അനുമതി നൽകണമെന്നും **PRTC** -യെ ഈ പരിശീലനം നൽകുന്ന അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കണമെന്നും സംബന്ധിച്ച്.

**തീരുമാനം** :- 1) ആവശ്യം നിരസിക്കുന്നു.
2) ഇത്തരം പരിശീലനങ്ങൾ നടത്തുന്നതിന് കുടുംബശ്രീക്ക് ക്രമീകരണം ചെയ്യാൻ കഴിയുമോ എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 4.25 നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.07.2021-ലെ കത്ത് )SRG 341/21 – CC/211/21)**

**പ്രോ.നം.31/2022** **അടങ്കൽ** : 5,00,000/- **രൂപ**
(CFC - Tied Grant)

***പേര്:- മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്താൻ ക്യാമറ സ്ഥാപിക്കൽ***

മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിന്റെ ഭാഗമായി നെയ്യാറ്റിൻകര മുനിസിപ്പൽ പ്രദേശത്തെ വിവിധ ഭാഗങ്ങളിൽ ക്യാമറ സ്ഥാപിക്കാനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പൊതുതീരുമാനം ഖണ്ഡിക 3.4 കൂടി പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.26 നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.07.2021-ലെ കത്തും നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിലിന്റെ 12.07.2021 ലെ 31-ാം നമ്പർ തീരുമാനവും** (SRG 343/21 – CC/213/21)

**പ്രോ.നം. 168/ 2022** **അടങ്കൽ** : 5,00,000/- **രൂപ**
(CFC Basic Grant)

***പേര്:- നഗരപ്രദേശങ്ങളിൽ സൗജന്യ വൈഫൈ***

നെയ്യാറ്റിൻകര മുനിസിപ്പൽ പ്രദേശത്ത് സൗജന്യ വൈഫൈ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണ സമിതി അനുമതി നൽകിയില്ല. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. എന്നാൽ തൊഴിലിടങ്ങളിലോ പൊതു ഓഫീസ് സ്ഥലത്തോ വൈഫൈ സ്ഥാപിക്കാവുന്നതാണ്. ഇതിന് തനതു ഫണ്ടുപയോഗിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.27 പരപ്പനങ്ങാടി മുനിസിപ്പാലിറ്റി**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.07.2021 ലെ കത്തും (SRG** 344/**21** – CC /234/2021 **)**

**പ്രോ.നം.** 115/ **2022** **അടങ്കൽ** : 20,00,000/- **രൂപ**
**(തനതുഫണ്ട്)**

***പേര്:- നഗരസഭയിലെ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ധനസഹായം***

പാവപ്പെട്ട കിഡ്നി രോഗികൾക്ക് ഡയാലിസിസിന് പ്രതിമാസം പരമാവധി 4,000/- രൂപ നിരക്കിൽ ഡയാലിസിസ് ചെയ്യുന്ന ആശുപത്രിക്ക് നൽകുന്നതിനുള്ള പ്രോജക്ടു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- പൊതുതീരുമാനം ഖണ്ഡിക 3.12 കൂടി പരിഗണിച്ചു വേണം നടപ്പാക്കേണ്ടതെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.28 പരപ്പനങ്ങാടി മുനിസിപ്പാലിറ്റി**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.07.2021 ലെ കത്തും (SRG** 345/**21** – CC /23**3**/2021 **)**

**പ്രോ.നം.** 112/ **2022** **അടങ്കൽ** : 10,00,000/- **രൂപ**
**(തനതുഫണ്ട്)**

***പേര്:- കിഡ്നി മാറ്റിവച്ചവർക്ക് മരുന്ന്***

കിഡ്നി മാറ്റിവച്ചവർക്ക് മരുന്നു വാങ്ങുന്നതിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയതാണ്. രോഗിയെ നിലവിൽ ചികിത്സിക്കുന്ന ഡോക്ടറുടെ കുറിപ്പടി പ്രകാരമോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടറുടെ കുറിപ്പടി പ്രകാരമോ ഉള്ള മരുന്നു വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത്തരം രോഗികൾക്ക് ആവശ്യമുള്ള മരുന്ന് കമ്മ്യൂണിറ്റി/പ്രൈമറി ഹെൽത്ത് സെന്ററിൽ വാങ്ങി ശേഖരിച്ച് കമ്മ്യൂണിറ്റി/ പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.29 താമരശ്ശേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2021 ലെ കത്തും അനുബന്ധ രേഖകളും**

**(SRG 349/21 – CC /1/2021 )**

**പ്രോ.നം. 179/ 2021** **അടങ്കൽ** : 10,00,000/- **രൂപ**
**(സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)**

***പേര്:- ഹരിതകർമ്മസേനയ്ക്ക് മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് വാഹനം വാങ്ങൽ***

ഹരിതകർമ്മസേനയ്ക്ക് മാലിന്യം കൊണ്ടുപോകുന്നതിന് വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 31.03.2006 ലെ 86/06/തസ്വഭവ നമ്പർ പ്രകാരമുള്ള ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ അനുമതി നൽകുന്നു. എന്നാൽ മാലിന്യം ശേഖരിക്കുന്നതിന് പ്രത്യേകം ഡിസൈൻ ചെയ്ത വാഹനമായിരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.30 വൈദ്യുതി വകുപ്പ് – വീട് വയറിംഗ്**

**ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ 02.07.2021 ലെ 229/**m (Ele) Notes/2021-**ാം നമ്പർ കുറിപ്പ് (SRG 372/21)**

ഗാർഹിക ഉപഭോക്താക്കളുടെ ഇടയിൽ ഉണ്ടാകുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി 24.01.2020 ലെ 192/20/തസ്വഭവ ഉത്തരവു പ്രകാരം വീടുവയറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) ചീഫ് ഇലക്ട്രിക്കൽ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 06.12.2019 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമാണ് മുകളിൽ പറഞ്ഞ സർക്കാർ ഉത്തരവിറക്കിയത് എന്ന് യോഗം നിരീക്ഷിച്ചു. ഇതു

പ്രകാരം എസ്.സി, എസ്.റ്റി, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരും 20 യൂണിറ്റ് വൈദ്യുതി ഉപയോഗത്തിൽ കുറവുള്ളവരുമാണ് ഗുണഭോക്താക്കൾ. ഇവർക്ക് ശരിയായ രീതിയിൽ റീവയറിംഗ് ചെയ്ത് 4 പോയിന്റെങ്കിലും ഉണ്ടാകത്തക്ക രീതിയിൽ എർത്ത് ലീക്ക് സർക്യൂട്ട് ബ്രേക്കർ (ELCB) അടക്കമുള്ള വയറിംഗ് ആണ് ഉദ്ദേശിക്കുന്നത്. KSEB ഇതിനു നിശ്ചയിച്ചിരിക്കുന്ന നിരക്ക് 12,287/- രൂപയാണ്. അനുവദനീയമായ വിഹിതം ഇതിനായി ഉപയോഗിക്കാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു. ഇത് സർക്കുലറിലൂടെ/കത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.31 പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.07.2021 ലെ കത്ത് (SRG 347/21 – CC 263/2021 )**

പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ പൊൻമുടി ഭാഗം മലയോരപ്രദേശമാണ്. ഈ പ്രദേശത്ത് ഏകദേശം 250 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഈ കുടുംബങ്ങളിൽ പലർക്കും കക്കൂസ് ഇല്ല. ഇവരിൽ മിക്കവരും താമസിക്കുന്ന സ്ഥലം സ്വകാര്യ വ്യക്തികളുടെ പേരിലാണ്. അതിനാൽ ഇവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ഇവിടെ അർഹരായ 200 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- മെച്ചപ്പെട്ട വീടുകൾക്കാണെങ്കിൽ കക്കൂസ് നിർമ്മിച്ച് നൽകാൻ അനുമതി നൽകുന്നു. എന്നാൽ തകർന്നതോ കാര്യമായ പുനരുദ്ധാരണം/പുതിയ നിർമ്മാണം ആവശ്യമുള്ള ഭവനങ്ങൾക്കോ കക്കൂസ് മാത്രമായി നൽകുന്നത് പ്രയോജനകരമല്ല. ഇതിനായി അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സർവ്വേ നടത്തണം. ഒപ്പം എസ്റ്റേറ്റ് ഉടമയിൽ നിന്ന് കൂടി വിഹിതം ലഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.32 **മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2021 ലെ കത്തും അനുബന്ധ കുറിപ്പും, മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.07.2021 ലെ** P5-1341/22-ാം **നമ്പർ കത്തും (SRG** 350/**21** – CC **271**/2021 **)**

**പ്രോ.നം. 515/ 2022** **അടങ്കൽ** : **50,00,000/- രൂപ**
**(വികസനഫണ്ട് ജനറൽ)**

***പേര്:- ഡയാലിസിസ് രോഗികൾക്ക് ധനസഹായം – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ***

ഡയാലിസിസ് രോഗികൾക്ക് പ്രതിമാസം 4000/- രൂപ ധനസഹായം നൽകുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. മതിയായ ഫണ്ട് കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടെന്ന് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്രസിഡന്റു മാരുടെ യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4000/- രൂപയുടെ 25 ശതമാനം വീതം ജില്ലാപഞ്ചായത്തും ബ്ലോക്കുപഞ്ചായത്തും വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡയാലിസിസ് രോഗികൾക്ക് പ്രതിമാസം പരമാവധി 4000/- രൂപ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് 50 ശതമാനം, ജില്ലാ പഞ്ചായത്ത് 25 ശതമാനം, ബ്ലോക്ക് പഞ്ചായത്ത് 25 ശതമാനം വീതം വകയിരുത്തി സംയുക്ത പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഈ പ്രോജക്ട് ജില്ലാ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്ത് നേരിട്ട് നടത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ചാരിറ്റബിൾ സൊസൈറ്റി, സന്നദ്ധസംഘടനകൾ മുഖേന നടത്താവുന്നതല്ല. രോഗികൾക്കുള്ള ധനസഹായം ബന്ധപ്പെട്ട ആശുപത്രികൾക്കാണ് നൽകേണ്ടത്. പൊതു തീരുമാനം ഖണ്ഡിക 3.12 പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.33 **കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.07.2021 ലെ കത്തും ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 27.06.2021 ലെ കത്തും അനുബന്ധ രേഖകളും (SRG 354/21** – CC **2**43/2021 **)**

**പ്രോ.നം.** 21**/ 22** **അടങ്കൽ** : 35,00,000/- **രൂപ**
**(വികസനഫണ്ട് -ജനറൽ)**

***പേര്:- സ്നേഹസ്പർശം***

കോഴിക്കോട് ജില്ലാപഞ്ചായത്ത് 2011 മുതൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭ, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സ്നേഹസ്പർശം എന്ന പദ്ധതി നടപ്പാക്കുന്നു. 2017-18 മുതൽ ഓരോ വർഷവും സർക്കാർ (കോഓർഡിനേഷൻ കമ്മിറ്റിയുടെ) അനുമതിയോടെയാണ് നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ

സ്നേഹസ്പർശം കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി എന്ന സൊസൈറ്റിയാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഈ പദ്ധതിയിലൂടെ വൃക്കരോഗികൾക്ക് ഡയാലിസിസിനു ധനസഹായം, വൃക്കമാറ്റി വച്ചവർക്ക് മരുന്ന്, ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ്, ബോധവത്ക്കരണ ക്ലാസ്സ്, എയ്ഡ്സ് രോഗികൾക്ക് താമസസൗകര്യമൊരുക്കൽ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഡയാലിസിസിന് പ്രതിമാസം 3000/- രൂപയാണ് നൽകുന്നത്. ഇതിനായി ജില്ലാ പഞ്ചായത്ത് 35.00 ലക്ഷം രൂപ, കോർപ്പറേഷൻ 75.00 ലക്ഷം രൂപ, നഗരസഭകൾ 5.00 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്തുകൾ 5.00 ലക്ഷം രൂപ, ഗ്രാമപഞ്ചായത്തുകൾ 3.00 ലക്ഷം രൂപ എന്നിങ്ങനെയാണ് ഈ വർഷം ഇതിനായി വകയിരുത്തിയിരിക്കുന്നത്. ഈ വർഷവും ഈ പദ്ധതി തുടർന്ന് നടത്താൻ അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :-

1) മുകളിൽ പറഞ്ഞ രീതിയിൽ വിഹിതം വകയിരുത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ച് ചേർത്ത് തീരുമാനമെടുക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. മുൻ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ച പ്രകാരം കണക്കുകളും മറ്റും ലോക്കൽഫണ്ട് ഓഡിറ്റിനും CAG ഓഡിറ്റിനും വിധേയമാക്കേണ്ടതാണ്. ഇതിനുപുറമെ ഇപ്പോൾ തുടരുന്ന ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റും നടത്തണം. മുൻ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ച പ്രകാരം ഓരോ വർഷത്തേയും പ്രവർത്തന റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കണം.
2) ഡയാലിസിസിന് നൽകുന്ന ധനസഹായം അതത് ആശുപത്രികൾക്കാണ് നൽകേണ്ടത്. ഇതിന് പൊതു തീരുമാനം ഖണ്ഡിക 3.12 കൂടി പാലിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.34 മലപ്പുറം ജില്ല**

**മലപ്പുറം ജില്ലാകളക്ടറുടെ 05.06.2021 ലെ 111/2021/22/**DPC/DPO**/** MPM **നമ്പർ കത്തും അനുബന്ധരേഖകളും (SRG 355/21** – CC **279**/2021**)**

ഭിന്നശേഷിവിഭാഗക്കാർക്ക് നൽകുന്ന സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ നൽകുന്നതിന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് **50:25:25** നിരക്കിൽ വിഹിതം ഉൾപ്പെടുത്തണമെന്ന് ജില്ലാ ആസൂത്രണ സമിതി യോഗം തീരുമാനമെടുത്തിട്ടുണ്ട്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ 13.38 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും 6.69 കോടി രൂപ വീതവും (6.69**x2 = 13.38)** നഗരസഭകൾ 5.77 കോടി രൂപയും അടക്കം ആകെ 32.53 കോടി രൂപ വേണം. മാർഗ്ഗരേഖ പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനായി പദ്ധതി വിഹിതത്തിന്റെ 5 ശതമാനം മാറ്റിവയ്ക്കണമെന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പും ബത്തയും മുകളിൽപറഞ്ഞ 5 ശതമാനത്തിൽ പാടില്ലെന്നു നിബന്ധനയുണ്ട്. മുകളിൽ പറഞ്ഞ തുകയുടെ (ആകെ 32.53

കോടി രൂപ) 50 ശതമാനമെങ്കിലും കുട്ടികൾക്കായി മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നെടുക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** :- നിലവിലെ മാർഗ്ഗരേഖ പ്രകാരം ഇത് അനുവദനീയമല്ല എന്ന് യോഗം വിലയിരുത്തി. ഐ.കെ.എം. കണക്കു പ്രകാരം മലപ്പുറം ജില്ലയിൽ കുട്ടികൾക്കായി മാറ്റിവയ്ക്കേണ്ട കുറഞ്ഞ ബഡ്ജറ്റ് വിഹിതം 21.58 കോടി രൂപ മാത്രമാണ്. ജില്ലയുടെ ആവശ്യം പരിഗണിച്ചാൽ ഏകദേശം 16 കോടിരൂപയും ഇതിനായി വേണം. ശേഷിക്കുന്ന 5 കോടി രൂപ മാത്രമാണ് കുട്ടികളുടെ ക്ഷേമത്തിന് പൊതുവായി ലഭിക്കുന്നത്. അതിനാൽ ആവശ്യം പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പരിഷ്കരിക്കുമ്പോൾ ഈ ആവശ്യം പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കാൻ യോഗം നിർദ്ദേശിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.35 **നാദാപുരം ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.07.2021 ലെ കത്ത്** (SRG 356/21 – CC 171/2021)

**പ്രോ.നം. 88/ 22**

**അടങ്കൽ** : 2,09,000/- രൂപ
(എസ്.സി.പി – 2,07,000/-
തനതുഫണ്ട് - 2000)

***പേര്:- പട്ടികജാതി വിദ്യാർത്ഥികൾക്ക് ടാബ് ലെറ്റ് വാങ്ങി നൽകൽ***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ടാബ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേക അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.36 **പുതുപ്പാടി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.07.2021 കത്തും അനുബന്ധരേഖകളും** (SRG 357/21 – CC 141/2021)

**പ്രോ.നം. 55/ 22**

**അടങ്കൽ** : 64,000/- രൂപ
(തനതുഫണ്ട്)

***പേര്:- പഞ്ചായത്ത് ഓഫീസ് യു.പി.എസ് വയറിംഗ് – കെൽട്രോണിന് നൽകാനുള്ള തുക നൽകൽ***

2019-20 ൽ പഞ്ചായത്ത് ഓഫീസിൽ യു.പി.എസ് വയറിംഗിനുള്ള പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം.336/20 അടങ്കൽ 70,000/- രൂപ – തനത് ഫണ്ട്). ഇതിനായി **P.W.D** ഇലക്ട്രിക്കൽ വിഭാഗം 66,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. പ്രവർത്തി കെൽട്രോണിനെ ഏല്പിച്ചു. **P.W.D** ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 16 പോയിന്റുകളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 25 പോയിന്റ് ചെയ്തു. ഇത്രയും ആവശ്യമാണെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ബാക്കി തുകയായ 63,988/- രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.37 ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.07.2021 ലെ കത്തും ചെർപ്പുളശ്ശേരി മുനിസിപ്പൽ സെക്രട്ടറിയുടെ 27.07.2021 ലെ** P1/1588/21-ാം **നമ്പർ കത്തുകളും (രണ്ടെണ്ണം) (SRG 358/21** – CC **277**/2021 **)**

**പ്രോ.നം. 244/ 22** **അടങ്കൽ 10,00,000/- രൂപ**
**(സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)**

***പേര്:- മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ***

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മാലിന്യം ശേഖരിക്കുന്നതിനായി പ്രത്യേകം രൂപ കല്പന ചെയ്തു വാഹനം വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** :- 31.03.2006 ലെ 86/06/തസ്വഭവ നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ മാലിന്യശേഖരണത്തിന് പ്രത്യേക രൂപകല്പന ചെയ്ത വാഹനമാകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.38 ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.07.2021 ലെ കത്തും ചെർപ്പുളശ്ശേരി മുനിസിപ്പൽ സെക്രട്ടറിയുടെ 27.07.2021 ലെ** P1/1588/21-ാം **നമ്പർ കത്തുകളും (രണ്ടെണ്ണം) (SRG 359/21** – CC **278**/2021 **)**

**പ്രോ.നം. 191/ 22** **അടങ്കൽ 1,00,000/- രൂപ**
**(തനതുഫണ്ട്)**

***പേര്:- നഗരസഭയിലേക്ക് ഇരുചക്രവാഹനം വാങ്ങൽ***

നഗരസഭയിൽ ഫീൽഡുതല ഉദ്യോഗസ്ഥർക്കായി ഒരു ഇലക്ട്രിക്ക് സ്കൂട്ടർ വാങ്ങാൻ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.39 കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

**കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.07.2021 ലെ** A2-134/21-ാം **നമ്പർ കത്തും ലൈഫ് മിഷൻ കോട്ടയം ജില്ലാ കോഓർഡിനേറ്ററുടെ 15.04.2021 ലെ 25/**LF-KTM/2021 –ാം **നമ്പർ കത്തും (SRG 362/21)**

പഞ്ചായത്തിലെ എം.എൻ.രാജൻ, മന്ദിരം പറമ്പിൽ എന്ന ആൾ വീടു നിർമ്മിച്ച് നൽകണമെന്ന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇയാൾ ലൈഫ് മൂന്നാംഘട്ട ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും കെ.എസ്.ആർ.ടി.സി പെൻഷനറായതിനാൽ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. 7000 രൂപ മാത്രമാണ് പ്രതിമാസ പെൻഷൻ എന്നും ക്യാൻസർ രോഗിയാണെന്നും അറിയിച്ചുകൊണ്ട് ഇയാളെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇത് ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററും ശുപാർശ ചെയ്തിട്ടുണ്ട്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.40 Kerala State Pottery Manufacturing, Marketing and Welfare Development Corporation

**പഞ്ചായത്തു ഡയറക്ടറുടെ 17.04.2021 ലെ** PAN/3188/2021-J1 (DP) **നമ്പർ കത്തും** Kerala State Pottery Manufacturing, Marketing and Welfare Development Corporation Ltd. (KSPMMWDC) **മാനേജിംഗ് ഡയറക്ടറുടെ 03.02.2021 ലെ** KSPMMWDC/33/2019-ാം **നമ്പർ കത്തും (SRG 218/21)**

മാർഗ്ഗരേഖപ്രകാരം ഗാർഹിക ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനത്തിന് സബ്സിഡി നൽകാൻ അനുമതിയുണ്ട്. ഇതിന്റെ ഭാഗമായി ഗാർഹിക പോട്ട് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കാൻ കൂടി അനുമതി നൽകണമെന്നും അതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്. യൂണിറ്റ് ചെലവ് 1300/- രൂപ.

**തീരുമാനം :-** ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൂടി അഭിപ്രായപ്പെട്ടതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

### 4.41 കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്ത് (SRG 265/21** – CC / 163/21**)**

**പ്രോ.നം.** 62/ **22** | **അടങ്കൽ** 20,00,000/- **രൂപ**

**(വികസനഫണ്ട് – 12,00,000/- രൂപ**

**തനതു ഫണ്ട് – 8,00,000/- രൂപ**)

***പേര്:- കരിമണ്ണൂർ ട്രഷറിക്ക് സ്ഥലം വാങ്ങൽ***

കരിമണ്ണൂർ സബ് ട്രഷറിക്ക് സ്ഥലം വാങ്ങുന്നതിനു വേണ്ടിയുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു.

ട്രഷറി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനമല്ലാത്തതിനാലാണ് അനുമതി നിരസിച്ചത്. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.42 ബൈസൺവാലി ഗ്രാമപഞ്ചായത്ത്**

**ഇടുക്കിജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്തും ബൈസൺവാലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.04.2021 ലെ 3(4)-ാം നമ്പർ തീരുമാനവും (SRG 263/21** – CC / 151/21**)**

**പ്രോ.നം. 83/ 22** **അടങ്കൽ 2,00,000/- രൂപ**
**(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്**)

***പേര്:- ബൈസൺ വാലി ഓപ്പൺ മാർക്കറ്റ് അറ്റകുറ്റപ്പണി***

ബൈസൺ വാലി ഓപ്പൺ മാർക്കറ്റിന്റെ ഭിത്തികെട്ടി അടച്ചുറപ്പുള്ളതാക്കി മാറ്റുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഘടക സ്ഥാപനമെന്ന നിലയിൽ കൈമാറ്റം ചെയ്യപ്പെട്ടതല്ലാത്തതിനാൽ ഇതിനു നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. തനതുഫണ്ടുപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.43 തദ്ദേശസ്വയം ഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം**

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.07.2021 ലെ** DB1/7942/10/ CE/LID & EW **നമ്പർ കത്ത്. (SRG 368/21)**

നിലവിലെ ഉത്തരവു പ്രകാരം 5.00 ലക്ഷം രൂപക്ക് മുകളിൽ എസ്റ്റിമേറ്റ്തുക വരുന്ന പ്രവർത്തികളുടെ ടെണ്ടർ ശതമാനനിരക്കിനു പകരം ഇനം അനുസരിച്ച് നിരക്ക് ക്വാട്ട് ചെയ്യണം. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന ടെണ്ടറുകൾ നെഗോഷ്യേറ്റ് ചെയ്യുന്നതും ഇനം നിരക്ക് പരിഗണിച്ചാണ്. തദ്ദേശസ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് സ്റ്റാഫ് പരിമിതമാണ്. ഉദാഹരണത്തിന് ഗ്രാമപഞ്ചായത്തുകളിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ടു ഓവർസിയറും ആണുള്ളത്. ടെണ്ടർ അംഗീകരിക്കുന്നത് ഭരണസമിതിയാണെങ്കിലും അത് ബന്ധപ്പെട്ട എഞ്ചിനീയറുടെ ശുപാർശ അനുസരിച്ചാണ്. ജോലി ഭാരം കൂടുതലുള്ള ഈ സാഹചര്യത്തിൽ ജോലി ഭാരം ലഘൂകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. തദ്ദേശഭരണ വകുപ്പിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി പൊതുമരാമത്ത് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. ടെണ്ടർ അംഗീകരിക്കുന്നത് പൊതുമരാമത്ത് മാന്വൽ പ്രകാരമല്ല എന്നതിനാൽ ഇതിനു സാങ്കേതിക

തടസ്സം ഇല്ല. ഈ സാഹചര്യത്തിൽ 25.00 ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് ഉള്ള പ്രവർത്തികൾ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇനം തിരിച്ചുള്ള ടെണ്ടറിനു പകരം ശതമാന നിരക്കിലേക്ക് (ആകെ എസ്റ്റിമേറ്റ തുകയ്ക്ക്) ടെണ്ടർ രീതി മാറ്റണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) ഇതുപരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് ടെക്നിക്കൽ എക്സാമിനർ, ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന കമ്മിറ്റിയെ യോഗം ചുമതലപ്പെടുത്തി. കമ്മിറ്റി കൂടുന്നതിനും മറ്റും ആവശ്യമായ തുടർനടപടി തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയർ സ്വീകരിക്കണം.

2) എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും 25.00 ലക്ഷം രൂപ എന്ന പരിധി നിശ്ചയിക്കണോ ഓരോ തട്ടിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് (ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ, നഗരസഭകൾ) വിവിധ നിരക്ക് നിശ്ചയിക്കണോ എന്നതുകൂടി കമ്മിറ്റി പരിശോധിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.44 തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം
**തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.06.2021 ലെ** DB1/6821/2021/CE/ **തസ്വഭവ നമ്പർ കത്ത് (SRG 369/21)**

തദ്ദേശഭരണസ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്ന പൊതുമരാമത്ത് പ്രവർത്തികളുടെ നിരക്ക് ഡി.എസ്.ആർ 2016 നെ ആസ്പദമാക്കിയാണ് നിലവിൽ തയ്യാറാക്കിയിരിക്കുന്നത്. ഇതോടൊപ്പം ജി.എസ്.റ്റിയും കൂട്ടിച്ചേർക്കും. കേന്ദ്രപൊതുമരാമത്ത് വകുപ്പ് 2016-ലെ ഡി.എസ്.ആർ പബ്ലിഷ് ചെയ്തതിനുശേഷം 2018ലും 2019 ലും റേറ്റ് പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സമയാസമയങ്ങളിൽ **Cost Index** ൽ വ്യത്യാസം വരുത്തുകയും ചെയ്തു. എന്നാൽ സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികളിൽ 2016 ഡി.എസ്.ആർ നിരക്കിനോട്ടു കൂടി മെയ് 2019 ലെ കോസ്റ്റ് ഇൻഡക്സ് ആണ് നിലവിലും ഉപയോഗിച്ചുവരുന്നത്. ഇതുകാരണം **CPWD** നിരക്കിൽ നിന്നും 38 ശതമാനം വരെ കുറഞ്ഞ നിരക്കിലാണ് സംസ്ഥാന പൊതുമരാമത്ത് പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഈ വ്യത്യാസം ക്രമവത്കരിക്കുന്നതിന് **PWD / Irrigation** വകുപ്പുകളിൽ ടെണ്ടർ എക്സസ്സ് നൽകുന്നു. എന്നാൽ **LSGD** പ്രവർത്തികൾക്ക് ടെന്റർ എക്സസ് അനുവദനീയമല്ല. അതിനാൽ **LSGD** പ്രവർത്തികൾ കരാറുകാരൻ ഏറ്റെടുക്കുന്നതിൽ വിമുഖത കാണിക്കുന്നു.

അതിനാൽ നിലവിലെ ഡി.എസ്.ആർ 2019 പ്രാവർത്തികമാക്കുന്നതിനും അതിനനുസരിച്ചുള്ള കോസ്റ്റ് ഇൻഡക്സ് പരിഷ്കരിക്കുന്നതിനും നടപടി കൈക്കൊള്ളണമെന്ന ആവശ്യം സംബന്ധിച്ച്. 15.08.2021 മുതൽ 2018 **DSR** പ്രാബല്യമാക്കികൊണ്ടു ധനവകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടെങ്കിലും പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം തദ്ദേശഭരണസ്ഥാപന

ങ്ങളുടെ എല്ലാ നിർമ്മാണ പ്രോജക്ടുകളുടേയും എസ്റ്റിമേറ്റ് പുതുക്കുക എന്നത് ഈ വർഷം ബുദ്ധിമുട്ടാണ് എന്ന് ചീഫ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു. അതിനാൽ ഈ വർഷത്തേക്ക് ടെണ്ടർ എക്സസ് അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇതുസംബന്ധിച്ച ഫയൽ ധനവകുപ്പിന് നൽകിയിട്ടുണ്ടെന്നും വിഷയം ധനവകുപ്പിന്റെ പരിഗണനയിലാണെന്നും തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ധനവകുപ്പിന്റെ തീരുമാനം വേഗത്തിലാക്കാൻ ആവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.45 ബൈസൺവാലി ഗ്രാമപഞ്ചായത്ത്**

**ഇടുക്കിജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്തും ബൈസൺവാലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ** 19.3.2021 **ലെ** 4(4)-ാം **നമ്പർ തീരുമാനവും (SRG 261/21** – CC / 143/21**)**

**പ്രോ.നം.** 30**/ 22**

**അടങ്കൽ** 8,00,000/- **രൂപ**
**(വികസനഫണ്ട് 4,00,000/-**
**ഗുണഭോക്തൃ വിഹിതം – 4,00,000/- രൂപ**)

***പേര് – തേനീച്ച വളർത്തൽ***

പഞ്ചായത്തിൽ തേനീച്ചകൃഷിക്കായി പെട്ടിക്കു പകരം മണ്ണുകൊണ്ടുള്ള കൂടുകൾ ഉപയോഗിക്കുന്നതിനു പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്കു നൽകിയിട്ടുണ്ട്. ഇവിടുത്തെ കാലാവസ്ഥയിൽ പെട്ടികളിലെ തേനീച്ച കൂടുവിട്ടു പോകുന്നുവെന്നും മണ്ണുകൊണ്ടുള്ള കൂടുകൾ കർഷകർക്ക് കൂടുതൽ പ്രയോജനകരമെന്നും അറിയിച്ചിരിക്കുന്നു. അതിനാൽ സാധാരണ തേനീച്ചപ്പെട്ടിക്കു പകരം മണ്ണുകൊണ്ടുള്ള കൂടുകൾ ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- മണ്ണുകൊണ്ടുള്ള കൂടിന്റെ ഗുണമേന്മ സംബന്ധിച്ച് കാർഷിക സർവ്വകലാശാലയുടെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ കൃഷി വകുപ്പു ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)കൃഷി ഡയറക്ടർ**
**3) പഞ്ചായത്ത് ഡയറക്ടർ**

4.46 **വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്**

**ഇടുക്കിജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്ത് (SRG 260/21** – CC / 103/21**)**

**പ്രോ.നം. 12/ 21** **അടങ്കൽ :- 42,50,000/- രൂപ (തനത്ഫണ്ട്)**

***പേര്* – *വീട്* പുനരുദ്ധാരണം**

വീട്ടു പുനരുദ്ധാരണത്തിലുള്ള പ്രോജക്ട 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഗുണഭോക്തൃ ലിസ്റ്റിലുള്ള ശ്രീ ഷാജഹാൻ മാട്ടയിൽ എന്ന ആൾക്ക് 2015-ൽ ഭവന പുനരുദ്ധാരണത്തിന് 25,000/- രൂപ ധനസഹായം നൽകിയതാണ്. അപേക്ഷകന്റെ ഭാര്യ ക്യാൻസർ രോഗിയായതിനാൽ വീട്ടു പുനരുദ്ധാരണത്തിനു സാധിക്കുന്നില്ല. ഈ വർഷം വീണ്ടും 50,000/- രൂപ ധനസഹായം നൽകാൻ പ്രോജക്ട ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- വീട്ടു വാസയോഗ്യമല്ലെന്നുള്ള അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.47 **ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.02.2021 ലെ 5(1)-ാം നമ്പർ തീരുമാനവും (SRG 258/21** – CC/123/21)**)**

പഞ്ചായത്ത് ഓഫീസ് പരിസരവും ഓഫീസ് കെട്ടിടങ്ങളും സംരക്ഷിക്കുന്നതിനായി കെട്ടിടങ്ങൾക്കു ചുറ്റും സുരക്ഷിതമായ ട്രഞ്ച് നിർമ്മിക്കുവാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഇങ്ങനെ ട്രഞ്ച് കുഴിക്കാനുള്ള പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നും അതിനായി മൈക്രോസെക്ടർ കോഡ് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇങ്ങനെ ട്രഞ്ച് സ്ഥാപിക്കുന്നതിന്റെ സാധ്യതയും ആവശ്യകതയും ഏകദേശ ചെലവും തദ്ദേശസ്വയം ഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. വിശദാംശം ലഭിക്കുന്ന മുറയ്ക്ക് പിന്നീട്ടു പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.48 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2021 ലെ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.02.2021 ലെ 2(2)-ാം നമ്പർ തീരുമാനവും**

**(SRG 257/21 – CC/122/21))**

ജനകീയാസൂത്രണമാർഗരേഖ പ്രകാരം ഓരോ മേഖലയ്ക്കും വകയിരുത്തേണ്ട തുക സംബന്ധിച്ച് ഉയർന്ന പരിധി, കുറഞ്ഞ പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന ഉയർന്ന പരിധിയും (30 ശതമാനം) ഉല്പാദന മേഖലയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ പരിധിയും (30 ശതമാനം) ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 2019-20, 2020-21 വർഷം മേഖലാ വിഭജനത്തിൽ ഇളവു നൽകിയിട്ടുണ്ടായ മാറ്റം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും. ഓരോ മേഖലയ്ക്കും ഈ വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവും ഐ.കെ.എം. പ്ലാനിംഗ് ബോർഡ് ചീഫിനു നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം.**
**3) ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്**

**4.49 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 09.07.2021 ലെ കത്തും കോട്ടയം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 12.02.2021 ലെ** A4/1021/2018/PAU **നമ്പർ കത്തും (SRG 233/21 – CC/102/21))**

**പ്രോ.നം. 1503/ 21** — **അടങ്കൽ 8,00,000/- രൂപ (വികസനഫണ്ട് – ജനറൽ)**

**പ്രോ.നം. 1517/ 21** — **അടങ്കൽ 12,00,000/- രൂപ (എസ്.സി.പി)**

**പ്രോ.നം. 1521/ 21** — **അടങ്കൽ 8,00,000/- രൂപ (റ്റി.എസ്.പി)**

***പേര് : എട്ടുമുറി കോളനി സമഗ്രവികസനം***

കുറിച്ചി ഗ്രാമപഞ്ചായത്തിൽ ഒൻപതാം വാർഡിൽ എട്ടുമുറി കോളനി സമഗ്രവികസനം എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇതിൽ പൊതുവിഭാഗത്തിൽപ്പെടുന്ന 2 കുടുംബങ്ങൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട 3 കുടുംബങ്ങൾ

പട്ടികവർഗ്ഗവിഭാഗത്തിൽ ഉൾപ്പെടുന്ന 2 കുടുംബങ്ങൾ എന്നിങ്ങനെയായിരുന്നു ഗുണഭോക്താക്കൾ. ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങൾ ആയതിനാൽ ഇതിനുള്ള വിഹിതം ലൈഫ് മിഷനായി മാറ്റിവച്ചിരിക്കുന്ന 20 ശതമാനം ഫണ്ടിനു പുറമെ കണ്ടെത്തണമെന്ന നിർദ്ദേശത്തോടെയാണ് കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേക അനുമതി നൽകിയത്. ആകെയുള്ള ഏഴ് ഗുണഭോക്താക്കളിലെ ജനറൽ വിഭാഗത്തിൽപ്പെടുന്ന ചിന്നമ്മ സർവ്വീസ് പെൻഷനറാണ്. വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം വാർഷിക വരുമാനം 2,63,808/- രൂപയാണ്. ജനറൽ വിഭാഗത്തിൽപ്പെട്ട മറ്റൊരു ഗുണഭോക്താവായ ശ്രീമതി ശാന്തമ്മയുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട മകന് സ്വന്തമായി വീടുണ്ട്.

ഏഴ് കുടുംബങ്ങൾ താമസിക്കുന്ന ജീർണ്ണിച്ച കെട്ടിടം പൊളിച്ചു മാറ്റിയാണ് ഇവിടെ പുതിയ ഭവനങ്ങൾ പണിയുന്നത്. മുകളിൽ പറഞ്ഞ രണ്ടു ഗുണഭോക്താക്കൾ ലൈഫ് മാനദണ്ഡമനുസരിച്ച് ആനുകൂല്യത്തിന് അർഹരല്ല. ഇവരെ ഒഴിവാക്കി മറ്റുള്ളവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നത് പ്രായോഗികമല്ല. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ രണ്ടു പേർക്കു ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ശ്രീമതി ശാന്തമ്മ എന്ന ഗുണഭോക്താവിന് ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകുന്നു. ചിന്നമ്മ എന്ന ഗുണഭോക്താവ് സർവ്വീസ് പെൻഷനർ ആണ് എന്നതു കൂടി പരിഗണിച്ച് ലൈഫ് നിരക്കിന്റെ 60 ശതമാനം ജില്ലാ പഞ്ചായത്തും 40 ശതമാനം ഗുണഭോക്താവും വഹിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.50 വെച്ചൂർ ഗ്രാമപഞ്ചായത്ത്
**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.07.2021 ലെ കത്തും അനുബന്ധ രേഖകളും (SRG 334/21 – CC/162/21))**

വെച്ചൂർ ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവർത്തികൾക്ക് ആവശ്യമുള്ള ഗ്രാവൽ മണ്ണ് ലഭ്യമാക്കുന്നത് വെട്ടയ്ക്കൽ (എറണാകുളം ജില്ല) നീണ്ടൂർ (കോട്ടയം ജില്ല) എന്നീ സ്ഥലങ്ങളിൽ നിന്നാണ്. ഇത് പഞ്ചായത്തിൽ എത്തുമ്പോൾ 950/m3 ആണ് ചെലവ്. എന്നാൽ പ്രൈസ് സോഫ്റ്റ് വെയറിലെ അനുവദനീയ നിരക്ക് 428.15/ m3 മാത്രമാണ്. കുട്ടനാട് പ്രദേശമായ കുമരകം, അയ്മനം, തിരുവാർപ്പ്, ആർപ്പൂക്കര എന്നീ പഞ്ചായത്തുകളിൽ ഗ്രാവൽ മണ്ണിന് പ്രത്യേക നിരക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. വെച്ചൂർ പഞ്ചായത്തിനു പ്രത്യേകം നിരക്ക് അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇതുപരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

## 4.51 വാഴൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.07.2021 ലെ കത്തും വാഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.05.21 ലെ 2(2)-ാം നമ്പർ തീരുമാനവും (SRG 335/21 – CC/161/21))**

**പ്രോ.നം. 25/ 21** **അടങ്കൽ 12,77,400/- രൂപ (തനത് ഫണ്ട്)**

***പേര് : വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ അധിക സ്റ്റാഫുകൾക്ക് വേതനം.***

പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്. PHC / CHC കൾ ഉച്ചകഴിഞ്ഞു കൂടി പ്രവർത്തിക്കുന്നതിന് ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും അധികമായി നിയമിക്കാൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുണ്ട്. അതിനുള്ള ചെലവ് തദ്ദേശഭരണസ്ഥാപനത്തിൽ നിന്നു ചെലവഴിക്കാനാണ് നിർദ്ദേശം. വാഴൂർ FHC യിൽ രോഗികളുടെ എണ്ണം കൂടുതലാണെന്നത് കണക്കിലെടുത്ത് (പ്രതിമാസം ഏകദേശം 4000 പേർ) കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതിയോടെ മുകളിൽ പറഞ്ഞതിനു പുറമെ ഒരു നേഴ്സിനെകൂടി 2019-20, 2020-21 വർഷം നിയമിച്ചിരുന്നു. കൊവിഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷം കൂടി (2021-22) അധികമായി ഒരു നേഴ്സിനെക്കൂടി നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തേക്കു കൂടി അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.52 ആനക്കര ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.07.2021 ലെ കത്തും ആനക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.07.2021 ലെ കത്തും (SRG 338/21 – CC/83/21))**

**പ്രോ.നം. 201/ 20** **അടങ്കൽ 4,39,824/- രൂപ (എസ്.സി.പി)**

**പ്രോ.നം. 206/ 20** **അടങ്കൽ 7,14,714/- രൂപ (എസ്.സി.പി)**

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിനായി 2019-20ൽ രണ്ടു പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ലാപ് ടോപ് KELTRON ൽ നിന്നു ലഭിച്ചപ്പോൾ 26 കുട്ടികൾ പഠനം പൂർത്തിയാക്കിയിരുന്നു. പഠനം പൂർത്തിയായെങ്കിലും ഈ കുട്ടികൾക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.53 കൊല്ലംങ്കോട് ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2021 ലെ കത്തും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22.07.2021 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG 374/21 – CC/290/21)**

പി.എം.എ.വൈ പദ്ധതിക്കായി ലഭിച്ച വിഹിതം ബാങ്കിൽ നിക്ഷേപിച്ചതിൽ നിന്ന് 30.00 ലക്ഷം രൂപ പലിശ ഇനത്തിൽ ബാക്കിയുണ്ട്. ഇത് പി.എം.എ.വൈ ലിസ്റ്റിലുള്ള ജനറൽ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവർക്ക് ഭൂമി വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഈ വിഹിതം പി.എം.എ.വൈ പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നൽകിയ തുകയാണെന്ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചു. ഗ്രാമവികസന കമ്മീഷണറുടെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു. എന്നാൽ ജനറൽ വിഭാഗത്തിനു മാത്രമായി ധനസഹായം പരിമിതപ്പെടുത്താവുന്നതല്ല എന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.54 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.08.2021- ലെ കത്തും വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.06.2021 ലെ II(6)-ാം നമ്പർ തീരുമാനവും (SRG 375/21 – CC/264/21)**

**പ്രോ.നം. 82/ 22** **അടങ്കൽ 3,65,000/- രൂപ**

**(വികസനഫണ്ട് – ജനറൽ)**

**പേര് : ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ**

ബ്ലോക്ക് പഞ്ചായത്തിലെ സർഗ്ഗധന്യ ലൈബ്രറി ജംഗ്ഷനിലും കുളപ്പട ശാസ്താം കോവിൽ ജംഗ്ഷനിലും ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 2021-22 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.55 ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.2021 ലെ കത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 09.08.2021 ലെ C-130/2021-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 381/21 – CC/309/21))**

ഉഴവൂർ കെ.ആർ. നാരായണൻ മെമ്മേറിയൽ ഹോസ്പിറ്റലിൽ (**KRNMS**) ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. **DDMA** യുടെ 28.05.21 ലെ യോഗത്തിലും ഇങ്ങനെ നിർദ്ദേശം വന്നിരുന്നു. ഇതിനായി നാഷണൽ ഹെൽത്ത് മിഷൻ 91,25,119/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് തുക ഒറ്റക്ക് കണ്ടെത്താൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് കോട്ടയം ജില്ലാ പഞ്ചായത്ത്, മറ്റ് സന്നദ്ധ സംഘടന/ വ്യവസായ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ ഫണ്ട് കണ്ടെത്തി **NHM** ൽ തുക ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.56 ളാലം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.2021 ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.06.2021 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG 383/21 – CC/291/21))**

**പ്രോ.നം. 22/ 21** **അടങ്കൽ 2,00,000/- രൂപ**

**(വികസനഫണ്ട് – ജനറൽ)**

**പേര് : പുരുഷസ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ ധനസഹായം**

പുരുഷസ്വയംസഹായ സംഘങ്ങൾക്ക് സ്വയം തൊഴിലിനു ധനസഹായത്തിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് ഏറ്റെടുത്തു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- തൊഴിൽ സംരംഭത്തിനായതിനാൽ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.57 **ളാലം ബ്ലോക്ക് പഞ്ചായത്ത്**
**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.08.2021 ലെ കത്തും ളാലം ബ്ലോക്ക പഞ്ചായത്ത് ഭരണസമിതിയുടെ 10.06.2021 ലെ 1 (4)-ാം തീരുമാനവും (SRG 389/21 – CC/253/21))**

**പ്രോ.നം. 21/ 22** **അടങ്കൽ** 10,00,000/- **രൂപ**
**(വികസനഫണ്ട് – ജനറൽ)**

**പേര് : വനിതാ സ്വയംസഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ ധനസഹായം**

വനിതകൾക്ക് സ്വയംതൊഴിലിന് 3.00 ലക്ഷം രൂപവരെ സബ്സിഡി നൽകാനും ഇത്തരം പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തടക്കം എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണെന്നും മാർഗ്ഗരേഖയിൽ അനുമതിയുണ്ട്. നൽകാവുന്ന സബ്സിഡി നിരക്ക് 85% ശതമാനമാണ്. സബ്സിഡി തുക 4.00 ലക്ഷം രൂപവരെ നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം** :- ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.58 **വയനാട് ജില്ലാ പഞ്ചായത്ത്**
**വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.03.2021 ലെ** DP-15-704/2021-**ാം നമ്പർ കത്തും 06.08.2021 ലെ** DB2/63/2021/**തസ്വഭവ നമ്പർ സർക്കാർ കത്തും (SRG - 409/**21**))**

വയനാട് ജില്ലാ പഞ്ചായത്തിന്റെ ഘടകസ്ഥാപനമായ മാനന്തവാടിയിലുള്ള ജില്ലാ ആശുപത്രി 12.02.21 ൽ മെഡിക്കൽകോളേജ് ആശുപത്രിയായി ഉയർത്തി. ജില്ലാ ആശുപത്രി എന്ന നിലയിൽ ആശുപത്രിയുടെ പ്രവർത്തനത്തിനും വികസനത്തിനും വേണ്ട ഫണ്ട് ജില്ലാ പഞ്ചായത്താണ് അനുവദിച്ചിരുന്നത്. മെഡിക്കൽ കോളേജായി ഉയർത്തപ്പെട്ടതിനാൽ ഇപ്പോൾ ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലല്ല ഈ സ്ഥാപനം. അതിനാൽ ഇതിനായി ഫണ്ട് അനുവദിക്കാൻ സാങ്കേതികമായി ബുദ്ധിമുട്ടുണ്ട്. ആശുപത്രിയുടെ തുടർ പ്രവർത്തന ത്തിനായി ഫണ്ട് അനുവദിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന് ഈ ആശുപത്രിക്കായി ഫണ്ടു ചെലവഴിക്കാമോ എന്നതിൽ വ്യക്തത വരുത്തണമെന്നു സംബന്ധിച്ച്. കൂടാതെ **Hospital Management Committee** യുടെ പ്രവർത്തനം സംബന്ധിച്ചും വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** :-
1) മെഡിക്കൽ കോളേജായി ഉയർത്തപ്പെട്ട സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് ധനസഹായം നൽകേണ്ടതില്ല.
2) HMC/HDC സംബന്ധിച്ച് മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ നിർദ്ദേശിക്കുന്ന മാനദണ്ഡം പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.59 തേവലക്കര ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.7.2021 ലെ കത്ത് (SRG 353//21 – CC /266/2021)**

തേവലക്കര ഗ്രാമപഞ്ചായത്തിൽ പബ്ലിക്ക് മാർക്കറ്റിൽ ഒരു ബയോ ഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്ലാന്റിന്റെ പ്രവർത്തനത്തിന് രണ്ടു കുടുംബശ്രീ പ്രവർത്തകരെ ഒന്നിടവിട്ട ദിവസങ്ങളിൽ നിയമിച്ചു. ഇവർക്ക് ആദ്യത്തെ 3 മാസം പ്രവൃത്തി ദിവസങ്ങളിൽ ഒരാൾക്ക് 150 രൂപ വീതം 300 രൂപ തനതുഫണ്ടിൽ നിന്ന് അനുവദിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു. ആദ്യത്തെ മൂന്നുമാസം (2020 ആഗസ്റ്റ് മുതൽ 2020 ഒക്ടോബർവരെ) പ്രവർത്തി ചെയ്ത ദിവസങ്ങളിൽ ഒരാൾക്ക് 150/- രൂപ വീതം ആകെ 6,600/- രൂപ തനതുഫണ്ടിൽ നിന്നു നല്കി. തുടർന്ന് ഇവർക്ക് വേതനം നൽകിയിട്ടില്ല. യൂസർഫീ ഇനത്തിൽ ലഭിക്കുന്ന തുക ഇവരുടെ വേതനത്തിന് അപര്യാപ്തമാണ്. അതിനാൽ 2020 നവംബർ മുതലുള്ള വേതനം തനതുഫണ്ടിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ഇതുവരെയുള്ള കുടിശ്ശിക നൽകാൻ അനുമതി നൽകുന്നു. തുടർന്നുള്ള വേതനം യൂസർഫീ, ബയോഗ്യാസ് പ്ലാന്റ് എന്നിവയിൽ നിന്നു ലഭിക്കുന്ന വരുമാനം എത്രയെന്ന് തിട്ടപ്പെടുത്തി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശ പ്രകാരമേ നൽകാവൂ.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ**

**4.60 ളാലം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.2021 ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.06.2021 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 385/21 – CC /256/2021)**

**പ്രോ.നം. 14/ 21** **അടങ്കൽ 1,60,000/- രൂപ**

**(വികസനഫണ്ട് – ജനറൽ)**

***പേര് : ക്യാൻസർ ബാധിതരായ കുട്ടികൾക്ക് കീമോ തെറാപ്പിക്ക് ധനസഹായം***

പതിനെട്ടു വയസ്സോ അതിൽ താഴെയോ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ഓരോ കീമോ തെറാപ്പിക്കും യാത്രാചെലവ്, മരുന്നിന്റെ വില, കൺസൾട്ടിംഗ് ചാർജ്ജ് എന്നിവ ഉൾപ്പെടെ ആകെ 5000/- രൂപ വീതം നൽകാനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഏതു വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കാണ് (BPL, SC, ST തുടങ്ങിയവ) ഇങ്ങനെ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കി നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.61 പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി**
**മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 13.08.2021 ലെ കത്തുകളും (2 എണ്ണം) പെരിന്തൽ മണ്ണ മുനിസിപ്പൽ ചെയർമാന്റെ 05.08.2021 – ലെ കത്തും (SRG 401/**21 – CC **/295**/2021**,** SRG 402/21 CC/294/21**)**

**പ്രോ.നം.** 31/ 22 **അടങ്കൽ** 5,00,000/- **രൂപ**
**(എസ്.സി.പി)**

***പേര് : ഗവ. എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം – എസ്.സി.പി***

**പ്രോ.നം. 33/ 2**2 **അടങ്കൽ 15,00,000/- രൂപ**
**(വികസന ഫണ്ട് – ജനറൽ)**

***പേര് : ഗവ. എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം – ജനറൽ***

നഗരസഭാ പ്രദേശത്തെ നാല് സർക്കാർ സ്കൂളുകളിലെ എൽ.പി. വിഭാഗം കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് മുകളിൽ പറഞ്ഞ രണ്ടു പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇപ്പോൾ സ്കൂൾ തുറന്നു പ്രവർത്തിക്കുന്നില്ല. ഈ സാഹചര്യത്തിൽ പ്രഭാത ഭക്ഷണത്തിനു വകയിരുത്തിയിരിക്കുന്ന തുക പ്രഭാത ഭക്ഷണ കിറ്റ് നൽകുന്നതിനായി പ്രോജക്ട് ഭേദഗതി ചെയ്തു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.62 ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ**
**ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 25.08.2021 ലെ** KADCO/E2/2636/2017-ാം **നമ്പർ കത്തും അനുബന്ധരേഖകളും (SRG 412/**21 **)**

കേരളത്തിലെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയെ **ISO** നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് **KADCO** യെ നോഡൽ ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള അംഗനവാടികളുടെ വർക്കുകൾ നടത്തുന്നതിന് **KADCO** യെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് പ്രവർത്തികൾ ടെണ്ടർ കൂടാതെ ഏൽപ്പിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കേണ്ടത് നിലവിൽ ധനവകുപ്പാണ്. 04.07.2019 ലെ 77/2019/Fin നമ്പർ ഉത്തരവു പ്രകാരം KADCO യെ ഇന്റീരിയർ വർക്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണ പ്രവർത്തികൾ എന്നിവയുടെ Non – PMC (അക്രഡിറ്റഡ് ഏജൻസി)യായി ഇതിനകം അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അക്രഡിറ്റേഷൻ സംബന്ധിച്ച ആവശ്യം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല. ടെണ്ടർ കൂടാതെ ഏല്പിക്കണമെന്ന ആവശ്യത്തിന്മേൽ അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിച്ചു കൊണ്ട് ധനവകുപ്പിന്റെ ഉത്തരവുകളിലെ മാനദണ്ഡം പാലിക്കാൻ നിർദ്ദേശിക്കുന്നു.

2) ഇതേ ആവശ്യത്തിനു സമാനമായി ആർട്ടിസാൻസ് ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO) യെ നോഡൽ ഏജൻസിയായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 10.02.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി ആവശ്യം അംഗീകരിച്ചില്ല. ARTCO യും ഇന്റീരിയർ പ്രവർത്തികളുടെ അക്രഡിറ്റഡ് ഏജൻസിയായി ധനവകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ കൂടാതെ ഇന്റീരിയർ പ്രവർത്തികൾ ARTCO യെ ഏല്പിക്കാമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു റദ്ദ് ചെയ്യാൻ തീരുമാനിച്ചു. ARTCO – യെ പ്രവർത്തികൾ ഏല്പിക്കുന്നതു സംബന്ധിച്ചും ധനവകുപ്പിന്റെ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.63 കാസർകോഡ് ജില്ലാ പഞ്ചാത്ത്

**കാസർകോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2021 ലെ** C2-1625/21-ാം **നമ്പർ കത്തും 14.07.2021 ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനവും (ഖണ്ഡിക 4.48) (SRG 418/21)**

i. ജില്ലയിൽ 673 കിഡ്നി രോഗികൾക്ക് ഡയാലിസിസ് ആവശ്യമുണ്ട്. പല രോഗികളും മംഗലാപുരം പോലെ ജില്ലയ്ക്ക് പുറത്തുള്ള ആശുപത്രികളെയാണ് ആശ്രിക്കുന്നത്. മുഴുവൻ രോഗികളെയും ജില്ലകളിൽ തന്നെ ഡയാലിസിസ് ചെയ്യുന്നതിന് 92 ഡയാലിസിസ് മെഷീൻ കൂടി വേണം. ഇതിനുപരിഹാരമായി ഓരോ ബ്ലോക്കുതലത്തിലും ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ച് എല്ലാ രോഗികൾക്കും ഡയാലിസിസിന് സഹായം നൽകാനായി ഒരു പദ്ധതി ജില്ലയിൽ

രൂപം കൊടുക്കുന്നുണ്ട്. ഒരു വർഷം ഇതിനായി 589.96 ലക്ഷം രൂപ ആവശ്യമാണ്. ഒരു രോഗിക്ക് 250 രൂപ വീതം ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ വകയിരുത്തി സംയുക്ത പ്രോജക്ട് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കൊപ്പം ജില്ലാ പഞ്ചായത്ത് 196.32 ലക്ഷം രൂപയുടെ പ്രോജക്ട് രൂപീകരിക്കാനും വിഹിതം ബ്ലോക്കുതലത്തിലുള്ള ചാരിറ്റബിൾ സൊസൈറ്റിക്ക് കൈമാറാനും അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് 14.07.2021 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തുവെങ്കിലും വ്യക്തത കുറവുണ്ടായിരുന്നതിനാൽ പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

**ii.** ബ്ലോക്കുതലത്തിൽ ചാരിറ്റബിൾ സൊസൈറ്റികൾ രൂപീകരിച്ച് അവ മുഖേന നടപ്പാക്കുന്ന രീതി മാറ്റി ജില്ലാ മെഡിക്കൽ ഓഫീസറെ (ആരോഗ്യം) നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി, സി.എച്ച്.സി എന്നീ സ്ഥാപനങ്ങൾ വഴി പദ്ധതി നടത്താനാണ് ലക്ഷ്യം. ഈ ആശുപത്രികളിലെ സൂപ്രണ്ടുമാരാണ് കോഓർഡിനേറ്റർമാർ. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി. അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് പൊതുനന്മാ ഫണ്ട് ശേഖരിക്കാനും ഉദ്ദേശിക്കുന്നു. ഈ ആശുപത്രികളിലെ മെഷീൻ പ്രവർത്തിപ്പിക്കാനായി ടെക്നീഷന്യന്മാരേയും സഹായികളെയും ദിവസ വേതനം / കരാറടിസ്ഥാനത്തിൽ നിയമിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഈ രീതിയിൽ പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :-

1) അനുമതി നൽകുന്നു. താഴെ പറയുന്ന കാര്യങ്ങളിൽ കൂടി വ്യക്തത വരുത്തുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ബാങ്കിൽ അക്കൗണ്ടു ആരംഭിച്ച് അതിലേയ്ക്ക് പൊതു നന്മഫണ്ട് ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു. ആശുപത്രിയിലേക്ക് ടെക്നീഷ്യന്മാരേയും സഹായികളേയും ദിവസ വേതനത്തിന് / കരാറടിസ്ഥാനത്തിൽ നിയമിക്കാനും അവർക്കുള്ള വേതനത്തിന് ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ അക്കൗണ്ടിലെ തുകയും ഉപയോഗിക്കാവുന്നതാണ്.
2) ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) പേരിൽ ട്രഷറിയിൽ Spl. TSB Account ആരംഭിച്ച് ജില്ല / ബ്ലോക്ക് / ഗ്രാമപഞ്ചായത്തു വിഹിതം ഡിപ്പോസിറ്റ് ചെയ്തു മുകളിൽ പറഞ്ഞ ആവശ്യത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്. മുകളിൽ പറഞ്ഞ അക്കൗണ്ടുകൾ ആരംഭിക്കാൻ അനുമതി നൽകണമെന്ന് ധനവകുപ്പിനോട് ശുപാർശ ചെയ്യാനും തീരുമാനിച്ചു. ജില്ലാ പഞ്ചായത്ത് ആവശ്യം ധനവകുപ്പിനു നൽകണം.

3) ടെക്നീഷ്യന്മാർ, സഹായികൾ എന്നിവരെ നിയമിക്കുന്നതിന് NHM ന്റെ മാനദണ്ഡപ്രകാരം ജില്ലാ തലത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.
4) ഈ പദ്ധതി ഓഡിറ്റിംഗിനു വിധേയമാക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.64 എറണാകുളം ജില്ലാ പഞ്ചായത്ത്**

**16.08.2021 ലെ DA1/321/2020/തസ്വഭവ നമ്പർ സർക്കാർ കത്തും എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26.07.2021 ലെ DP13-1014/21-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 22.07.2021 ലെ 8(7)-ാം നമ്പർ തീരുമാനവും**

**(SRG 450/21 - LSGD – DA1/321/20/LSGD)**

ജില്ലയിലെ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകാനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കാരുണ്യ സ്പർശം – ഡയാലിസിസ് തുടർ ചികിത്സ (സംയുക്തം) എന്ന പ്രോജക്ടിന്റെ ആകെ അടങ്കൽ 2,88,00,000/- രൂപയാണ്. (പ്രോ.നം. 82/22). ഒരു ഡയാലിസിസിന് 1000/- രൂപ വീതം (750/- രൂപ ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്ത് 250/-) പ്രതിമാസം പരമാവധി 4000/- രൂപയാണ് നൽകുന്നത്. ഓരോ രോഗിക്കും തുക നൽകുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രത്യേക റിക്വിസിഷൻ നൽകി തുക വാങ്ങുന്നതിന് വളരെയധികം നടപടി ക്രമങ്ങളും കാലതാമസവും ഉണ്ട്. ഇതിനു പരിഹാരമായി ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ഒറ്റതവണയായി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ മെഡിക്കൽ ഓഫീസറുടെ ട്രഷറി അക്കൗണ്ടിലേയ്ക്ക് കൈമാറി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇതിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ SPl. TSB അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് ധന വകുപ്പിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. (പൊതു തീരുമാനം ഖണ്ഡിക 3.9)

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.65 പെരുമ്പളം ഗ്രാമപഞ്ചായത്ത്**

**പെരുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.09.2021 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020 ലെ തീരുമാനവും (ഖണ്ഡിക 2.4(4.41)**

**(SRG 431/21 )**

പെരുമ്പളം ഗ്രാമപഞ്ചായത്ത് വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ്. നിർമ്മാണ പ്രവർത്തനത്തിനും മറ്റും സാധന സാമഗ്രികൾ ജങ്കാറിലാണ് എത്തിക്കുന്നത്. നിലവിൽ റോഡു മാർഗ്ഗമുള്ള കൺവയൻസ് നിരക്കാണ് പെരുമ്പളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജങ്കാർ മാർഗ്ഗം സാധന സാമഗ്രികൾ ഇവിടെ എത്തിക്കുമ്പോൾ $M^3$–ന് 274.41 രൂപ അധികമായി നൽകണം. ഈ സാഹചര്യത്തിൽ സമാന സാഹചര്യമുള്ള സായ് പുന്നമടക്ക് അനുവദിച്ച കോസ്റ്റ് ഇൻഡക്സ് പെരുമ്പളം

ഗ്രാമപഞ്ചായത്തിനും അനുവദിക്കണമെന്നാവശ്യപ്പെട്ടിരുന്നു. ഇത് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020 ലെ യോഗത്തിൽ പരിഗണിച്ച് അനുമതിക്കായി ധനവകുപ്പിന് ശുപാർശ ചെയ്തു. സായ് പുന്നമടയുടെ നിരക്ക് ഇതുവരെ അനുവദിച്ചില്ല. കാലതാമസ മൊഴിവാക്കി അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഈ നിരക്ക് അനുവദിക്കണമെന്ന് ധനവകുപ്പിനോടു ശുപാർശ ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**തീരുമാനം** :- അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.66 KSFE യുടെ സഹായത്തോടെ റ്റി.വി. വാങ്ങൽ**
**28.06.2021 ലെ** DA1/138/2021/**തസ്വഭവ നമ്പർ സർക്കാർ കത്തും ബഹു. കാട്ടാക്കട എം.എൽ.എ യുടെ 03.06.2021 ലെ കത്തും.** **(SRG 451/**21 LSGD – DA1/138/2021 - LSGD**)**

ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കെ.എസ്.എഫ്.ഇയുടെ സഹായത്തോടെ അംഗനവാടികളിൽ റ്റി.വി. വാങ്ങി നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ **KELTRON** ഉൾപ്പടെയുള്ള അംഗീകൃത ഏജൻസികളിൽ നിന്നും തന്നെ വാങ്ങണമെന്ന് പല ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും നിർദ്ദേശിക്കുന്നു. ഇതിനു പകരം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ള (കട നടത്തുന്നതിന്) കടകളിൽ നിന്നു വാങ്ങുന്നതിന് അനുവാദം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- കെ.എസ്.എഫ്.ഇ നിർദ്ദേശിച്ചിട്ടുള്ള ബ്രാന്റുകൾ ടെണ്ടർ നടപടിയിലൂടെ വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.67 കരിവള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്**
**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.08.2021 ലെ കത്ത്** **(SRG 444/**21 LSGD CC-296/21**)**

**പ്രോ.നം.** 78/ 22

**അടങ്കൽ** 6,00,000/- **രൂപ**
**(വികസനഫണ്ട് ജനറൽ - 3,00,000/രൂപ**
**ഗുണഭോക്തൃ വിഹിതം** – **3,00,000/-**)

***പേര് : വനിതാ ഗ്രൂപ്പുകൾക്ക് മുട്ടക്കോഴി വിതരണം***

20 പേർ വീതം അടങ്ങുന്ന 50 ഗ്രൂപ്പുകൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആകെ 1000 കോഴികൾ. വനിതാ ഘടക പദ്ധതിയിലാണ് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. വെറ്റിംഗ് നടപടി പൂർത്തിയായെങ്കിലും പ്രോജക്ട് വനിതാഘടക

പദ്ധതിയിലായതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി കൂടി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) അനുമതി നിരസിച്ചു.
2) മാർഗ്ഗരേഖയിൽ പറയും പ്രകാരം കോഴിവളർത്തൽ സംരംഭങ്ങൾക്ക് ധന സഹായം നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.68 <u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**
**<u>കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.09.2021 ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രോജക്ടും (SRG 445/21 -CC-332/21)</u>**

**പ്രോ.നം. 279/ 22** **അടങ്കൽ 25,00,000/- രൂപ**
**(സി.എഫ്.സി – റ്റൈഡ് ഗ്രാന്റ്)**

***പേര് : അതിരമ്പുഴ ഡിവിഷൻ അതിരമ്പുഴ പഞ്ചായത്ത് വാർഡ് 16- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത് – ചിൽഡ്രൺ***

കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്തിൽ (**ICH**) ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. ഇത് ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനമല്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) അനുമതി നൽകുന്നു
2) കോട്ടയം ജില്ലാ പഞ്ചായത്ത് ഡിവിഷൻ തിരിച്ചാണ് പ്രോജക്ട് തയ്യാറാക്കുന്നത്. ഇതൊഴിവാക്കണമെന്ന് പല പ്രാവശ്യം കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നതാണ്. ഇതു പാലിക്കാൻ ജില്ലാ പഞ്ചായത്തും ജില്ലാ ആസൂത്രണസമിതിയും ശ്രദ്ധിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.69 <u>തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്</u>**
**<u>പാലക്കാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 03.09.2021 ലെ കത്തും തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 31.08.2021 ലെ A3/3300/2021 –ാം നമ്പർ കത്തും. (SRG 446/21 -CC-331/21)</u>**

കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ബഡ്സ് സ്കൂൾ അടക്കമുള്ള വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നില്ല. ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെങ്കിലും ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന സ്കോളർഷിപ്പും ബത്തയും നൽകാൻ പ്രത്യേകനുമതി നൽകിയിരുന്നു. ഈ തുക ഡേ കെയർ സെന്ററുകളിൽ

പോയ്ക്കൊണ്ടിരുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും നൽകാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ബത്തയും യാത്രാബത്തയും നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.70 **എറണാകുളം ജില്ലാപഞ്ചായത്ത്**
**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2021 ലെ കത്തുകളും (2എണ്ണം)**
**എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.06.2021 ലെ 7(3)-ാം നമ്പർ**
**തീരുമാനവും. (SRG 406/21 -CC-255/21)**

**പ്രോ.നം. 648/ 22** **അടങ്കൽ 10,00,000/- രൂപ**
**(സി.എഫ്.സി – ബേസിക് ഗ്രാന്റ്)**

**പേര് : പാലിയേറ്റീവ് കെയർ യൂണിറ്റ് – ആംബുലൻസ് വാഹനം വാങ്ങൽ - പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്**

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് പാലിയേറ്റീവ് പ്രവർത്തനത്തിനായി ഒരു ആംബുലൻസ് വാങ്ങാനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ആവശ്യമനുസരിച്ച് ആംബുലൻസ് വാടകയ്ക്ക് എടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.71 **എറണാകുളം ജില്ലാപഞ്ചായത്ത്**
**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2021 ലെ കത്തുകളും (2എണ്ണം)**
**എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.06.2021 ലെ 7(2)-ാം നമ്പർ**
**തീരുമാനവും. (SRG 407/21 -CC-254/21) .**

**പ്രോ.നം. 558/ 22** **അടങ്കൽ 5,00,000/- രൂപ**
**(തനത്ഫണ്ട്)**

**പേര് : ജില്ലാ പഞ്ചായത്ത് വെബ് സൈറ്റ്**

ജില്ലാ പഞ്ചായത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളും വികസന ക്ഷേമ പരിപാടികളും പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ഒരു വെബ് സൈറ്റ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നൽകുന്നു. എന്നാൽ ഐ.റ്റി മിഷൻ ഡയറക്ടറുടെയും ഐ.കെ.എം.എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടറുടെയും നിർദ്ദേശം കൂടി ആരാഞ്ഞുവേണം വെബ്സൈറ്റ് തുടങ്ങേണ്ടത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.72 നോർത്ത് പറവൂർ നഗരസഭ

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2021 ലെ കത്തുകളും (2എണ്ണം) നഗരസഭാ കൗൺസിലിന്റെ 10(1) ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും**

(SRG 408/21 -CC-193/21)

**പ്രോ.നം. 147/ 21** | **അടങ്കൽ 18,00,000/- രൂപ (വികസനഫണ്ട് ജനറൽ)**

**പേര് : ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്**

ഭിന്നശേഷി സ്കോളർഷിപ്പിന്റെ ഗുണഭോക്താവായ യദുകൃഷ്ണൻ പത്താം ക്ലാസ്സ് വിദ്യാർത്ഥിയാണ്. മാനസിക വെല്ലുവിളി (45 ശതമാനം) നേരിടുന്ന കുട്ടിയാണ്. ഈ കുട്ടിയുടെ മാതാപിതാക്കൾ മരണപ്പെട്ടു. ഏക സഹോദരി വിവാഹിതയാണ്. ഈ കുട്ടി ഇപ്പോൾ ശ്രീമതി ബിന്ദു ഹരിക്കുട്ടൻ, ദേവിനിവാസ്, പെരുമ്പടന്ന എന്നയാളുടെ സംരക്ഷണയിലാണ്. ലോക്കൽ ഗാർഡിയനായി കാര്യങ്ങൾ നോക്കുന്നത് ഇവരാണ്. ഇത് വില്ലേജ് ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ കുട്ടിക്ക് അർഹതയുള്ള ഭിന്നശേഷി സ്കോളർഷിപ്പ് യദുകൃഷ്ണന്റെയും ലോക്കൽ ഗാർഡിയനായ ശ്രീമതി ബിന്ദു ഹരികുട്ടന്റെയും ജോയിന്റ് അക്കൗണ്ടിലേക്ക് അനുവദിക്കാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) ഏകസഹോദരിയുടെ പരിചരണം ഈ കുട്ടിക്ക് ലഭിക്കുന്നില്ലാത്ത സാഹചര്യത്തിൽ തൽക്കാലം കുട്ടിയുടേയും ലോക്കൽ ഗാർഡിയന്റേയും ജോയിന്റ് അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ്/ ബത്ത കൈമാറുന്നതിന് അനുമതി നൽകുന്നു.

2) മാതാപിതാക്കൾ ഇല്ലാത്ത ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ രക്ഷകർതൃത്വം ജില്ലാ കളക്ടർ ചെയർമാനായ നാഷണൽ ട്രസ്റ്റിനാണ്. ഈ കുട്ടിയുടെ ലീഗൽ ഗാർഡിയൻ ഇപ്പോൾ സഹോദരിയായതിനാൽ ഇവരുടെ സമ്മതപത്രത്തോടെ ലോക്കൽ ഗാർഡിയനായ ബിന്ദു ഹരികുട്ടൻ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി ഇവരെ ലീഗൽ ഗാർഡിയൻ ആക്കാൻ നടപടി സ്വീകരിക്കണം. കുട്ടിയുടെ സുരക്ഷിതത്വത്തിന് ഇത് ആവശ്യമാണ് എന്ന് യോഗം വിലയിരുത്തി. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ CDPO യോടും ജില്ലാ സാമൂഹ്യനീതി ഓഫീസറോടും നിർദ്ദേശിക്കുന്നു. നഗരസഭാ സെക്രട്ടറി ഇതിനുള്ള തുടർ നടപടി സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.73 പായിപ്ര ഗ്രാമപഞ്ചായത്ത്**

**പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.08.2021 ലെ P1/2021-ാം നമ്പർ കത്തും പായിപ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.05.2021 ലെ 16(2)-ാം നമ്പർ തീരുമാനവും (SRG 419/21 )**

കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ **CFLTC** യും **DCC** യും തുടങ്ങുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പ്രവർത്തികൾ അടിയന്തിരമായി നടപ്പിലാക്കേണ്ട സാഹചര്യം വന്നു. നിലവിൽ പഞ്ചായത്തിൽ സിവിൽ വർക്കുകൾ ചെയ്യുന്ന കരാർകാരിൽ നിന്ന് എസ്റ്റിമേറ്റ് പ്രകാരം ക്വട്ടേഷൻ / സമ്മതപത്രം വാങ്ങി കുറഞ്ഞ റേറ്റ് രേഖപ്പെടുത്തിയവരെ കൊണ്ട് പ്രവർത്തി ചെയ്യിപ്പിച്ചു. കരാറുകാരന് ഈ പ്രവർത്തിയുടെ ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**പ്രോജക്ടുകളുടെ വിവരം**

| **ക്രമ നമ്പർ** | **പ്രോജക്ട് നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ** |
|---|---|---|---|
| 1 | 176/22 | മുടവൂർ കമ്മ്യൂണിറ്റി ഹാൾ നവീകരണം | 4,75,000/- രൂപ (CFC Untied) |
| 2 | 177/22 | അംഗനവാടി നം. 77 നവീകരണം | 4,40,000/- രൂപ (CFC Untied) |
| 3 | 181/22 | മുടവൂർ കമ്മ്യൂണിറ്റി ഹാൾ ശൗചാലയ നവീകരണം | 4,50,000/- രൂപ (CFC Tied) |
| 4 | 182/22 | പായിപ്ര യു.പി. സ്കൂൾ ശൗചാലയ നവീകരണം | 4,52,000/- രൂപ (CFC Tied) |
| 5 | 179/22 | പായിപ്ര യു.പി. സ്കൂൾ കെട്ടിട നവീകരണം | 4,00,000/- രൂപ (CFC Untiied) |

**തീരുമാനം** :- ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതല പ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**4.74 കാഞ്ഞങ്ങാട്ടു ബ്ലോക്ക് പഞ്ചായത്ത്**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ 03.08.2021 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021 ലെ യോഗ തീരുമാനവും (ഖണ്ഡിക 4.58**

പാവപ്പെട്ട വൃക്കരോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തു കൊടു ക്കുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പെരിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഈ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സൊസൈറ്റി ആക്ട് പ്രകാരം "ജീവനം ചാരിറ്റബിൾ സൊസൈറ്റി ഫോർ

ഡയാലിസിസ് പേഷ്യന്റ്" എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറും ആയി ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്ത് നോൺ റോഡ് മെയിന്റനൻസ് വിഹിതത്തിൽ നിന്ന് 15.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം 41/22). കൂടാതെ ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ 5 ഗ്രാമപഞ്ചായത്തുകൾ 5.00 ലക്ഷം രൂപ വീതം വകയിരുത്താനും ഉദ്ദേശിക്കുന്നു. സൊസൈറ്റി പെരിയ കേരള ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ തുക ഈ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- 1) ജില്ലാ പഞ്ചായത്ത് രൂപീകരിച്ച പദ്ധതിയുടെ (ക്രമ നമ്പർ 4.63) മാതൃകയിൽ ഇതിന്റെ പ്രവർത്തനം ക്രമപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകാൻ നിർദ്ദേശിക്കുന്നു.

2) ആശുപത്രി ഉപകരണം വാങ്ങാനല്ലാതെ മറ്റാവശ്യത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.75 ഭിന്നശേഷി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ധനസഹായം**
**03.09.2021 ലെ** DA1/198/2021/**തസ്വഭവ നമ്പർ സർക്കാർ കത്തും ശ്രീഎം.അബ്ദുസ്സലാം എന്ന ആളുടെ 22.07.2021 ലെ കത്തും** (SRG 456/21)

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് വിവിധ ധനസഹായങ്ങൾ നൽകുന്നുണ്ട്. ഇതിനായി അപേക്ഷ നൽകാൻ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും സാക്ഷ്യപത്രം കൂടി ഹാജരാക്കണം. 2021-22 ൽ പത്താം ക്ലാസ്സ്പാസ്സായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ഇതുവരെ ആയില്ല. ഈ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ നിന്നു രേഖ ഹാജരാക്കാൻ കഴിയില്ല. തദ്ദേശഭരണസ്ഥാപനങ്ങൾ ആനുകൂല്യങ്ങൾ നൽകാനായി അപേക്ഷ വാങ്ങുന്ന സമയമാണ് ഇപ്പോൾ. അതിനാൽ ഈ വിദ്യാർത്ഥികൾക്ക് അപേക്ഷ നൽകാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ പ്ലസ് വൺ അഡ്മിഷൻ പൂർത്തിയാകും വരെ അപേക്ഷ സ്വീകരിക്കാൻ ക്രമീകരണം ഉണ്ടാകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- ഇങ്ങനെയുള്ള വിദ്യാർത്ഥികളുടെ അപേക്ഷ വിദ്യാഭ്യാസ സ്ഥാപനത്തിലെ സർട്ടിഫിക്കറ്റ് കൂടാതെ തന്നെ വാങ്ങാമെന്നും ആനുകൂല്യ വിതരണം (പ്രധാനമായും സ്കോളർഷിപ്പും ബത്തയും) ആരംഭിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിലെ സാക്ഷ്യപത്രം ഹാജരാക്കിയാൽ മതിയെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.76 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**13.08.2021 ലെ** DB2/122/2021/**തസ്വഭവ നമ്പർ സർക്കാർ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.06.2021 ലെ** CA-2021-ാം **നമ്പർ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 28.05.2021 ലെ 1/38/21(4)-ാം നമ്പർ തീരുമാനവും** (SRG **457**/21)

**പ്രോ.നം. 193/ 22** **അടങ്കൽ 1,85,00,000/- രൂപ**

**(സി.എഫ്.സി അൺ റ്റൈഡ് ഗ്രാന്റ്)**

***പേര് – കൊവിഡ് പ്രതിരോധ ഉപകരണങ്ങൾ വാങ്ങൽ***

കൊവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വെന്റിലേറ്റർ, ഓക്സിജൻ കോൺസൻട്രേറ്റുകൾ, പൾസ് ഓക്സിമീറ്റർ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് എടുത്തിരിക്കുന്നത്. ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ലഭിച്ച പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ജില്ലാ മെഡിക്കൽ ഓഫീസറാണ്. വെന്റിലേറ്ററുകൾ വടകര ജില്ലാ ആശുപത്രിക്കും ഓക്സിജൻ കോൺസൻട്രേറ്റുകൾ ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന പെയിൻ & പാലിയേറ്റീവ് യൂണിറ്റുകൾക്കും വാങ്ങി നൽകാനാണുദ്ദേശിച്ചിരുന്നത്. 3700 പൾസ് ഓക്സിമീറ്റർ ഇതിനകം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു വാങ്ങി നൽകി. കോഴിക്കോട് ജില്ലയിലെ ഗുരുതരമായ കോവിഡ് പശ്ചാത്തലത്തിൽ 7 വെന്റിലേറ്ററുകൾ കോഴിക്കോട് മെഡിക്കൽ കോളേജിനാണ് വാങ്ങി നൽകിയതെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇവയുടെ ബിൽതുക ഇതുവരെ നൽകിയിട്ടില്ല. ഇതിനു സാധൂകരണം / അംഗീകാരം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- കൊവിഡിന്റെ ഗുരുതര പശ്ചാത്തലത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിനു വെന്റിലേറ്റർ വാങ്ങി നൽകിയതിന് സാധൂകരണം നൽകുന്നു. മറ്റു പ്രവർത്തനത്തിനും സാധൂകരണം / അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.77 ഇരുചക്രവാഹനം വാങ്ങുന്നതിന് സബ്സിഡി**

**09.04.2021 ലെ** DA1/66/2021/ **തസ്വഭവ നമ്പർ സർക്കാർ കത്തും കേരള സസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08.02.2021 ലെ** DKSA60/R1/2021-**ാം നമ്പർ കത്തും** (SRG **214**/21)

ജനകീയാസൂത്രണ സബ്സിഡി മാർഗ്ഗരേഖ പ്രകാരം തൊഴിൽ നൽകുന്നതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇരുചക്ര വാഹനം വാങ്ങി നൽകാം. 50 ശതമാനമാണ് സബ്സിഡി നൽകാവുന്നത്. ഇങ്ങനെ നൽകുന്ന സബ്സിഡി ബിൽ പ്രകാരമുള്ള വാഹന വിലയുടെ (**Ex-Showroom Price + GST)** 50 ശതമാനമാണോ, ഓൺ റോഡ് വിലയുടെ (**Ex-Showroom Price + GST + Road Tax + Registration Charge + Insurance)** 50 ശതമാനമാണോ എന്നു സ്പഷ്ടീകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

കൂടാതെ സബ്സിഡിയുടെ ഉയർന്ന പരിധി എത്രയെന്ന് സംബന്ധിച്ചും വ്യക്തത വരുത്തണമെന്നത് സംബന്ധിച്ച്.

**തീരുമാനം** :- 1) ബിൽ പ്രകാരമുള്ള വാഹനവില (Ex- showroom Price + GST) യുടെ 50 ശതമാനം എന്ന് വ്യക്തത വരുത്തുന്നു.

2) ഇനി മുതൽ നൽകുന്ന സബ്സിഡി തുക പരമാവധി 50,000/- രൂപ ആയി നിശ്ചയിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.78 മിഷൻ അന്ത്യോദയ വിവരശേഖരണം**

**സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 14.02.2021 ലെ**

DES/2537/2020-PL (1)-ാം **നമ്പർ കത്ത്** (SRG **449**/21)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്ത് ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള മിഷൻ അന്ത്യോദയ സർവ്വേ 2020 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർവ്വേ പൂർത്തീകരിച്ച ഫീൽഡ് തല ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം കേന്ദ്ര സർക്കാരിന്റെ മിഷൻ അന്ത്യോദയ ഗൈഡ് ലൈൻ പ്രകാരം താഴെപറയുന്ന നിരക്കിൽ അനുവദിക്കണമെന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| 1 | ഫീൽഡു തല ഉദ്യോഗസ്ഥർക്ക് ഓണറേറിയം (ഒരു വില്ലേജിന് ഒരു ദിവസത്തേക്ക് 363 രൂപ വച്ച് രണ്ടു ദിവസം 726 രൂപ) ഈ നിരക്കിൽ 1594 വില്ലേജുകൾ<br>**( 363 x 2**പേർ **x 1594** വില്ലേജ്) | 11,57,244/- |
| 2 | കൊവിഡ് സുരക്ഷയ്ക്ക് പ്രത്യേക തുക – ഒരു വില്ലേജിനു 200/- രൂപ നിരക്കിൽ<br>(**Rs. 200 x 1594)** | 3,18,800/- |
| **3** | ഫോട്ടോ കോപ്പി, കണ്ടിജൻസി ചെലവുകൾ 14 ജില്ലാ ഓഫീസിനും ഡയറക്ടറേറ്റിനും 1000/- രൂപ വീതം<br>(**15 x 1000)** | 15,000/- |
| | ആകെ | 14,91,044/- |

**തീരുമാനം** :- ഇത് ഫയലായി ഗ്രാമവികസന കമ്മീഷണർ മുഖേന തദ്ദേശസ്വയംഭരണവകുപ്പിനു നൽകാൻ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറോടു നിർദ്ദേശിക്കുന്നു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2)ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്**
**3)ഗ്രാമവികസന കമ്മീഷണർ**

## 4.79 പുറത്തൂർ ഗ്രാമപഞ്ചായത്ത്

**പുറത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2021 ലെ കത്തും അനുബന്ധ രേഖകളും** (SRG **461**/21)

പുറത്തൂർ ഗ്രാമപഞ്ചായത്തിന് 2019-20 ൽ പ്രളയ ദുരിതസഹായമായി ദുരിതം അതിജീവിക്കുന്നതിന്റെ ഒന്നാംഘട്ടമായി 97,10,000/- രൂപ അനുവദിച്ചിരുന്നു. (ജനറൽ വിഭാഗത്തിൽ 79,14,000/- രൂപയും എസ്.സി.പി വിഭാഗത്തിൽ 17,96,000/- രൂപയും) മണ്ണിടിച്ചിലും ഉരുൾപൊട്ടലും സംഭവിച്ച പഞ്ചായത്ത് എന്ന നിലയിൽ ഇതേ വർഷം തന്നെ 25,00,000/-രൂപ അധികമായി വീണ്ടും അനുവദിച്ചു. ആകെ 122.10 ലക്ഷം രൂപ. ഇതനുസരിച്ച് 2019-20 ൽ പ്രോജക്ട നടപ്പാക്കിയെങ്കിലും തുക ഒന്നും ചെലവഴിച്ചില്ല. തുടർന്ന് 2020-21 പൊതുവിഭാഗത്തിൽ 41,49,863/- രൂപയും പ്രത്യേക ഘടകപദ്ധതി വിഭാഗത്തിൽ 17,96,000/- രൂപയും ചേർത്ത് ആകെ 59,45,863 രൂപ മാത്രമാണ് അനുവദിച്ചത്. 62,64,137/- രൂപയുടെ കുറവുണ്ട്. 2020-21 ൽ അനുവദിച്ച തുക ചെലവഴിച്ചു. പൊതുവിഭാഗത്തിൽ 47,37,189/- രൂപയുടേയും പ്രത്യേക ഘടകപദ്ധതിയിൽ 67,855/- രൂപയുടേയും പൂർത്തിയായ പ്രോജക്ടുകൾക്ക് ഇനിയും തുക നൽകാനുണ്ട്. (ആകെ 48,05,044/- രൂപ). ഇത് സ്പിൽഓവറായി 2021-22 ൽ തുടരുന്നതിനാൽ വാലിഡേഷൻ ശരിയാക്കി വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കാൻ കഴിയുന്നില്ല.

ഈ സാഹചര്യത്തിൽ 2020-21 ൽ പ്രളയസഹായ ഫണ്ടിനത്തിൽ ബാക്കി ലഭിക്കേണ്ട തുകയിൽ പൊതു വിഭാഗത്തിൽ 47,37,189/- രൂപയും പ്രത്യേക ഘടക പദ്ധതിയിൽ 67,855/- രൂപയും (ആകെ 48,05,044/- രൂപ) അനുവദിച്ചു നൽകണമെന്നും വാർഷിക പദ്ധതി സമർപ്പിക്കാനായി വാലിഡേഷൻ ശരിയാക്കി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം** :- 1) ഈ വിഷയം പരിശോധിച്ച് അർഹമായ വിഹിതം പഞ്ചായത്തിനു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. പഞ്ചായത്തു ഡയറക്ടർ തുടർ നടപടിക്കായി ഫയൽ ധനവകുപ്പിനു നൽകണം.

2) വാർഷിക പദ്ധതി സമർപ്പിക്കുന്നതിനായി തൽക്കാലം ഈ തുകകളുടെ പ്രോജക്ടുകളെ വാലിഡേഷനു പുറത്തു നിർത്താൻ പ്രത്യേക ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യുന്നതിന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനേയും ഐ.കെ.എം നേയും ചുമതലപ്പെടുത്തി.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ധനവകുപ്പ്**
**3)പഞ്ചായത്ത് ഡയറക്ടർ**
**4)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**5)എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം**

4.80 പുറക്കാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.09.2021-ലെ കത്തും ശ്രീ. മുരുകദാസ്, തൈപ്പറമ്പ് എന്ന ആളുടെ 09.09.2021-ലെ കത്തും അനുബന്ധരേഖകളും ( SRG 463/21 CC/281/2021)**

ശ്രീ.മുരുകദാസ്, തൈപ്പറമ്പ, കരൂർ എന്ന ആളെ 2015-16-ൽ ഫിഷറീസ് വകുപ്പിൽ നിന്ന് വീട് നിർമ്മാണത്തിന് തെരഞ്ഞെടുക്കുകയും സഹായ തുകയായ 2.00 ലക്ഷം രൂപയിൽ 50,000/- രൂപ ആദ്യ ഗഡുവായി നൽകുകയും ചെയ്തു. ഇതുപയോഗിച്ച് തറ കെട്ടി. ഇദ്ദേഹത്തിന്റെ ഭാര്യയുടെ ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകാരണം തുടർന്ന് നിർമ്മാണം നടത്തിയില്ല. ലൈഫ് ഒന്നാം ഘട്ട ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. പിന്നീട് ലൈഫ് എസ്.സി, എസ്.റ്റി, ഫിഷറീസ് എന്നിവർക്കുള്ള അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് ഗുണഭോക്താവ് എന്ന നിലയിൽ ഫിഷറീസ് വകുപ്പ് അനുവദിച്ച 50,000/- രൂപ കുറച്ച് ബാക്കി തുക (3,50,000/- രൂപ) നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** എസ്.സി, എസ്.റ്റി, ഫിഷറീസ് എന്നിവർക്കുള്ള അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ബാക്കി തുകയായ 3,50,000/- രൂപ മാനദണ്ഡ പ്രകാരം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.81 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.09.2021-ലെ കത്ത് ( SRG 464/21 CC/323/2021)**

*പ്രോ.നം. 12/22* *അടങ്കൽ -5,00,000/-രൂപ (വികസന ഫണ്ട് ജനറൽ)*

***പേര് - ഋതുമതി - വനിതകൾക്ക് മെൻസ്ട്രുവൽകപ്പ് വിതരണവും ബോധവൽക്കരണവും***

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആറു ഗ്രാമപഞ്ചായത്തുകളിലാണ് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള സാനിറ്ററി നാപ്കിനുകൾക്ക് പകരം കഴുകി വൃത്തിയാക്കി ഉപയോഗിക്കാൻ കഴിയുന്നതാണ് മെൻസ്ട്രുവൽകപ്പ്. വിതരണത്തോടൊപ്പം ഇതിന്റെ ഉപയോഗം സംബന്ധിച്ച ബോധവൽക്കരണം നടത്താനും ഉദ്ദേശിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** യോഗത്തിൽ പങ്കെടുത്ത ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കൂടി അഭിപ്രായമനുസരിച്ച് അനുമതി നൽകുന്നു. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ആശുപത്രിയുടെ (CHC) മെഡിക്കൽ ഓഫീസറായിരിക്കണം. ഒരു ആരോഗ്യ വിദഗ്ധന്റെ കൂടി സഹകരണത്തോടെ ആവശ്യമായ ബോധ വത്ക്കരണം നടത്തിവേണം അനുയോജ്യമായ ഉപകരണം നൽകേണ്ടത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.82. മലപ്പുറം ജില്ലാ പഞ്ചായത്ത്**

**പഞ്ചായത്ത് ഡയറക്ടറുടെ 12.07.2021 -ലെ PAN/3201/2020/J1(DP) നമ്പർ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 02.07.2020-ലെ കത്തും** ( SRG 327/21, SRG 99/20 - CC/49/20)

ജില്ലയിൽ ദാറുസ്സലാം ഇസ്ലാമിക് ട്രസ്റ്റിന്റെ കീഴിൽ കാരുണ്യാ ഭവൻ എന്ന ബധിര വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പ്രീ പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ 47 ആൺകുട്ടികളും 58 പെൺകുട്ടികളും പഠിക്കുന്നു. ഈ സ്കൂളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ പണിയാനുദ്ദേശിക്കുന്നു. പ്രതീക്ഷിക്കുന്ന ചെലവ് 46,08,170/- രൂപ. ഇതിനായി ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ച് പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** എയ്ഡഡ് സ്കൂളാണെന്ന് യോഗം വിലയിരുത്തി. എയ്ഡഡ് സ്ഥാപനങ്ങൾക്ക് ഇതിനായി ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.83 കൊടുമൺ ഗ്രാമപഞ്ചായത്ത്**

**12.08.2021-ലെ DB3/114/2020/തസ്വഭവ കത്തും കൊടുമൺ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.08.2020-ല 2(18)-ാം നമ്പർ തീരുമാനവും ( SRG 465/21 LSGD DB3/114/2020 /LSGD)**

***പ്രോ.നം. 315/21*** ***അടങ്കൽ -4,00,000/-രൂപ (FC Tied Grant)***

***പേര് - മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം വാങ്ങൽ***

ഗ്രാമപഞ്ചായത്തിൽ ഒരു MCF ഉണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് പ്രോജക്ട് കഴിഞ്ഞ വർഷം പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിരുന്നു. വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 31.03.2006 ലെ 86/06/തസ്വഭവ നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ അനുമതി നൽകുന്നു. എന്നാൽ മാലിന്യം ശേഖരിക്കുന്നതിന് പ്രത്യേകം ഡിസൈൻ ചെയ്ത വാഹനമായിരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**(രാവിലെ 10.30 ന് ആരംഭിച്ച യോഗം ഉച്ചയ്ക്ക് 1.30 ന് പിരിയുകയും തുടർന്ന് 5.00 മണിക്ക് വീണ്ടും ആരംഭിക്കുകയും ചെയ്തു. രാത്രി 8.30 ന് യോഗം അവസാനിച്ചു.)**

**യോഗത്തിൽ പങ്കെടുത്തവർ**

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ,. പഞ്ചായത്ത് വകുപ്പ്
5. ഡയറക്ടർ, നഗരകാര്യ വകുപ്പ്
6. ഗ്രാമവികസന കമ്മീഷണർ
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
9. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
10. ഡയറക്ടർ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
11. ഡയറക്ടർ, ശുചിത്വ മിഷൻ (പ്രതിനിധി)
12. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
15. പ്രിൻസിപ്പൽ സെക്രട്ടറി ഫിനാൻസ് (പ്രതിനിധി)
16. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
17. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
18. ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ് (പ്രതിനിധി)
19. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ് ( പ്രതിനിധി)
20. ഡയറക്ടർ ഐ.റ്റി. മിഷൻ (പ്രതിനിധി)
21. മാനേജിംഗ് ഡയറകടർ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള
22. ഡയറക്ടർ, ആരോഗ്യ വകുപ്പ്
23. ഡയറക്ടർ. ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്